# TRICHUR ARCHDIOCESAN BULLETIN

2024 ജനുവരി   വാല്യം: 91   ലക്കം: 01




TAB

**യേശുവും സമരിയാക്കാരിയും** (യോഹ 4, 22)





2023 നവംബർ 25ന് കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവ്വഹിക്കപ്പെട്ട
കൊട്ടേക്കാട് സെന്റ് മേരീസ് ഫൊറോന ഇടവക ദൈവാലയവും അൾത്താരയും



Trichur Archdiocesan Bulletin
# TAB

ESTD:1934

**ജനുവരി 2024**

ലക്കം: 01 | വാല്യം: 91

01

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Daijo Poruthur**

*Design*
smritidesin.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 7 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 11 |
| സഹായമെത്രാന്റെ പരിപാടികൾ | 13 |
| നാളാഗമം | 15 |
| നാമകരണ നടപടികൾ | 21 |
| വൈദികർ | 25 |
| സന്യസ്തർ | 28 |
| സാമ്പത്തിക കാര്യാലയം | 33 |
| വിശ്വാസ പരിശീലനം | 34 |
| സ്ഥാപനങ്ങൾ | 46 |
| സംഘടനകൾ | 68 |



# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

2482/2023 / 01.12.2023 C- 8

മിശിഹായിൽ പ്രിയ വൈദികരെ, സമർപ്പിതരെ, സഹോദരി സഹോദരന്മാരെ,

ലോകരക്ഷകനായ യേശുനാഥന്റെ തിരുപ്പിറവിക്കായി നമ്മെതന്നെ ആത്മീയമായി സജ്ജരാക്കുന്നതിനുവേണ്ടിയുള്ള 25 നോമ്പിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ അവസരത്തിൽ നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ട് ആത്മീയക്കരുത്ത് നേടി ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

വചനം മാംസമായി അവതരിച്ച യേശുവിന്റെ തിരുപ്പിറവിക്ക് തിരുസ്സഭ നമ്മെ ഒരുക്കുന്ന കാലമാണ് മംഗളവാർത്തക്കാലം. മംഗളവാർത്തക്കാലം വചന പാരായണ മാസമായാണ് കേരളസഭ ആചരിക്കുന്നത്. വചനം വായിക്കാനും, ധ്യാനിക്കാനും ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഈ നോമ്പ് കാലഘട്ടത്തിൽ നാം പ്രത്യേകം താത്പര്യം കാണിക്കണം.

നമ്മുടെ എല്ലാ കുടുംബങ്ങളിലും പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും ബൈബിൾ ആഘോഷമായി വായിക്കുന്ന പതിവ് പ്രോത്സാഹിപ്പിക്കണം. പള്ളികളിലും സ്ഥാപനങ്ങളിലും നിശ്ചിതസമയം പൊതുവായി ബൈബിൾ വായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുവാൻ

പ്രത്യേകം താത്പര്യമെടുക്കണം.

**1. ദിവ്യകാരുണ്യ കോൺഗ്രസ്സ്:** കേരള സഭാനവീകരണത്തിന്റെ ഭാഗമായി കെ. സി. ബി. സി. ആഹ്വാനം ചെയ്ത ദിവ്യകാരുണ്യ കോൺഗ്രസ്സ് അതിരൂപതാതലത്തിൽ ദിവ്യകാരുണ്യ സെമിനാർ, ദിവ്യകാരുണ്യപ്രദക്ഷിണം എന്നീ പരിപാടികളോടെ ഡിസംബർ 10 ഞായറാഴ്ചയാണ് നടത്തുന്നത്. ദിവ്യകാരുണ്യ സെമിനാർ പ രി. വ്യാകുലമാതാവിൻ ബസിലിക്കയിൽ രാവിലെ 9:30 മുതൽ ഉച്ചക്ക് 1 മണി വരെയാണ് നടത്തപ്പെടുന്നത്. മുമ്പ് അറിയിച്ചിരുന്നതുപോ ലെ ഈ സെമിനാറിന് ഇടവകകളിൽ നിന്ന് 4 പ്രതിനിധികളെ (2 പേർ മതാധ്യാപകർ) പറഞ്ഞയക്കേണ്ടതാണ്. പേരുകൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഉച്ചകഴിഞ്ഞ് 2:30ന് വി. കുർബാന. അതിനുശേഷം 4 മണിക്ക് ബസിലിക്കയിൽ നിന്നും ലൂർദ്ദ് കത്തീഡ്രൽ ദൈവാല യത്തിലേക്ക് ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുന്നു.

ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ഇടവകകളിൽ നിന്നും വിശ്വാസികളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കണം. അൾത്താരബാലന്മാരേയും ഈ വർഷം ആദ്യകുർബാനസ്വീകരണം നടത്തിയ കുട്ടികളെയും അവരുടെ യൂണിഫോമിൽ കൊണ്ടുവരു ന്നതിന് ശ്രദ്ധിക്കണം. ദർശനസഭക്കാരും അവരുടെ ഓപ്പയും മോറി സും കൊണ്ടുവരേണ്ടതാണ്. കഴിയുന്നത്ര ആളുകൾ വെള്ള വസ്ത്രം ധരിച്ചു വരുന്നത് നന്നായിരിക്കും. വൈദികരെല്ലാവരും ഗോൾഡൻ നിറത്തിലുള്ള ഊറാറ ധരിച്ചാണ് പ്രദക്ഷിണത്തിൽ പങ്കെടുക്കേണ്ടത്. ജനങ്ങൾക്കു വരുന്നതിനുള്ള വാഹനസൗകര്യം പള്ളിയിൽ നിന്നു ഏർപ്പെടുത്തണം. അന്നേദിവസം ഉച്ചകഴിഞ്ഞ് പള്ളിയിൽ മറ്റു പ രിപാടികളോ തിരുകർമ്മങ്ങളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

**2. കാരുണ്യനിധി കവറുകൾ:** ക്രിസ്തുമസ്സിനോടനുബന്ധിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ നിങ്ങളേവരേയും ക്ഷണിക്കുന്നു. അതിരൂപതയുടെ കാരുണ്യനിധിയിലേക്ക് സംഭാവന നൽകുന്നതിനുള്ള കവറുകൾ കുടുംബയൂണിറ്റുകൾ വഴി നിങ്ങളുടെ വീടുകളിലേക്ക് എത്തിക്കും. ഈ വർഷത്തെ കാരുണ്യനിധി കളക്ഷൻ അതിരൂപതയുടെ പൊതുവായ കാരുണ്യ പ്രവർത്തന ങ്ങൾക്കും എവുപ്രാസ്യാ മിഷനും വേണ്ടിയുള്ളതാണ്.

കാരുണ്യനിധിയെപ്പറ്റി എല്ലാ കുടുംബങ്ങൾക്കുള്ള കത്ത് ബഹു. വികാരിയച്ചന്മാർ വഴി വാട്ടസ്ആപ്പിലൂടെ അയച്ചുതരുന്നതാണ്. ബഹു. വികാരിയച്ചന്മാർ ക്രിസ്തുമസ്സിനുശേഷം കാരുണ്യനിധി കവറുകൾ ശേഖരിക്കുയും കവറുകളിൽ നിന്ന് ലഭിക്കുന്ന സംഭാ വനകൾ പള്ളി അക്കൗണ്ടിൽ കയറ്റിയശേഷം ആ സംഖ്യ കാല

താമസം കൂടാതെ അതിരൂപത സാമ്പത്തിക കാര്യാലയത്തിലേക്ക് ചെക്ക് മുഖേന നൽകേണ്ടതുമാണ്.

**3. ബൊവൻ നത്താലെ 2023:** ഈ വർഷത്തെ ബൊവൻ നത്താലെ പതിവുപോലെ ഡിസംബർ 27ന് നടത്തുന്നു. സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും സന്ദേശവുമായി ഈ ഭൂമിയിൽ ജന്മമെടുത്ത ദൈവപുത്രനായ യേശുക്രിസ്തുവിന്റെ തിരുപ്പിറവിയുടെ സന്തോഷം എല്ലാവർക്കുമായി പങ്കുവയ്ക്കുന്ന ഈ സന്ദർഭം കാരുണ്യപ്രവർത്തികളുടെയും ആഘോഷമായി നടത്തുന്നു. ബൊവൻ നത്താലെയുടെ പരിപാടികളിൽ സഹകരിക്കുവാനും, പങ്കുചേരുവാനും ഏവരെയും ക്ഷണിക്കുന്നു.

ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും ആശംസകളും പ്രാർത്ഥനകളും ഏവർക്കും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

ഈശോയിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews mar Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

# കച്ചേരി വാർത്തകൾ

## 1. ഓർമിക്കേണ്ട ദിവസങ്ങൾ
## ജനുവരി 2024

1 : നമ്മുടെ കർത്താവിന്റെ നാമകരണം
3 : വി. കുരിയാക്കോസ് ഏലിയാസ്
5 : ആദ്യവെള്ളി
ദൈവമാതൃത്വതിരുനാൾ
6 : ദനഹാതിരുനാൾ
7 : ദനഹാ ഒന്നാം ഞായർ
12 : വി. യോഹന്നാൻ മാംദാന
14 : ദനഹാ രണ്ടാം ഞായർ
വി. ദേവസഹായം പിള്ള
18 : സഭൈക്യവാരം തുടങ്ങുന്നു
19 : വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ
20 : വി. സെബസ്ത്യാനോസ്
21 : ദനഹാ മൂന്നാം ഞായർ
22 : മൂന്നു നോമ്പ്
24 : വി. ഫ്രാൻസിസ് സാലസ്
25 : സഭൈക്യവാരം അവസാനിക്കുന്നു
വി. പൗലോസിന്റെ മാനസാന്തരം
26 : വി. സുവിശേഷകന്മാർ
വി. തിമോത്തിയോസ്, വി. തിത്തോസ്
28 : ദനഹാ നാലാം ഞായർ
വി. തോമസ് അക്വിനാസ്
30 : ലോകസമാധാനദിനം
31 : വി. ജോൺ ബോസ്കോ

## 2. ജനുവരി മാസത്തെ പരിപാടികൾ

15-19 : നവവൈദികർക്കുള്ള പരിശീലനപ്രോഗ്രാം
16 : ആലോചനസമിതിയോഗം (10:30 am)
26 : മതബോധന സർവ്വീസ് അവാർഡ്
29 : വൈദികസമ്മേളനവും, നവവൈദികർക്കുള്ള സ്വീകരണവും

### 3. ദനഹാക്കാലം

ഉദയം, പ്രത്യക്ഷവത്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് 'ദനഹാ'. ദനഹാക്കാലത്തിൽ ജോർദ്ദാൻ നദിയിൽ വച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പ്രത്യക്ഷവത്ക്കരണമാണ് അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു: 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (മത്താ.3:7). പരിശുദ്ധ ത്രിത്വരഹസ്യം ഈശോമിശിഹായുടെ മാമ്മോദീസയിൽ വെളിവാക്കപ്പെട്ടു.

ജനുവരി ആറാം തീയതി ആഘോഷിക്കുന്ന കർത്താവിന്റെ 'ദനഹാ'ത്തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടുകുത്തി'പ്പെരുന്നാളെന്നും തെക്കൻ ഭാഗങ്ങളിൽ 'രാക്കുളി' പ്പെരുന്നാളെന്നും വിളിക്കാറുണ്ട്.

മിശിഹായുടെ പരസ്യജീവിതം അനുസ്മരിക്കുന്ന ദനഹാക്കാലത്തെ പ്രഘോഷണങ്ങളെല്ലാം അവിടുത്തെ വ്യക്തിത്വത്തിലേക്കാണ് നമ്മെ നയിക്കുന്നത്. മിശിഹാ പാപികളെ തേടിവന്നവനാണെന്നും പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്നും ദൈവപുത്രനായ മിശിഹാ വഴിയാണ് രക്ഷയും പാപങ്ങളിൽ നിന്നുള്ള മോചനവുമെന്നും ഈ കാലത്തിൽ സഭ നമ്മെ പഠിപ്പിക്കുന്നു.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

## 4. യുവവൈദികരുടെ തുടർപരിശീലനം

### നവവൈദികർ

തൃശ്ശൂർ അതിരൂപതക്കുവേണ്ടി 2023 ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്കു വേണ്ടിയുള്ള Initiation Programme 2024 ജനുവരി 15 തിങ്കൾ വൈകിട്ട് 6 മുതൽ 19 വെള്ളി ഉച്ചവരെ ഡി. ബി. സി. എൽ. സി. യിൽ പറോക്കിന്റെ നേതൃത്വത്തിൽ നടത്തുന്നു. അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിലൂടെ നവവൈദികർ ആരംഭിക്കുന്ന പൗരോഹിത്യ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകുന്നതിന് സഹായമാകുന്ന രീതിയിലാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ നവവൈദികരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

### 2019-2022 തിരുപ്പട്ട സ്വീകരണബാച്ചുകൾ

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2019-2022 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2024 ഫെബ്രുവരി 19 തിങ്കൾ രാവിലെ 9:30 മുതൽ 20 ചൊവ്വ വൈകിട്ട് 7 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. Crisis Management in Priestly Life and Ministries എന്ന വിഷയത്തെ ആസ്പദമാക്കി യുവവൈദികരുടെ അജപാലന ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാക്കാൻ ഉതകുന്ന വിധത്തിലാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്വങ്ങളും ക്രമീകരിച്ച് ഈ പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പു വരുത്തുമല്ലോ.

### 2016-2018 തിരുപ്പട്ട സ്വീകരണബാച്ചുകൾ

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2016-2018 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2024 മാർച്ച് 11 തിങ്കൾ രാവിലെ 9:30 മുതൽ 12 ചൊവ്വ വൈകിട്ട് 7 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. Decision Making Skills എന്ന വിഷയത്തെ കേന്ദ്രീകരിച്ച് യുവവൈദികരുടെ അജപാലന ശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പരിശീലന പ്രോഗ്രാം ലക്ഷ്യമിടുന്നു. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്വങ്ങളും ക്രമീകരിച്ച് ഈ പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പു വരുത്തുമല്ലോ.


## 5. വൈദികസമ്മേളനവും, നവവൈദികർക്ക് സ്വീകരണവും

വൈദികസമ്മേളനവും, നവവൈദികർക്കുള്ള സ്വീകരണവും 2024 ജനുവരി 29ന് തിങ്കൾ രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**6. വൈദികനിയമനം:**

1. ഫാ. റോയ്സൺ കൊള്ളന്നൂർ – ഷംഷാബാദ് രൂപതയിലെ എവുപ്രാസ്യ മിഷനിൽ സേവനത്തിന് അനുവാദം, വികാരി വെളുത്തൂർ & കപ്ലോൻ എഫ്. സി. സി. ഒഴിവായി; സാധുത 2023 നവംബർ 29 മുതൽ.

2. ഫാ. ജസ്റ്റിൻ കൈതാരത്ത് – വികാരി വെളുത്തൂർ & കപ്ലോൻ എഫ്. സി. സി. കൂടി; സാധുത 2023 നവംബർ 29 മുതൽ.



**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

അപ്പസ്തോലൻമാരെ
തെരഞ്ഞെടുക്കുന്നു

**പിന്നെ, അവൻ**
**മലമുകളിലേക്കു കയറി**
**തനിക്ക് ഇഷ്ടമുള്ളവരെ**
**അടുത്തേക്കു വിളിച്ചു.**

**(മാർക്കോ 3, 13)**

# ENGAGEMENTS

## JANUARY 2024

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | | Holy Mass at Aranattukara parish |
| 02 | Tue | | Episcopal Silver Jubilee of Mar Mathew Moolakkat at Kottayam |
| 04 | Thu | Morning | JMMC Hospital day |
| | | Afternoon | Centenary Celebration of St. Clare's School, Thrissur |
| 05 | Fri | Afternoon | Priestly Ordination of Dn. Martin Olakkengal OSB. Cam at Cheroor |
| | | | Silver Jubilee Celebrations of St. Antony's HSS Ammadam |
| 06 | Sat | Afternoon | Priestly Ordination of Dn. Tony Edathuruthikkaran OFM Cap. at Vijayamatha Church Chiyyaram |
| 08-13 | | | Syro-Malabar Bishops' Synod |
| 14 | Sun | Morning | Golden Jubilee Celebrations of FCC sisters at Guruvayur |
| 15 | Mon | Morning | Inauguration: Initiation program for new priests at DBCLC |
| 16 | Tue | Morning | Holy Mass with new priests at Arch bishop's House |
| | | | Consulters' meeting |
| | | Afternoon | Jubilee Celebrations: Parappur School |
| 17 | Wed | Morning | Holy Mass at Marymatha Major Seminary |
| | | Afternoon | Platinum Jubilee: St. Antony's HS Pazhuvil |

| | | | |
|---|---|---|---|
| | | | Reception to new priests @ Bishop's House |
| 18 | Thu | Morning | Holy Mass & blessing of renovated Facade at Wadakkanchery Church |
| | | Afternoon | Centenary Celebrations: SH of Mary's CGHS, Kandassankadavu |
| 19 | Fri | Morning | Initiation program for new priests at DBCLC |
| 20 | Sat | Morning | Golden Jubilee Celebrations of CMC Congregation at Kuriachira |
| | | Afternoon | Episcopal Ordination of Msgr. Ambrose Puthenveetil at Kottapuram<br>Golden Jubilee Celebrations at Valakkavu |
| 21 | Sun | Afternoon | Blessing of new convent of DDP sisters at Nellankara |
| 26 | Fri | Afternoon | Catechism Service Award Day at DBCLC |
| 27 | Sat | Evening | Diamond Jubilee Celebrations at Varadiyam |
| 28 | Sun | Afternoon | Children's Ministry Award Day at DBCLC |
| 29 | Mon | | Priests' Conference and reception to new priests at DBCLC |
| 30-31 | | | CBCI Plenary Assembly at Bangalore |

# ENGAGEMENTS

## JANUARY 2024

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | Morning | Ordintion Dn. Paulose Mattathil MCBS @ Valakkavu |
| | | Afternoon | Ordintion Dn. Jibin Puthiyakunnel SDV @ Cherumkuzhy |
| 02 | Tue | Morning | Ordintion Dn. Donal Pulikkottil @ Edakkalathur |
| | | Afternoon | Saints Quiz Archdiocesan Level Prize Distribution |
| 03 | Wed | Afternoon | Old Teachers and Students Meet @ St.Clares' Girls L. P. School Thrissur |
| 04 | Thu | Morning | Fourth Child Baptism @ Ollur Mary matha |
| | | | Jubilee Mission Hospital Day |
| | | Evening | Mass @ Olarikkara CHF Provincial House |
| 05 | Fri | Afternoon | Annual Day @ CJM |
| | | Evening | Thirunnal Kodiettam @ Machad |
| 06 | Sat | Morning | Annual Day @ St. Thomas School |
| | | | Research Scholars Meet and National Conference @ STC |
| | | | H. Mass @ Pavaratty |
| | | Evening | Kooduthurakkal @ Aranattukkara |
| 07 | Sun | Afternoon | Catholic Congress Annual General Body |

| | | | |
|---|---|---|---|
| | | Evening | H. Mass @ Nandipulam |
| 08-13 | | | SYNOD |
| 14 | Sun | Morning | Kothamangalam |
| | | Evening | H. Mass @ Pazhayannur |
| 15 | Mon | Afternoon | Annual Day @ Ashabhavan Padavarad Ramanathapuram |
| 16 | Tue | Morning | Consulters' meeting |
| | | Afternoon | Annual Day @ St. Sebastian, Nellikunnu |
| 17 | Wed | Morning | Holy Mass @ DBCLC |
| | | | Inter Church Council Bishops Meet |
| 18 | Thu | Morning | Fourth Child Baptism @ Pattikkad |
| | | | SLMI Sisters Silver Jubilee @ West Fort |
| 19 | Fri | Afternoon | Visitors Time |
| 20 | Sat | Morning | Mass @ Cherupushpam FC, Guruvayur |
| | | | Episcopal Ordination@Kottappuram |
| 21 | Sun | All Day | Pastoral Visit @ Vettukad |
| | | Afternoon | Annual Day @ Mukkattukara L. P. School |
| 24 | Wed | Morning | Fourth Child Baptism @ Thiroor |
| | | Evening | Annual Day @ CGHS Ollur |
| 25 | Thu | Morning | Fourth Child Baptism @ Chengalur |
| | | | For Priest and Religious |
| | | Afternoon | Vestition @ Mannuthy Provincial House |
| 26 | Fri | Afternoon | Catechism Award Day |
| 27 | Sat | Evening | H. Mass @ Valakkavu |
| 28 | Sun | Afternoon | Childrens Ministry -Prize Distribution @ DBCLC |
| 29 | Mon | All Day | Transfer Announcement and Reception to New Priests |



# നാളാഗമം

## നവംബർ 2023

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മരത്താക്കര ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയ സെമിത്തേരി വെഞ്ചിരിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ Talents Day യിൽ പങ്കെടുത്തു.
2. അഭിവന്ദ്യ താഴത്ത് പിതാവ് സകല മരിച്ചവരുടെയും ഓർമ്മ ദിനത്തിൽ ലൂർദ് കത്തീഡ്രൽദേവാലയത്തിൽ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ബസിലിക്കയിൽ സകല മരിച്ചവർക്കും വേണ്ടി ദിവ്യബലി അർപ്പിച്ചു
3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ലൂർദ് കത്തീഡ്രൽ ഇടവകയുടെ തിരുനാളിന് കൊടിയേറ്റം നടത്തി ദിവ്യബലി അർപ്പിച്ചു
4. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ഹോം ഡേയോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച ബിഷപ്പ് ജോർജ് ആലപ്പാട്ടിന്റെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു.

5. അഭിവന്ദ്യ താഴത്ത് പിതാവ് ഗോരക്പൂരിൽ നടന്ന അഭിവന്ദ്യ മാർ മാത്യു നെല്ലിക്കുന്നിൽ പിതാവിന്റെ മെത്രാഭിഷേക തിരുകർമ്മത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കണ്ണംകുളങ്ങര ഇടവകയിൽ തിരുനാൾ കൊടിയേറ്റം നടത്തി ദിവ്യബലി അർപ്പിച്ചു. ഉച്ചയ്ക്ക് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന Deaf & Dump സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപത ഗായക സംഘത്തിന്റെ ഇലക്ഷനിൽ പങ്കെടുത്തു. വൈകുന്നേരം കൂട്ടാല ഇടവകയിൽ ദൈവാലയത്തിന്റെ മുഖവാരം വെഞ്ചിരിച്ച് ദിവ്യബലി അർപ്പിച്ചു.
6. അഭിവന്ദ്യ താഴത്ത് പിതാവ് ഡൽഹിയിലുള്ള സി.ബി.സി.ഐ. ഓഫീസിൽ സന്ദർശിക്കുകയും മീറ്റിങ്ങുകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ബിഷപ്പ് ജോർജ് ആലപ്പാട്ടിന്റെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് കരാഞ്ചിറ സെന്റ്. പയ്യസ് കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു. നെടുപുഴ ദേവാലയത്തിൽ എം.എസ്.എം.ഐ സിസ്റ്റേഴ്സിന്റെ സഭാ വസ്ത്രസ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ബിഷപ്പ് ജോർജ് ആലപ്പാട്ടിന്റെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ചു. ആർച്ച് ബിഷപ്പ് ഹൗസിൽ വച്ച് നടന്ന എക്കുമെനിക്കൽ മീറ്റിങ്ങിൽ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് റാഞ്ചിയിൽ സി.ബി.സി.ഐ.യുടെ കീഴിലുള്ള മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ദിനാഘോഷങ്ങളിൽ പങ്കെടുക്കുകയും കോൺസ്റ്റന്റ് ലീവൻസ് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന് തറക്കല്ലിടുകയും ചെയ്തു.
8. അഭിവന്ദ്യ പിതാക്കന്മാർ മേരിമാതാ മേജർ സെമിനാരിയുടെ ഹോം ഡെയിൽ പങ്കെടുത്തു.
9. ബോൺ നത്താലെ ആഘോഷത്തിന്റെ ഭാഗമായി വരാക്കര ഇടവകയിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ താഴത്ത് ആൻഡ്രൂസ് പിതാവ് നിർവഹിച്ചു.
10. തൃശ്ശൂർ അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന ഫൊറോനാ വികാരിമാരുടെയും ആലോചന സമിതിയുടെയും യോഗങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആനിമേഷൻ സെന്ററിൽ ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം വടൂക്കര ഇടവകയിൽ തിരുനാൾ കൊടിയേറ്റം നടത്തി ദിവ്യബലി അർപ്പിച്ചു.
11. ചാഴൂർ ഇടവകയിൽ എഫ്.സി.സി. സന്യാസസമൂഹത്തിലെ അർത്ഥിനികളുടെ ആദ്യവ്രത വാഗ്ദാനത്തിന് അഭിവന്ദ്യ താഴത്ത്

പിതാവ് കാർമ്മികത്വം വഹിച്ചു. അതിരൂപത അഡ്വക്കേറ്റ്സ് ഫോറത്തിന്റെ പുതിയ ഓഫീസ് ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് പാസ്റ്റർ കൗൺസിൽ അവാർഡ് ഡേ യോഗത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ബൊൻ നത്താലെ കമ്മിറ്റി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മണ്ണുത്തി ഇടവകയിൽ വച്ച് സമരിറ്റൻ സിസ്റ്റേഴ്സിന്റെ ഗോൾഡൻ സിൽവർ ജൂബിലി ആഘോഷത്തിന്റെ ദിവ്യബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് പാസ്റ്റർ കൗൺസിൽ അവാർഡ് ദിനത്തിൽ പങ്കെടുത്തു. വൈകുന്നേരം ആർച്ച് ബിഷപ്പ് ഹൗസിൽ നടന്ന ബോൺ നത്താലെ പബ്ലിക് മീറ്റിങ്ങിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാൾ ദിവ്യബലി അർപ്പിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപത മാധ്യമ അവാർഡുകൾ വിതരണം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചിയ്യാരം വിജയമാതാ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

13–14. പൂനെ പേപ്പൽ സെമിനാരിയിൽ വച്ച് നടന്ന ദേശീയ കരിസ്മാറ്റിക് കൺവെൻഷൻ പങ്കെടുത്ത് അഭിവന്ദ്യ താഴത്ത് പിതാവ് സന്ദേശം നൽകി. പൂനെ പേപ്പൽ സെമിനാരി, എൻ. വി. എസ്. ഇ., സി.എം. ഐ., സി.എം. സി. തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ചു.

15. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കൊഴുക്കുള്ളി ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി.

16. അഭിവന്ദ്യ പിതാക്കന്മാർ പാലക്കാട് നടന്ന ഇന്റർ കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു.

17. ജൂബിലി ട്രസ്റ്റ് യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു.

18. തൃശ്ശൂർ അതിരൂപതയിലെ സമർപ്പിതരുടെ ജൂബിലി ആഘോഷങ്ങൾ അഭിവന്ദ്യ പിതാക്കന്മാരുടെ സാനിധ്യത്തിൽ ആഘോഷിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാത്രി സെന്റ് തോമസ് കോളേജ് ഫാമിലി മീറ്റിൽ പങ്കെടുത്തു.

19. കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ ലൂർദ്ദ് ദൈവാലയത്തിൽ യുവ കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ യോഗം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. ദൈവശബ്ദം ബൈബിൾ കൺവെൻഷനിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകിട്ട് മേരിമാതാ മേജർ സെമിനാരിയുടെ നേതൃ

ത്വത്തിൽ പൊങ്ങണംകാട് ഇടവകയിൽ സംഘടിപ്പിച്ച യുവജന സംഗമത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അമല മെഡിക്കൽ കോളേജിൽ വച്ച് സംഘടിപ്പിച്ച നൈറ്റിംഗിൽസ് മീറ്റ് 2ഗ23 പ്രോഗ്രാമിൽ ദിവ്യബലി അർപ്പിച്ചു. ലൂർദ് കത്തീഡ്രലിൽ വച്ച് നടന്ന കുടുംബ ക്കൂട്ടായ്മ യുവജന കൺവെൻഷനിൽ പങ്കെടുത്തു. വടക്കാഞ്ചേരി യിൽ സെന്റ് വിൻസന്റ് ഡി പോൾ സംഘടനയുടെ ആനുവൽ ജനറൽബോഡി മീറ്റിംഗിൽ പങ്കെടുത്ത് ഭവനം വെഞ്ചിരിച്ചു. വൈകുന്നേരം ദൈവശബ്ദം ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് സമാപന സന്ദേശം നൽകി.

20. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് എറവ് ഇടവകയിൽ വച്ച് ഊക്കൻ സജി-ബിൻസി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. തുടർന്ന് എങ്ങണ്ടിയൂരിൽ ഫാ. സെബാസ്റ്റ്യൻ ഫ്രാൻസിസ് പൊറത്തൂർ കിട്ടൻ അച്ചന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. എങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റൽ ഡേയുടെ ഭാഗമായി വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകിട്ട് കാൽവരി ആശ്രമത്തിൽ സന്ദർശനം നടത്തുകയും വൈദിക വിദ്യാർഥികളുമായി സംവാദത്തിൽ ഏർപ്പെടുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂർ ഇടവകയിൽ നാലാമത്തെ രണ്ട് കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നൽകി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി ദിവ്യബലി അർപ്പിച്ചു. രാത്രി പാക്റ്റ് ഫാമിലി മീറ്റിൽ പങ്കെടുത്തു.

21. തൃശ്ശൂർ സെൻറ് ആൻസ് സ്കൂളിലെ പുതിയ സ്കൂൾ കെട്ടിടത്തിന്റെ ആശീർവ്വാദകർമ്മം അഭിവന്ദ്യ താഴത്ത് പിതാവ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് ലൂർദ് കത്തീഡ്രൽ ദൈവാലയ അങ്കണത്തിൽവച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മെഗാ കോൽക്കളി ഉദ്ഘാടനം ചെയ്തു. വൈകിട്ട് ചാവക്കാട് സാന്ത്വനതീരം കടൽത്തീരത്ത് വച്ച് കടലും കരയും വെഞ്ചിരിക്കു കയും ഭാരതപ്രവേശന തിരുനാൾ ആഘോഷിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നെല്ലിക്കുന്ന് ഇടവകയിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ സംഘടിപ്പിച്ച മാതൃവേദി കോൽക്കളി ഉദ്ഘാടനത്തിൽ പങ്കെടുത്തു. വൈകുന്നേരം മരത്താക്കര കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു.

22. പുല്ലഴി സെന്റ്. ജോസ്ഫ്സ് ഹോമിലെത്തി പൗരോഹിത്യത്തിന്റെ

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട പോൾ ചിറ്റിലപ്പിള്ളി അച്ചന് അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മംഗളങ്ങൾ നേർന്നു. കുരിയച്ചിറ ഇടവകയിൽ വച്ച് നടന്ന ബഹു. ഡൊമിനിക് വളമനാൽ അച്ചന്റെ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും വചന സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ വച്ച് അത്‌ലറ്റിക് താരം ആൻസി സോജനെ ആദരിച്ച ചടങ്ങിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജ് ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പള്ളിക്കുന്ന് ഇടവകയിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി ദിവ്യബലി അർപ്പിച്ചു. ഉച്ചയ്ക്ക് പഴുവിൽ സെന്റ് മേരീസ് റിട്രീറ്റ് സെന്ററിൽ ദിവ്യബലി അർപ്പിച്ചു.

24. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ബസിലിക്കയിൽ തിരുനാൾ കൂടുതുറക്കൽ നടത്തി ദിവലി അർപ്പിച്ചു.

25. പുതുതായി നിർമ്മിച്ച കൊട്ടേക്കാട് ഫൊറോന പള്ളി അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവദിച്ചു. തൃശ്ശൂർ അതിരൂപതയിലെ കൈകാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ജോർജ് തേർമഠം അച്ചന് അഭിവന്ദ്യ പിതാക്കന്മാർ തലക്കോട്ടുകരയിലുള്ള വീട്ടിൽ സന്ദർശിച്ച് ജൂബിലി ആശംസകൾ നേർന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മരത്താക്കര ഇടവകയിൽ തിരുനാൾ കൂടുതുറക്കൽ നടത്തി ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം പറപ്പൂർ ഇടവകയിൽ തിരുനാൾ കൂടുതുറക്കൽ നടത്തി ദിവ്യബലി അർപ്പിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്ക ദേവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് നവീകരിച്ച വലപ്പാട് ഇടവക ദേവാലയം ആശിർവദിച്ചു. അതിനുശേഷം മനക്കൊടിയിലെ സാവിയോ ഹോം സന്ദർശിച്ച് വാർഷിക ആഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കൊട്ടേക്കാട് ഇടവകയിൽ ആദ്യകുർബാന സ്വീകരണം നടത്തി. ഉച്ചകഴിഞ്ഞ് കാവീട് ഇടവകയിൽ ആരംഭിക്കുന്ന ഹിന്ദി കുർബാനയുടെ ഉദ്ഘാടനം നടത്തി. കുരിയച്ചിറ ഇടവകയിൽ

നടന്ന കൃപാഭിഷേക ധ്യാനത്തിന് സമാപന സന്ദേശം നൽകി.

27. രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് കണ്ടശാങ്കടവ് സി.എം.സി. കോൺവെന്റിൽ ബഹു. സി. റൊഗേഷൻ സി.എം. സി. യുടെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കൊട്ടേക്കാട് ഇടവകയിൽ വച്ച് ഡീക്കൻ വിൻഗോ മുരിയാടന് തിരുപ്പട്ടം നൽകി.


27-28. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അതിരൂപത വൈദികരുടെ പിക്നിക്കിൽ പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് പൂച്ചിന്നിപ്പാടം ഇടവകയിൽ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

29. ഉച്ചതിരിഞ്ഞ്  പാവറട്ടിയിൽ 36-ാമത് തീരദേശ കൺവെൻഷൻ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുല്ലഴി ക്രിസ്റ്റീന ഹോമിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് മേരിമാതാ മേജർ സെമിനാരിയിൽ വൈദികരുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യപിതാക്കന്മാർ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകുന്നേരം വലപ്പാട് ഇടവകയിൽ ദിവ്യബലി അർപ്പിച്ചു.

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




ഡിസംബർ മാസത്തെ രണ്ടാം ശനിയാഴ്ചാചരണം 09.12.2023-ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദേവാലയത്തിൽവെച്ച് ആചരിക്കുകയുണ്ടായി. തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികനായി വചനസന്ദേശവും ആരാധനയും നടത്തിയത് പോട്ട ചെറുപുഷ്പ ഇടവകയിലെ അസി. വികാരി ബഹു. അനൂപ് പാട്ടത്തിൽ അച്ചനായിരുന്നു. പോട്ട ഡി പോൾ പ്രവിശ്യാ ഭവനത്തിലെ സഹോദരിമാരായിരുന്നു ജപമാലക്ക് നേതൃത്വം നല്കിയത്. പോട്ട ചെറുപുഷ്പ ഇടവകയിലെ ധാരാളം വിശ്വാസികളും ആദ്യന്തം തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. തിരൂർ പുലിക്കോട്ടിൽ താരു ബാബു & ഫാമിലിയാണ് ഇന്നത്തെ തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. ധന്യൻ അഗസ്റ്റിൻ ഊക്കനച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന ഈ പുണ്യ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുവാനും

വചനം പങ്കുവെയ്ക്കുവാനും മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കാനും സാധിച്ചതിന്റെ ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ടാണ് ബഹു. അനൂപച്ചൻ തന്റെ സന്ദേശം തുടങ്ങിയത്.

ഒരു കാലഘട്ടത്തിന്റെ വലിയ നന്മയുടെ അടയാളമാണ് ഊക്കനച്ചൻ. ഈപ്രദേശത്തിന് മലമുകളിൽ ഉയർത്തപ്പെട്ട പട്ടണവും, നന്മയുടെ വെളിച്ചവും സുകൃതത്തിന്റെ നിക്ഷേപവുമൊക്കെയായിരുന്നദ്ദേഹം. ഈ പുണ്യപിതാവിന്റെ വിശുദ്ധ ജീവിതത്തിൽ പ്രചോദിതരായിട്ടാണ് പല രാജ്യങ്ങളിലും ധാരാളം വ്യക്തികൾ തങ്ങളുടെ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത്. നന്മ ചെയ്യുവാൻവേണ്ടി സമയമോ കാലമോ, രൂപമോ ഒന്നുംതന്നെ ശ്രദ്ധിക്കേണ്ടയെന്നദ്ദേഹം പഠിപ്പിച്ചു. പരിധിയില്ലാതെ സഹായം ചെയ്യുവാൻ ഊക്കനച്ചൻ പ്രേരിപ്പിച്ചു. കാരുണ്യപ്രവർത്തികളുടെ മാതൃകയാണദ്ദേഹം. ഇന്ന് ചാരിറ്റി സഹോദരിമാരിലൂടെ ദൈവജനം അവ അനുഭവിച്ചു കൊണ്ടിരിക്കുന്നു. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കാനവരെ പ്രേരിപ്പിക്കുന്നതും ഈ പുണ്യപിതാവിന്റെ ജീവിതമാതൃക തന്നെ! ഒരാളുപോലും നഷ്ടപ്പെടരുത് എന്ന നിഷ്കർഷയോടെ ആത്മാക്കളെ രക്ഷിക്കുവാൻ ഊക്കനച്ചൻ അശ്രാന്തപരിശ്രമം നടത്തി. ദൈവത്തിലേക്ക് ഏവരേയും ആകർഷിക്കാനുള്ള പ്രത്യേക പാടവവും ജോണച്ചന് സ്വന്തമായിരുന്നു. അപരനെ ആകർഷിച്ച് സുവിശേഷം അദ്ദേഹം പ്രഘോഷിച്ചു. ധന്യനായ ഊക്കനച്ചനെപോലെ സുവിശേഷമായി മാറുവാനും, അപരനെ ദൈവത്തിലേക്കടുപ്പിക്കുവാനും നമുക്ക് സാധിക്കട്ടെ. ഈ പുണ്യാത്മാവിന്റെ മധ്യസ്ഥ്യം നമുക്ക് തേടാം.

ചൊവ്വന്നൂർ ഇടവക വികാരി ബ. ഫാ. തോമസ് ചൂണ്ടൽ ഏവർക്കും സ്വാഗതവും, നന്ദിയും രേഖപ്പെടുത്തി.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



മാനസാന്തരവും പുതിയ ജീവിതവും ദൈവദാസൻ അന്തോണിയച്ചന്റെ വിചിന്തനങ്ങളിൽ സുപ്രധാമായവയാണ്.

മാനസാന്തരം ആവശ്യമില്ലാത്ത 99 നീതിമാന്മാരേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുമെന്ന് ഞാൻ പറയുന്നു (ലൂക്ക 15:17). നഷ്ടപ്പെട്ട ഒരു മകൻ തിരിച്ചുവരുമ്പോൾ ദൈവത്തിന് അനന്തമായ സന്തോഷമുണ്ടാകുന്നു. ഇതേ അർത്ഥം വരുന്ന സങ്കീർത്തനം 32:1 അച്ചൻ ഉദ്ധരിക്കുന്നു. 'തങ്ങളുടെ തെറ്റുകൾ പൊറുക്കപ്പെട്ടവരും തങ്ങളുടെ പാപങ്ങൾ മോചിക്കപ്പെട്ടവരും ഭാഗ്യവാന്മാർ' (സങ്കീ. 32:1). സ്വർഗ്ഗത്തിലെ സന്താഷവുമായി ബന്ധപ്പെടുത്തി മാലാഖമാർ ക്രിസ്തുവിനോടു കൂടി സന്തോഷിക്കുന്നതിനെപ്പറ്റി അച്ചൻ പറയുന്നു. മൂന്നു കാരണങ്ങളാണ് മാലാഖമാർക്ക്

ഈ സന്തോഷത്തിനുള്ളത്.

1. ദൈവത്തെ സംബന്ധിച്ച്: അവിടുത്തേക്ക് ഉളവാകുന്ന മഹത്വത്തെക്കുറിച്ച്.

2. മനുഷ്യനെ സംബന്ധിച്ച്: തങ്ങൾതന്നെ അനുഭവിക്കുന്ന നിത്യ സന്തോഷം പങ്കിടുവാൻ മനുഷ്യവർഗം തങ്ങളുടെ കൂടെയുള്ളതിനാൽ.

3. തങ്ങളെപ്പറ്റിത്തന്നെ: മനുഷ്യനെ സഹായിക്കുകയാണ് അവരുടെ കടമ – അവരുടെ ദൗത്യം പൂർത്തയാകുമ്പോൾ അവർ സന്തോഷിക്കുന്നു.

ഈ വിചിന്തനം അച്ചൻ പൂർത്തിയാക്കുന്നത് ചില തിരുവചന ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ്. 'വിധി ദിവസത്തിൽ അവർ കണക്കു കൊടുക്കേണ്ടിവരും'(മത്താ. 12:36).

വിശുദ്ധരിൽ ഒരാൾക്കുപോലും 'എന്റെ ഹൃദയം ശുദ്ധമാണ്' എന്ന് (സുഭാ. 20:9) പറയാൻ കഴിയാതിരിക്കെ, പാവങ്ങളായ നമുക്ക് എങ്ങനെ സാധിക്കും. നഷ്ടപ്പെട്ട കൃപാവരം നാം വീണ്ടെടുത്തെങ്കിൽ നാം നിലനിൽക്കുമെന്ന് ആർക്ക് ഉറപ്പു നല്കാനാകും. തന്റെ വിശുദ്ധരിൽ മാറ്റമില്ലാത്തവരായി ആരുമില്ല' (ജോബ് 15:15).

ദൈവത്തിന്റെ മുമ്പിൽ നമ്മുടെ അയോഗ്യതയെക്കുറിച്ച് ഓർക്കാൻ ഈ വചനങ്ങൾ ഉപകരിക്കും. 'ഈ ദാസനെ ന്യായവിസ്താരത്തിന് വിധേയനാക്കരുതെ. എന്തെന്നാൽ ജീവിക്കുന്ന ഒരുവനും അങ്ങയുടെ മുമ്പിൽ നീതിമാനല്ല' (സങ്കീ. 143:2). 'ഹൃദയങ്ങളും മനസ്സുകളും പരിശോധിക്കുന്നവനാണ് ഞാൻ' (വെളി 2:23). അവിടുത്തെ ദൃഷ്ടിയിൽ സ്വർഗ്ഗവും നിർമ്മലമല്ല (ജോബ് 15:15).

**വാർത്തകൾ:** ദൈവദാസന്റെ പൗരോഹിത്യ ശതാബ്ദിവർഷത്തിന്റെ ഉദ്ഘാടനം 2023 ഡിസംബർ 22ന് ചേലക്കരയിൽ വച്ച് ദിവ്യബലി മധ്യേ മേരിമാതാ മേജർ സെമിനാരി റെക്ടർ വെരി. റവ.ഫാ. സെബാസ്റ്റ്യൻ ചാലക്കൽ നിർവ്വഹിച്ചു. (1924 ഡിസംബർ 22നാണ് ദൈവദാസൻ അന്തോണിയച്ചൻ പൗരോഹിത്യം സ്വീകരിച്ചത്.)

# വൈദികർ




| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 07 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജോർജ്ജ് നിരപ്പുകാലയിൽ | 09 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 10 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. റിജോ വിതയത്തിൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജീൻ ചിറയത്ത് | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ആന്റണി കൊള്ളന്നൂർ | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 25 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 30 |




| | |
|---|---|
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. റിൻജോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. എഡ്വിൻ ഐനിക്കൽ | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. ഡേവിസ് ചിറമ്മൽ Jr. | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. ഏബിൾ ചിറമ്മൽ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |

| | |
|---|---|
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. സിനോജ് നീലങ്കാവിൽ | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. ജിനു പയ്യപ്പിള്ളി | 20 |
| ഫാ. ജെയ്സൻ പഴയേടത്ത് | 20 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

## ചരമദിനങ്ങൾ
## DEATH DAY

| | |
|---|---|
| ഫാ. മേച്ചേരി ഔസേപ്പ് | 06.01.1916 |
| ഫാ. ഇരിമ്പൻ ഗീവർഗ്ഗീസ് | 01.01.1917 |
| ഫാ. തേറാട്ടിൽ പൊറിഞ്ചു | 31.01.1941 |
| ഫാ. എടത്തുരുത്തിക്കാരൻ ജോൺ | 11.01.1948 |
| ഫാ. മണവാളൻ ജോസഫ് | 18.01.1950 |
| ഫാ. മഞ്ഞളി ഇഗ്നേഷ്യസ് | 10.01.1952 |
| ഫാ. പോട്ടോക്കാരൻ ജേക്കബ് | 02.01.1968 |
| ഫാ. പാലയൂർ മാത്യു | 10.01.1972 |
| ഫാ. മേനാച്ചേരി സിറിയക് | 04.01.1975 |
| ഫാ. കുണ്ടുകുളം പീറ്റർ | 23.01.1976 |
| ഫാ. ആളൂർ പോൾ | 21.01.1982 |

| | |
|---|---|
| മോൺ. അക്കര ജോർജ്ജ് | 21.01.1983 |
| ഫാ. മഞ്ഞളി ജേക്കബ് | 30.01.1984 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.01.1985 |
| ഫാ. കിടങ്ങൻ മാത്യു | 04.01.1989 |
| ഫാ. എലുവത്തിങ്കൽ ജോൺ | 02.01.1990 |
| ഫാ. തരകൻ ആന്റണി | 07.01.1992 |
| ഫാ. തേർമഠം സെബാസ്റ്റ്യൻ | 13.01.1997 |
| ഫാ. ആലപ്പാട്ട് പോൾ Sr. | 08.01.2005 |
| ഫാ. പൊറത്തൂർ ലാസർ | 08.01.2006 |
| ഫാ. മഞ്ഞളി ജോസഫ് ഡി. | 23.01.2006 |
| ഫാ. ചാലക്കൽ ആന്റണി | 06.01.2009 |
| ഫാ. ചാഴൂർ ജോസഫ് | 04.01.2014 |
| മോൺ. തലച്ചിറ തോമസ് | 11.01.2014 |
| ഫാ. അന്തിക്കാട്ട് നിക്കോളസ് | 17.01.2016 |
| ഫാ. ചാലക്കൽ ലൂവീസ് | 15.01.2021 |
| ഫാ. ആന്റണി തെക്കിനിയത്ത് | 27.01.2022 |
| ഫാ. ആന്റണി തോട്ടാൻ | 30.01.2022 |
| ഫാ. ജോസ് ടി. ചിറ്റിലപ്പിള്ളി | 31.01.2022 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### നവംബർ

### സി.ആർ.ഐ. പൊതു വാർത്തകൾ

ഡിസംബർ 7-ാം തീയ്യതി ഉച്ചതിരിഞ്ഞ് 4 മണിക്ക് സിസ്റ്റേഴ്സ് ഓഫ് മൗണ്ട് കാൽവരി മൗണ്ട് കാൽവരി കോൺഗ്രിഗേഷന്റെ റീജിയണൽ ഹൗസ് സെന്റ് ജോസഫ്സ് കോൺവെന്റിൽ വെച്ച് സി.ആർ.ഐ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കേരളസഭാ നവീകരണത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിലേക്കും, ദിവ്യകാരുണ്യപ്രദക്ഷിണത്തിലേക്കും ആരാധനയുടെ സമയത്ത് കത്തിക്കാൻ ആവശ്യമായ എൽ.ഇ.ഡി ലൈറ്റിന്റെ എണ്ണായിരത്തോളം തിരികൾ സി.ആർ.ഐ സ്പോൺസർ ചെയ്യുമെന്ന വിവരം പ്രസിഡണ്ട് എക്സിക്യൂട്ടീവിനെ അറിയിച്ചു. കൂടാതെ ഈ വർഷം ക്രിസ്തുമസിനോടനുബന്ധിച്ച് സി.ആർ.ഐ യുടെ നേതൃത്വത്തിൽ ഭവനമില്ലാത്ത ഒരു നിർധന കുടുംബത്തിന് ഒരു ഭവനം എന്ന നിലയിൽ 7 ലക്ഷം രൂപയുടെ ഒരു സി.ആർ.ഐ. ചാരിറ്റി ഭവനം പണിതുകൊടുക്കാൻ തീരുമാനിച്ചു. നവംബർ 26ന് പാലാരിവട്ടം പി.ഒ.സിയിൽ വച്ചു സംഘടിപ്പിച്ച സംസ്ഥാനതലത്തിലുള്ള സി.ഐർ.ഐ മീറ്റിംഗിന് തൃശൂരിൽ നിന്ന് പ്രതിനിധിയായി സി.ആർ.ഐ സെക്രട്ടറി സിസ്റ്റർ ലെത്തീസിയ പങ്കെടുക്കുകയും തൃശൂർ സി.ആർ.ഐയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

ഒക്ടോബർ 1 മുതൽ ഡിസംബർ 10 വരെ തൃശൂർ അതിരൂപത സംഘടിപ്പിച്ച അഖണ്ഡ ദിവ്യകാരുണ്യ ആരാധനയിൽ എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് 6 മണി മുതൽ രാവിലെ 6 മണിവരെ അഖണ്ഡ ദിവ്യകാരുണ്യ ആരാധനയിൽ എല്ലാ കോൺഗ്രിഗേഷൻസും പങ്കെടുക്കുകയും അതായത് തൃശൂർ അതിരൂപതയിലെ 82 ഓളം കോൺഗ്രിഗേഷൻസിലെ എല്ലാ അംഗങ്ങളും പങ്കെടുക്കുകയും അത് നല്ല രീതിയിൽ രൂപതയ്ക്കുവേണ്ടിയും കേരള ക്രൈസ്തവ സഭയ്ക്കു വേണ്ടിയും മറ്റു നിയോഗങ്ങൾക്കു വേണ്ടിയും പ്ര

ാർത്ഥിക്കാനായിട്ട് സമയം കണ്ടെത്തി. ഇതിനെ തുടർന്ന് ഡിസംബർ 10-ാംതിയതി തൃശൂർ അതിരൂപത സംഘടിപ്പിച്ച ദിവ്യകാരുണ്യ സെമിനാറും വിശുദ്ധ കുർബാനയും ശേഷം നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിലും ആയിരത്തിലധികം സിസ്റ്റേഴ്സ് പങ്കെടുക്കുക യും നല്ല രീതിയിൽ വിജയമാക്കുവാനും സാധിച്ചു.

**സി.എം.സി.**

ചുണങ്ങംവേലി സ്പിരിച്ചാലിറ്റി സെന്ററിൽ 14 മുതൽ 27 വരെ നടന്ന പോസ്റ്റുലൻസ് കോഴ്സിൽ 7 പോസ്റ്റുലൻസും മിസ്ട്രസ് സി. പ്രദീപയും സംബന്ധിച്ചു. 15 ന് കോട്ടപ്പടി ബഥനി മഠത്തിന്റെ വെഞ്ചിരിപ്പ് കർമം തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ നിർവഹിച്ചു. സി.എം.സി സംയോജനദിനമായ നവംബർ 16 ന് എല്ലാ സി.എം.സി. ഭവനങ്ങളിലും പ്രത്യേക ദിവ്യബ ലി അർപ്പിച്ച് പ്രാർത്ഥിക്കുകയും നാളിതുവരെ ദൈവം തന്ന ദാന ങ്ങൾക്കായി നന്ദി പറയുകയും ചെയ്തു. നവംബർ 18 ന് സോഷ്യൽ കൗൺസിലർ സി. മരിയറ്റിന്റെ നേതൃത്വത്തിൽ തൃശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് 'നിർമലാരാമം' യൂദി ത്ത്ഫോറം മീറ്റ് നടത്തി. ഈ വർഷം ഗോൾഡൻ ജൂബിലിയും സിൽവർ ജൂബിലിയും ആഘോഷിക്കുന്ന സന്യസ്തരെ അനു മോദിക്കുവാൻ തൃശൂർ അതിരൂപത ഡി.ബി.സി.എൽ.സി യിൽ വച്ച് നടത്തിയ ദിവ്യബലിയിലും സ്നേഹവിരുന്നിലും തൃശൂർ നിർമ്മല പ്രോവിൻസിലെ 14 സിസ്റ്റേഴ്സ് പങ്കെടുത്തു. തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നവംബർ 21 ന് തൃശൂർ സെന്റ് ആൻസ് C.G.H.School ന്റെ പുതിയ കെട്ടിടത്തിന്റെ ആശീർവ്വാദ കർമ്മം നടത്തി. വി. കുര്യാക്കോസ് ഏലിയാസ് ചാവറ, വി. എവു പ്രാസ്യ എന്നിവരുടെ വിശുദ്ധപദപ്രഖ്യാപനത്തിന്റെ 9-ാം വാർഷി കമായ നവംബർ 23 ന് ഒല്ലൂർ വി. എവുപ്രാസ്യ തീർഥകേന്ദ്രത്തിൽ വെച്ച് നടത്തിയ ആഘോഷമായ തിരുകർമ്മങ്ങളിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് പങ്കെടുത്തു. 24 ന് 1992 മുതലുള്ള 8 ബാച്ചുകാ രുടെ കൂട്ടായ്മ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. ഫാ. ജോഷി കണ്ണമ്പുഴ MCBS, ഡോ. ജോബി ജോണേൽ എന്നിവരുടെ ക്ലാസുകൾ ഇവർക്ക് നല്കി. സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട് തൃശൂർ, സെന്റ് തെരേസാസ് മണലൂർ, ബഥാനിയ ഒല്ലൂർ, മരീനാഹോം ചൂണ്ടൽ, കാർമ്മൽ മൗണ്ട് മുള്ളൂർക്കര, സെന്റ് ജോൺ ദ ബാപ്റ്റി സ്റ്റ് പറപ്പൂർ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ കാനോനിക സന്ദർശനം നടത്തി. 'ദ് ഫെയ്സ് ഓഫ് ദ് ഫെയ്സ്‌ലെസ്' എന്ന വാഴ്ത്തപ്പെട്ട റാണിമരിയയെകുറിച്ചുള്ള സിനിമ ധാരാളം സിസ്റ്റേഴ്സ് കണ്ടു.

## സി. എച്ച്. എഫ്.

ഒളരി ഇടവക വികാരിയും പ്രൊവിൻഷ്യലേറ്റ് കപ്ലോനുമായ റവ.ഫാ.ജോയ് ചിറ്റിലപ്പിള്ളി, ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ റവ.ഫാ.റെന്നി മുണ്ടൻ കുരിയൻ, റവ.ഫാ.ജെയ്സൻ കൂനംപ്ലാക്കൽ എന്നിവരുടെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയും നവജ്യോതി പ്രൊവിൻഷ്യലേറ്റ് അംഗങ്ങളായ സി.പവിത്ര ജോസ്, സി.നവീൻ മരിയ എന്നിവരുടെ സന്യാസ സമർപ്പണത്തിന്റെ രജതജൂബിലിയും നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ സമുചിതമായി ഘോഷിച്ചു. നവംബർ 16 ന് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.ജെസിൻ തെരേസ് തുമ്പൂർ നോവിഷ്യേറ്റിലായിരിക്കുന്ന നോവിസസ്സിന് ഇന്റർവ്യു നടത്തി. നവജ്യോതി പ്രോവിൻസിലെ സി.റീന തട്ടിൽ, സി.ജയ റോസ് എന്നിവർ ഷംഷാബാദ് രൂപതയിലെ തുംകുണ്ടം ഇടവകയിലെ ഹോംമിഷൻ വിജയകരമായി പൂർത്തിയാക്കി തിരിച്ചെത്തി. ഓരോ സമൂഹങ്ങളിലും അനുദിന ധ്യാനം ഫലദായകമാക്കുക എന്ന ഉദ്ദേശത്തോടെ നൽകിയ അനുധ്യാന പരിശീലനത്തിന്റെ ഫോളോപ്പിനായി നിശ്ചയിക്കപ്പെട്ട ടീം അംഗങ്ങൾ കോൺവെന്റുകളിൽ ചെന്ന് വിലയിരുത്തൽ നടത്തുകയും ക്ലാസ്സ്, ധ്യാനം, ആരാധന എന്നിവയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.പൂച്ചിന്നിപാടം ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളിൽ നവജ്യോതി പ്രൊവിൻഷ്യൽ റവ.സി.ജെസിൻ തെരേസ് പങ്കെടുത്തു. തൃശ്ശൂർ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ആഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുക തിരുന്നാൾ ദിനത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ പിതാവിന് ബിഷപ്സ് ഹൗസിൽ ചെന്ന് അനുമോദനങ്ങളും ആശംസകളും അർപ്പിച്ചു. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസിന്റെ നേതൃത്വത്തിൽ തലോർ ലൂർദ്ദ് നോവിഷ്യേറ്റ് ഹൗസിൽ വച്ച് പ്രാർത്ഥനാ ശുശ്രൂഷയോടെ 14 പോസ്റ്റുലൻസ് നോവിഷ്യേറ്റിലേക്ക് പ്രവേശിച്ചു. നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ റവ.ഫാ.ഡെയ്സൻ മുണ്ടോപുറത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ്സിനൊരുക്കമായുള്ള ക്ലാസ് നടത്തപ്പെട്ടു. നവജ്യോതി കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്ക്കൂളുകളിലെ കുട്ടികളുടെ മത്സരങ്ങൾ 'മറിയം ത്രേസ്യ ബഡ്സ്' നവജ്യോതി ബി.എഡ് കോളേജിൽ വച്ച് ഡിസംബർ 02 ന് നടത്തപ്പെട്ടു.

## എസ് എ ബി എസ്

പുതിയ പ്രേഷിതരംഗമായ ജർമ്മനിയിലെ ക്ലോപ്പൻബുർഗിലേക്ക് യാത്രയായ സി. ടിസ ചെമ്മണത്തിന് പ്രോവിൻസിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ! പാലാ പ്രോവിൻസ് അംഗവും 2003

മുതൽ 2009 വരെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറലുമായിരുന്ന വെ. റവ. മദർ സ്റ്റെല്ലാ മാരീസ് നവംബർ 20 ന് നിര്യാതയായി. സി. മരീന മുണ്ടാടൻ, സി. ജിസ് മരിയ നായങ്കര എന്നിവർ ജനറലേറ്റ് സെനക്കിളിൽ നടന്ന 5 ദിവസത്തെ നിയമാവലി ധ്യാനത്തിൽ പങ്കെടുത്തു. പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിറ്റിൽ മരിയ തെക്കേക്കരയുടെ നേതൃത്വത്തിൽ തൃശൂർ നിർമ്മല മാത സെൻട്രൽ സ്ക്കൂളിൽ വച്ച് പ്രോവിൻസിന്റെ കീഴിലുള്ള സ്ക്കൂളുകളിലെ എല്ലാ അധ്യാപകരേയും ഉൾപ്പെടുത്തി നവംബർ 25 ന് ഏകദിന സെമിനാർ നടത്തി. 'നാഷണൽ എഡ്യുക്കേഷണൽ പോളിസി' എന്ന വിഷയത്തെ കുറിച്ച് ഡോ. ജോർജ് കോലഞ്ചേരിയാണ് ക്ലാസ് നയിച്ചത്. അമേരിക്കയിലുള്ള സഹോദരിമാരെ സന്ദർശിച്ച ശേഷം പ്രൊവിൻഷ്യൽ സുപ്പീരീയർ റവ. മദർ സോഫി പെരേപ്പാടൻ നവംബർ 26 ന് തിരിച്ചെത്തി.

**സി. എസ്. എസ്.**

ജനറൽ സിനാക്സിസിനൊരുക്കമായി ഹോളിസ്പിരിറ്റ് ജനറലേറ്റിൽ വെച്ച് നടന്ന ഇന്റർ പ്രൊവിൻഷ്യൽ മിറ്റിംഗിൽ സൗത്ത് നോർത്ത് പ്രോവിൻസുകളിലെ ടീം അംഗങ്ങൾ പങ്കെടുത്തു. റവ.ഫാ. ജോർജ്ജ് സി.എസ്.ടി. ക്ലാസുകൾക്ക് നേതൃത്വം നൽകി. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വാർഷിക ധ്യാനത്തിൽ 50 സിസ്റ്റേഴ്സ് പങ്കെടുത്തു. റവ. ഫാ. ജേക്കബ് ഒഡിസി ധ്യാനത്തിന് നേതൃത്വം നൽകി. ഈ വർഷം ജൂബിലി ആഘോഷിക്കുന്ന 17 സിസ്റ്റേഴ്സ് കുറുമാശ്ശേരി സെന്റ് ബെർട്ടോണി ആശ്രമത്തിൽ 25 ദിവസത്തെ ജൂബിലി ഒരുക്ക ധ്യാനം നടത്തി. നവംബർ 11 ന് മണ്ണുത്തി സെന്റ് ആന്റണീസ് ഇടവക പള്ളിയിൽ വെച്ച് 10 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും 7 സിസ്റ്റേഴ്സിന്റെ സുവർണ ജൂബിലിയും സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കൃതജ്ഞതാബലിക്ക് നേതൃത്വം നൽകി.

27-11-2023 ന് സ്നേഹോദയ പ്രോവിൻസിലെ അംഗമായ റവ.സി. മേരി മെലാനി പുതിയാപറമ്പിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സമരിറ്റൻ സന്യാസിനീ സമൂഹത്തിന്റെ ആദ്യകാല അംഗങ്ങളിൽ ഒരാളായ സിസ്റ്റർ 6 വർഷം സുപ്പീരിയർ ജനറളും 3 വർഷം സ്നേഹോദയ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറും നിരവധി തവണ ജനറൽ പ്രൊവിൻഷ്യൽ തലങ്ങളിൽ കൗൺസിൽ അംഗവുമായിരുന്നു.

# ആദരാഞ്ജലികൾ



സി.എം.സി. തൃശൂർ സെന്റ് മേരീസ് ഭവനാം ഗമായ സി. ജോസറ്റ 12.11.2023ന് നിര്യാതയായി. മാർ റാഫേൽ തട്ടിൽ പിതാവ് മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം നിർവ്വഹിച്ചു.



സി.എം.സി. എസ്.എച്ച് ഓഫ് മേരീസ് കണ്ടശാംകടവ് ഭവനാംഗമായ സി. റോസ് റൊഗേഷ്യൻ 27.11.2023ന് നിര്യാതയായി. തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



സി.എച്ച്.എഫ് അരണാട്ടുകര ഇൻഫന്റ് ജീസസ്സ് ഭവനാംഗമായ സി.വില്ലനോവ 04.122023 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാർ ജനറാൾ മോൺ.ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്ക്കാര കർമ്മം നടത്തപ്പെട്ടു.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# ₹ സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടെയും, കണക്കെഴുത്തുക്കാരുടെയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈക്കാരന്മാരുടെയും, കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2023 നവംബർ 25ന് ശനിയാഴ്ച രാവിലെ 9.00 മണിക്ക് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി. ഏകദേശം 400 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. റവ.ഫാ. വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. സാധന ജംഗമ വസ്തുകൾ കൈക്കാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വാടക കരാറുകൾ, ധർപൺ റജിസ്ട്രേഷ നെ പറ്റിയുള്ള കാര്യങ്ങൾ എന്നിവയെപറ്റി Adv. രജിത് ആറ്റത്തറ ക്ലാസ്സെടുത്തു. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതു മ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. പള്ളികളുടെ കണക്കുകൾ എഴുതുമ്പോൾ സോഫ്റ്റ്‌വെയറിൽ എൻട്രി ചെയ്യുന്നതിനെ പറ്റി ഫാ. ആൻസൻ നീലൻങ്കാവിൽ ക്ലാസ്സെടുത്തു. 2022-2023 വർഷത്തെ പിരിവുകൾക്ക് സമ്മാനാർഹരായ ഇടവകകൾക്ക് /സ്ഥാപനങ്ങൾക്ക് ട്രോഫികൾ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വിതരണം ചെയ്തു. ഫാ. ലിൻസൻ തട്ടിൽ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് സ്നേഹ വിരുന്നോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

**വൈദീകരുടെ മരണപത്രപ്രകാരം ലഭിച്ച സംഭാവനകൾ**
(1/10/2023 മുതൽ 30/11/2023 വരെ)

നമ്മിൽ നിന്നും വേർപിരിഞ്ഞുപോയ വൈദികരിൽ താഴെപറയുന്നവർ മരണ പത്രത്തിൽ എഴുതിവെച്ച പ്രകാരം വൈദിക ക്ഷേമനിധിയിലേയ്ക്ക് നൽകിയ സംഭാവനകൾ.

1. ഫാ. ലൂവിസ് എടക്കളത്തൂർ - 1,40,000/-
2. ഫാ. ചാക്കോ പാറയിൽ - 1,00,000/-
3. ഫാ. ഷാജു ചിറയത്ത് - 7,00,000/-

**ഫാ.ലിൻസൻ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ,

ക്രിസ്തുമസ് ആഘോഷങ്ങളെല്ലാം കഴിഞ്ഞ് പുതുവർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ക്രിസ്തുമസ് നന്നായി ആഘോഷിക്കാനും, ഒരുക്കത്തോടെ ഈശോയെ ഹൃദയത്തിൽ സ്വീകരിക്കാനും, പുൽക്കൂട് ഒരുക്കി ഈശോയുടെ ജനനത്തിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. നിങ്ങളെ ഇതിനായി ഒരുക്കിയ മാതാപിതാക്കളെയും, മതബോധന അധ്യാപകരെയും, സമർപ്പിതരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈശോയുടെ അനുഗ്രഹം നിങ്ങളുടെ ജീവിതത്തിൽ സമൃദ്ധമായി ഉണ്ടാകട്ടെ. അതുപോലെ, പുതുവർഷത്തിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രത്തിന്റെയും, സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും നാളുകൾ ആശംസിക്കുന്നു. പുതിയ തീരുമാനങ്ങൾ എടുത്ത്, ദൈവത്തിന്റെ നല്ല മക്കളാകുവാൻ സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനുവരി മാസത്തിൽ നമ്മുടെ ഇടവകകളിൽ സാധാരണയായി വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. ഈശോയോടുള്ള സ്നേഹത്തെപ്രതി തന്റെ വിശ്വാസം ഏറ്റുപറഞ്ഞു രക്തസാക്ഷിത്വം സ്വീകരിച്ച വലിയ വിശുദ്ധനാണ് വിശുദ്ധ സെബസ്ത്യാനോസ്. ജനുവരി മാസത്തിൽ ഈ വിശുദ്ധന്റെ ജീവചരിത്രം വായിക്കാനും, വിശുദ്ധനെകുറിച്ച് കൂടുതൽ അറിയാനും നിങ്ങൾ ശ്രദ്ധിക്കണം. ഈ വിശുദ്ധന്റെ മാദ്ധ്യസ്ഥം നിങ്ങളുടെ മേലും, നിങ്ങളുടെ കുടുംബത്തിന്റെ മേലും ഉണ്ടായിരിക്കട്ടെ. അത്ഭുത പ്രവർത്തകർ എന്നാണ് വിശുദ്ധരെക്കുറിച്ച് സാധാരണയായി പറയാനുള്ളത്. എന്നാൽ യഥാർത്ഥത്തിൽ വിശുദ്ധർക്ക് അത്ഭുതം പ്രവർത്തിക്കാൻ സാധിക്കുമോ? വിശുദ്ധരല്ല അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത്, മറിച്ച് ദൈവമാണ് അവരുടെ പ്രാർത്ഥനകൾക്ക് ഉത്തരമായി നമുക്ക് അനുഗ്രഹങ്ങൾ തരുന്നത്. ഈ ഭൂമിയിൽ ഈശോയ്ക്ക് ഇഷ്ടമുള്ളവരായി വിശുദ്ധിയോടെ ജീവിക്കുകയും മരണശേഷം ദൈവസന്നിധിയിൽ നമ്മുടെ പ്രാർത്ഥനകൾ സമർപ്പിക്കുകയും ചെയ്യുന്നവരാണ് വിശുദ്ധർ. സ്വർഗ്ഗത്തിൽ അവർ എപ്പോഴും ദൈവത്തിന്റെ മുഖം ദർശിച്ചുകൊണ്ടിരിക്കുന്നു. എത്ര വലിയ

ഭാഗ്യമാണത്! അതുകൊണ്ട് വിശുദ്ധർ നമുക്ക് മാതൃകയാണ്, മധ്യസ്ഥരാണ്. നിങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധൻ ആരാണെന്ന് നിങ്ങൾക്കറിയാമോ? ആ വിശുദ്ധന്റെ ജീവചരിത്രം നിങ്ങൾ വായി ക്കണം. അതുപോലെ അദ്ദേഹത്തിന്റെ ജീവിതത്തിലെ നല്ല ഗുണ ങ്ങൾ അടുത്ത് അനുകരിക്കുകയും വേണം. വിശുദ്ധരുടെ പ്രാർത്ഥന നിങ്ങൾക്ക് സംരക്ഷണമായിരിക്കട്ടെ.

നമ്മുടെ ഇടവകകളിൽ വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നത് രണ്ട് ലക്ഷ്യങ്ങളോടെയാണ്- ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കും. ദൈവം തന്ന നിരവധി അനുഗ്രഹങ്ങളെപ്രതി ദൈവത്തെ സ്തുതിക്കുന്നതാകണം നമ്മുടെ തിരുനാളുകൾ. അതുപോലെ നമ്മുടെ തിരുനാളുകളുടെ ഭാഗമായി നാം മറ്റുള്ളവർക്ക് നന്മ ചെയ്യാനായി പരിശ്രമിക്കണം: പ്രത്യേകമായി കാരുണ്യ പ്രവർത്തികൾ ചെയ്ത് പാവപ്പെട്ടവരെ പ്രത്യേകമായി ശുശ്രൂഷിക്കാൻ പരിശ്രമിക്കണം. 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' (ലൂക്ക 6: 36) എന്ന ഈശോയുടെ ആഹ്വാനം നമുക്കും ഹൃദയത്തിൽ സ്വീകരിക്കാം.

പ്രത്യേകമായി മൂന്ന് കാര്യങ്ങൾക്ക് നിങ്ങൾക്ക് നന്ദി പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞമാസം നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണം ദൈവാനുഗ്രഹത്തിന്റെ വലിയ അവസരമായിരുന്നു. നിങ്ങളുടെ പ്രാർത്ഥനകൾക്കും സഹകരണത്തിനും ഞാൻ പ്രത്യേകം നന്ദി പറയുന്നു. ബോൺ നത്താലെ ആഘോഷ പരിപാടിയുടെ വിജയത്തിലും നിങ്ങളുടെ സാന്നിധ്യം പ്രധാനപ്പെട്ടതായിരുന്നു. നിങ്ങളുടെ അകമഴിഞ്ഞ സഹകരണത്തിന് നിങ്ങൾക്ക് നന്ദി. ഡിസംബർ മാസം 26-ാം തിയ്യതിമുതൽ നമ്മുടെ അതിരൂപതയിൽ തിരുപ്പട്ട സ്വീകരണങ്ങൾ നടന്നു. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകൾക്ക് ഒരായിരം നന്ദി. നന്നായി ഒരുങ്ങി തിരുപ്പട്ടം സ്വീകരിച്ച ഡീക്കന്മാർ വിശുദ്ധരായ വൈദികരാകാൻ തുടർന്നും നിങ്ങൾ പ്രാർത്ഥിക്കണം.

ഒരിക്കൽ കൂടി നിങ്ങൾ ഏവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പുതുവത്സരം ആശംസിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കുശേഷം, ദൈവത്തിന്റെ മറ്റൊരു വലിയ സമ്മാനമായ പുതുവർഷത്തിലേക്ക് (2024) പ്രതീക്ഷാപൂർവ്വം പ്രവേശിക്കുന്നു. ദനഹായിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ. ദൈവകൃപയിൽ ആശ്രയിച്ച്, എല്ലാം കൊണ്ടും കൂടുതൽ മെച്ചമായൊരു വർഷം - അതാണല്ലോ പുതുവർഷം കൊണ്ട് എല്ലാവരും ആഗ്രഹിക്കുന്നതും. എല്ലാം പുതുതാക്കുന്ന ദൈവത്തിലാശ്രയിച്ച് പുത്തൻ പ്രതിജ്ഞകളോടെ, പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

**1. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

തിയതി : 2024 ജനുവരി 26 വെള്ളി

സ്ഥലം : ഡി ബി സി എൽ സി

രജിസ്ട്രേഷൻ : 11.30 am

അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടെ പേരുവിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നൽകുന്നത്. സമ്മാനർഹരായവരെ യൂണിറ്റധികൃതർ അറിയിക്കുമല്ലോ.

1. Service Award
2. Full Attendance of Teachers (10 years & above)
3. Retired Teachers
4. Archdiocesan Level Aptitude Examination Rank Holders
5. Teachers Excellence Award
6. Model Units
7. Best Model Unit

**2. അഞ്ചാം സീറോ-മലബാർ അസംബ്ലി മാർഗ്ഗരേഖ**

അഞ്ചാമത് സീറോ-മലബാർ അസംബ്ലിയുടെ മാർഗ്ഗരേഖ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ' എന്നതാണ് വിഷയം. അതിലെ പ്രധാനപ്പെട്ട ഒരു മേഖല വിശ്വാസപരിശീലനമാണ്. മാർഗ്ഗരേഖയുടെ വെളിച്ചത്തിൽ നമ്മുടെ വിശ്വാസപരിശീലനത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ഇടവകതലത്തിൽ ജനുവരി ഫെബ്രുവരി മാസങ്ങളിൽ ചർച്ച നടത്തേണ്ടതുണ്ട്. അതിനായുള്ള ഒരു ചർച്ചാ സഹായി നൽകുന്നതാണ്. ഇടവകതലത്തിൽ

വിദ്യാർത്ഥികൾ, അധ്യാപകർ, മാതാപിതാക്കൾ, വിദ്യാർത്ഥി-അധ്യാപക-രക്ഷാകർതൃ സമിതികൾ, ഇടവക കാറ്റകെറ്റിക്കൽ കൗൺസിൽ എന്നിവയിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതിരൂപതാ കേന്ദ്ര ത്തിലേക്ക് നൽകണം. ഫൊറോന കാറ്റകെറ്റിക്കൽ കൗൺസിലിലും ചർച്ചകൾ നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ അറിയി പ്പുകൾ പിന്നീട് നൽകുന്നതാണ്.

**3. പ്രിൻസിപ്പൽമാരുടെ യോഗം**

| | |
|---|---|
| തിയതി | : 2024 ഫെബ്രുവരി 4 |
| ദിവസം | : ഞായർ |
| സമയം | : 11.30 am |
| സ്ഥലം | : വിശ്വാസപരിശീലനകേന്ദ്രം |

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**4. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലൊ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെയും ബ്ലോഗിലൂടെയും അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലൊ.

2024 ഫെബ്രുവരി 11, 2 PM-4PM: Stds. X, XI, XII

2024 ഫെബ്രുവരി 11, 2PM-5PM : ACC

2024 ഫെബ്രുവരി 18, 2PM-4PM: Stds. I, III, V, VII, IX

2024 ഫെബ്രുവരി 25, 2PM-4PM : Stds. II, IV, VI, VIII

**5. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി -ജനുവരി 29. ജനുവരി 29 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

6. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (Eligibility)

അർദ്ധവാർഷിക പരീക്ഷ എഴുതുകയും, 20 ഹാജരും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ. Std. XII വിദ്യാർത്ഥികൾക്കുള്ള

രജിസ്റ്റർ നമ്പറും എ.സി.സി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭിക്കുകയുള്ളു. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

7. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.

3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.

4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

5. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.

6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.

7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

8. Service Award

ഈ വർഷം സർവ്വീസ് അവാർഡിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| 15 Years | | |
|---|---|---|
| SL.no. | Name | Unit |
| 1 | JANCY WINSON | ANJOOR |
| 2 | BEENA THOMAS | ARAMPILLY |
| 3 | MARVIN JOSE T | ARAMPILLY |
| 4 | Lissa Benny | ATHANY |
| 5 | SYLVY JOHNSON | AVINISSERY |
| 6 | VERGHESE C R | BRAHMAKULAM |
| 7 | KOCHURANI JOSEPH | CHEMBUKAVU |
| 8 | SIBI SEBY | CHENGALOOR |
| 9 | SUBODH WILSON | CHERUMKUZHY |
| 10 | SHINY JOY | CHERUMKUZHY |
| 11 | SHIJI JOBY | CHERUMKUZHY |
| 12 | SEENA JOHNSON | CHETTUPUZHA |
| 13 | ANNIE CLEATUS | CHIRAKKAL |
| 14 | Sr. Ann Francis CMC | CHIYYARAM |
| 15 | PRAMIN CHACKO C J | CHOONDAL |
| 16 | RINCY T P | CHOONDAL |
| 17 | ROSMY JAISON | CHOWANNUR |
| 18 | BABY V J | ENGANDIYUR |
| 19 | JOICY T J | ERANELLUR |
| 20 | Sr. ANILA SCV | ERAVU |
| 21 | ROSE MARY JOSE | ERAVU |
| 22 | NIXON M F | GURUVAYOOR |
| 23 | SAJIN SIMON | GURUVAYOOR |
| 24 | LIRIL JOSHY | KAKKASSERY |
| 25 | MINI OUSEPH | KALLUR EAST |
| 26 | JOBY P P | KANDASSANKADAVU |
| 27 | LINCY JOSE | KANIMANGALAM |
| 28 | SHOBY ANTONY | KANNAMKULANGARA |
| 29 | BENNY KUNNUMPURAM | KANNARA |
| 30 | SUJO KURIAN | KANNARA |
| 31 | JESSY WILSON | KOLAZHY |
| 32 | DILSON N P | KOLENGATTUKARA |
| 33 | JOBY N J | KOLENGATTUKARA |
| 34 | LIZA ANTO | KONIKKARA |
| 35 | MERCY T L | KONIKKARA |

| | | |
|---|---|---|
| 36 | DAISY DAVIS | KOONAMMOOCHI |
| 37 | LISSY JACKSON | KOTTAPADI |
| 38 | Dixon T D | KUMBALANGAD |
| 39 | SINTO THOMAS | KUMBALANGAD |
| 40 | NIMMI JOMON | KUTTANELLUR |
| 41 | TREESA SUNNY | MACHAD |
| 42 | JESSY JOJU | MADAKKATHARA |
| 43 | JOLLY JULISE | MADAKKATHARA |
| 44 | SHEEJA ANTO | MANALUR |
| 45 | SHERLY JOY | MANALUR |
| 46 | SHAIJI ANTO | MARATHAKKARA |
| 47 | Sr. Bhavya | MARATHAMKODE |
| 48 | DR. TONY JOSEPH | MARIAPURAM |
| 49 | DANY TIJI | MAROTTICHAL |
| 50 | ALPHONSA C. T. | MATTOM |
| 51 | LINCY SHAJU | MATTOM |
| 52 | BEENA SEVI | MUKKATTUKARA |
| 53 | JESWIN SAJU | MUKKATTUKARA |
| 54 | RINTO JOSE | MUKKATTUKARA |
| 55 | BEENA VINCENT | MULAYAM |
| 56 | MARY WILSON | MULAYAM |
| 57 | FRANK M F | MULLASSERY |
| 58 | SHALI LAWRANCE | MUTTICHUR |
| 59 | LILLY SHAJAN | NANDIPULAM |
| 60 | SHINY JOJU | NANDIPULAM |
| 61 | LICY PAUL | NEDUPUZHA |
| 62 | JOLLY MICHAEL | NELLIKKUNNU |
| 63 | SINOY JOSE | NELLIKKUNNU |
| 64 | Sr. MARGRET PAUL CHF | OLARIKKARA |
| 65 | MANJU DAVIS | OLLUR |
| 66 | SILVY RAPPAI | OLLUR |
| 67 | SR. JANICE C M C | OLLUR |
| 68 | SARITHA NIXON | OLLUR |
| 69 | MOLY FRANCIS | PADAVARAD |
| 70 | SR. LINCY PAUL | PANGARAPPILLY |
| 71 | SR. BINCY MARIYA | PANGARAPPILLY |
| 72 | SHINY THANKACHAN | PANGARAPPILLY |
| 73 | BOBBY VINCENT | PARAPPUR |
| 74 | JISHA JAISON | PARAPPUR |
| 75 | REGINA JOHN MATHEW | PARAPPUR |
| 76 | SHEENA BILJAN | PARAVATTANI |

| | | |
|---|---|---|
| 77 | GRACE GEORGE | PAREMPADAM |
| 78 | JOSE N V | PATHIYARAM |
| 79 | DISHA BABU | PATHRAMANGALM |
| 80 | TESSY FRANCIS | PAVARATTY |
| 81 | VIBIN YOHANNAN | PAVARATTY |
| 82 | REEMA TOMY | PAVARATTY |
| 83 | FIJO JOSEPH | PAVARATTY |
| 84 | SHEELA C J | PAVARATTY |
| 85 | POLY JOHNSON | PAZHUVIL |
| 86 | BABY LAZAR | PAZHUVIL |
| 87 | MEENA PETER | PEECHI |
| 88 | JOY M A | PERINCHERY |
| 89 | JOSEPH DIJOE | PERINCHERY |
| 90 | ALPHONSA PIOUS | PERINCHERY |
| 91 | BINOY P J | PERUVALLUR |
| 92 | JOSEPH K C | PONNUKKARA |
| 93 | BEENA SEBASTIAN | POOCHINNIPADAM |
| 94 | JESSY MANI | POOTHARAKKAL |
| 95 | JULIE SIMON | POOTHOLE |
| 96 | SINDHU TONY | PULAKKATTUKARA |
| 97 | SHEELA XAVIER | PUNKUNNAM |
| 98 | JANCY MOHAN | PURANATTUKARA |
| 99 | MINI JOJO | PUTHENPEEDIKA |
| 100 | BIJU A J | PUTHENPEEDIKA |
| 101 | RENNY JOSE | PUTHUR |
| 102 | LAXI JAISON | SNEHAPURAM |
| 103 | LUCY JOSE | THANDILAM |
| 104 | PUSHPA GEORGE | THANDILAM |
| 105 | BABY GEORGE | THAYYUR |
| 106 | ALPHONSA GEORGE | THIROOR |
| 107 | JOHNCY MATHEW | THIROOR |
| 108 | PRINCY O F | THIROOR |
| 109 | CIJU A J | THRISSUR LOURDES |
| 110 | JINCY BABU | VADOOKARA |
| 111 | VINCY SHAJU P | VALLACHIRA |
| 112 | JASEENA DAVIS | VARAKKARA |
| 113 | MOLY V K | VELAPPAYA |
| 114 | JINSON T V | VELUR |
| 115 | LAL BABU FRANCIS | WADAKKANCHERY |

| 25 Years | | |
|---|---|---|
| **SL.** | **Name** | **Unit** |
| 1 | SHEELA SIMON | ALOOR |
| 2 | LORANCE A A | AMMADAM |
| 3 | RAYEE SEBI | ARANATTUKARA |
| 4 | DERY A D | ATTATHARA |
| 5 | JOHN RAPHAEL T | BRAHMAKULAM |
| 6 | LIZA BABY | BRAHMAKULAM |
| 7 | THOBIAS C O | BRAHMAKULAM |
| 8 | SHAIJO GEORGE | CHEMBUKAVU |
| 9 | SHERLY THOMAS | CHEMMANNUR |
| 10 | MARY SYPHIN JOSEPH | CHENGALOOR |
| 11 | RANI VINCENT | CHEVOOR |
| 12 | LESSY JOSEPH | CHITTISSERY |
| 13 | SHANTY SEBASTIAN | CHOONDAL |
| 14 | SHEEJA JOB | EDAKKALATHUR |
| 15 | FLOWER GEORGE | ERANELLUR |
| 16 | REGINA DAVIS | KANNARA |
| 17 | ANNIE C F | KARAMUCK |
| 18 | ANNIE GEORGE | KILLIMANGALAM |
| 19 | MERCY JACOB | KIRALUR |
| 20 | LIZY POULOSE | KODANNUR |
| 21 | LOJUMON C R | KODANNUR |
| 22 | SIJO C I | KODANNUR |
| 23 | SAJITH THOMAS | KOLENGATTUKARA |
| 24 | RANI GEORGE | KOTTAPADY |
| 25 | SEBASTIAN M J | KOTTAPADY |
| 26 | VINESH J KOLENGADEN | KOTTEKAD |
| 27 | SIJO JOHNSON | KURIACHIRA |
| 28 | GRACY K V | KUTTUR |
| 29 | SHELBI P J | KUTTUR |
| 30 | TONY ARAKKAL | KUTTUR |
| 31 | SR. REENA CSS | MACHAD |
| 32 | JIPSON MENACHERY | MADAKKATHARA |
| 33 | Paul Karakkada | MARATHAKKARA |
| 34 | JOSE V L | MULLASSERY |
| 35 | SHINY PAUL | NADATHARA |
| 36 | GRACY MATHEW | NADATHARA |
| 37 | ROY JOY | NELLANKARA |
| 38 | SHAJU A D | NELLIKKUNNU |

| | | |
|---|---|---|
| 39 | SHEELA PAUL | NIRMALAPURAM |
| 40 | SIPSAN C P | OLLUR |
| 41 | JOSEPH K D | ORUMANAYUR |
| 42 | JOICY ANTONY | ORUMANAYUR |
| 43 | ALPHONSA PAUL | PADAVARAD |
| 44 | MINI FRANCIS THEKKATH | PALLIKKUNNU |
| 45 | Sr. SHINY JOSEPH MSMI | PALLIKKUNNU |
| 46 | BLAICY JOSEPH | PANGARAPPILLY |
| 47 | JOY C O | PARAPPUR |
| 48 | LINSON U PUTHUR | PARAPPUR |
| 49 | JOLLY DAVIES | PARAVATTANI |
| 50 | ANNIE THOMAS | PAREMPADAM |
| 51 | JOY PETER | PAVARATTY |
| 52 | SR. VINNI JOHN FCC | PERINCHERY |
| 53 | Sr. TREASA JACOB FCC | PERINGOTTUKARA |
| 54 | JOSHY K J | PERUVALLUR |
| 55 | LINCY JOSE | PONGANAMKAD |
| 56 | SALOMY THOMAS | PONNORE |
| 57 | LISSY A.K | PUDUKAD |
| 58 | RAJU M.P | PUDUKAD |
| 59 | BIJU KURIAN T | PUDUSSERY |
| 60 | FRANCY DAVIS | THIROOR |
| 61 | Sr. ANN GRACE C M C | THRISSUR DOLOURS BASILICA |
| 62 | BINDU LOUIS | THRISSUR LOURDES |
| 63 | LISY ALEX | THRISSUR LOURDES |
| 64 | Sr. SHARONE THERESE FCC | THRISSUR LOURDES |
| 65 | JOSEPH P A | VALAPAD |
| 66 | SOJAN JOSEPH | VEENDASSERY |
| 67 | JOSEPH V V | VELUPADAM |
| 68 | SHAINY BEJOY | VELUPADAM |
| 69 | JOSE VALLAPADY | VENDORE |
| 70 | SHINTO RAPHAEL | VILLADAM |

**35 YEARS**

| Sno. | Name | Unit |
|---|---|---|
| 1 | LUCY PAUL | ARIMPUR |
| 2 | JOSE K P | ATHANY |
| 3 | GRACY SHAJI | CHOTTUPARA |
| 4 | DAVIS T.L | KALLUR WEST |

| | | |
|---|---|---|
| 5 | REETHA VINCENT | KANDASSANKADAVU |
| 6 | VARGHESE KAIMALA | KANNARA |
| 7 | DEVASSY CHUNGATH | KUNDANNUR |
| 8 | SUNNY P K | KUNDANNUR |
| 9 | DAVIS P.V | MARIAPURAM |
| 10 | PRINCE J MENACHERY | MUKKATTUKARA |
| 11 | C A JOHNSON | MUNDUR |
| 12 | SUNNY T.J | PADAVARAD |
| 13 | JAMES K M | PANGARAPPILLY |
| 14 | JAISON V P | PARANNUR |
| 15 | JOSE T A | PONGANAMKAD |
| 16 | JELSA ANDREWS | PUNKUNNAM |
| 17 | VICTOR JOSE | PURANATTUKARA |

**45 YEARS**

| SL. no. | Name | Unit |
|---|---|---|
| 1. | T L Francis | Thrissur Dolours |

**9. Retired Teachers List**

| SL. no. | Name | Unit |
|---|---|---|
| 1 | Joy Koola L. | Aranattukara |
| 2 | Kunjamma James | Cherumuzhy |
| 3 | Andrews K L | Enamakkal |
| 4 | Baby Jose P. | Kandassankadavu |
| 5 | Anto Thottan | Kannara |
| 6 | Jacob M L | Kottapady |
| 7 | C V Jose | Madona Nagar |
| 8 | Jose V L | Mullassery |
| 9 | Aany Paul | Mundur |
| 10 | Wilson T O | Nirmalapuram |
| 11 | Joseph C A | Olarikkara |
| 12 | Sr. Rose Lit Panikulam | Padavarad |
| 13 | Antony E F | Palayur |
| 14 | Lissy George | Palayur |
| 15 | Paul Padavan | Paravattani |
| 16 | George C P | Peramangalam |
| 17 | Varghese N L | Peramangalam |
| 18 | Mary Zita Jose | Punkunnam |
| 19 | Thomas Chungath | Thaikkattussery |
| 20 | Francis Maliakkal | Thrissur Lourdes |

| | | |
|---|---|---|
| 21 | Raphy K J | Thrissur Lourdes |
| 22 | Dr. Moly Baby Francis | Vadanappilly |
| | **10. Full Attendance Teachers List** | |
| **Sl. No** | **Name** | **Unit** |
| | **10 YEARS** | |
| 1 | MOLLY JOHNSON | KODANNUR |
| 2 | SUNNY P K | KUNDANNUR |
| 3 | SIMON C D | OLARIKKARA |
| 4 | JESSY BABU | MUKKATTUKARA |
| 5 | SHIJU VARGHESE | MUKKATTUKARA |
| 6 | REENA RAPHAEL | KONIKKARA |
| 7 | SIJI KURIAN | PANGARAPPILLY |
| 8 | JOHNY K G | MARATHAKKARA |
| 9 | JISSY SEBI | PONGANAMKAD |
| 10 | SHIJI JOBY | PARAVATTANI |
| | **20 YEARS** | |
| 11 | Jency Raphy | Anchery |
| | **11. Teachers Excellence Award** | |
| 1. | Starlin Shinto | Puthenpeedika |
| 2. | Shasna Shaju | Aloor |

## II. Daily Catechism

സ്കൂൾ കാറ്റക്കിസം മോറൽ സയൻസ് വാർഷികപരീക്ഷ: ജനുവരി 5 വെള്ളി

Std. I, III, V, VII, IX, XI രാവിലെ 10 മുതൽ 12 വരെ

Std. II, IV, VI, VIII, X, XII ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

ചോദ്യപേപ്പറുകൾ ജനുവരി 3, 4 തിയതികളിൽ ഡി.ബി.സി.എൽ. സി വിശ്വാസപരിശീലന ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ജനുവരി 14 നുള്ളിൽ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരായവരുടെ പേരു വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷകൾ:**

സ്കൂൾ കാറ്റക്കിസം: ജനുവരി 27 ശനിയാഴ്ച്ച Std. IV, VII, X

മോറൽ സയൻസ്: ഫെബ്രുവരി 10 ശനിയാഴ്ച്ച Std. IV, VII, X, XII (രാവിലെ 10 മുതൽ 12 വരെ ഡി ബി സി എൽ സി യിൽ വെച്ച്)

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

ആദ്യസെമസ്റ്റർ പരീക്ഷകൾ നവംബർ, ഡിസംബർ മാസങ്ങളിലായി നടന്നു. രണ്ടാമത്തെ സെമസ്റ്റർ ക്ലാസുകൾ ഡിസംബർ 09 ന് ആരംഭിച്ചു.

**2. Certificate Course in Theology (One Year)**

ഡിസംബർ 17, 31 ന് അനുരഞ്ജനകൂദാശ, വി. പൗലോസിന്റെ ലേഖനങ്ങൾ എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ Exam DBCLC യിലും മേരിമാതാ മേജർ സെമിനാരിയിലും നടന്നു.

**4. Online Certificate Course in Theology (Two Years)**

120 പേർ പങ്കെടുക്കുന്ന കോഴ്സിൽ ഡിസംബർ മാസത്തിൽ സുവിശേഷങ്ങൾ എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**5. Basic Bible Course (BBC)**

ഞായറാഴ്ചകളിൽ 2 pm മുതൽ 5.00 pm വരെയുള്ള ക്ലാസ്സുകളിൽ 100 പേർ പങ്കെടുക്കുന്നു.

**ഫാ. ലിജോ ചാലിശ്ശേരി**
ഡീൻ & റെജിസ്ട്രാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

## ന്യൂനപക്ഷ വകുപ്പ് PSC സൗജന്യ പരിശീലനം

(Coaching Centre for Minority Youth )

കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ പി.എസ്.സി സൗജന്യ പരിശീലന കോഴ്സിന്റെ 2024 പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ജനുവരി മാസത്തിൽ പുതിയ ബാച്ച് ക്ലാസ്സുകൾ ആരംഭിക്കും. കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ് സെൻറർ ആയി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും സൗജന്യ പി.എസ്സ്.സി ക്ലാസുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ. സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

## C U E T (Common University Entrance Test)

C U E T Examനുള്ള കോച്ചിങ്ങ് ഉടനെ ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

## സിവിൽ സർവ്വീസ് കോഴ്സ്

സിവിൽ സർവ്വീസ് കോഴ്സ്, വീക്കെന്റ് ബാച്ച് D B C L C എക്സൽ അക്കാദമിയിൽ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും, പൊതു അവധിദിവസങ്ങളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പ്ലസ്ടു, ഡിഗ്രി, പിജി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ബാച്ചിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. സിവിൽ സർവ്വീസ് കോഴ്സ്, ഡെയ്‌ലി ബാച്ച് ഉടനെ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് – 9744941585, 9847276657, 7306952904

**മാണി. കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

### 1. എക്സ്റ്റൻഷൻ ലെക്ച്ചർ

'Science and the meaning of Grace' എന്ന വിഷയത്തെ ആസ്പദമാക്കി നവംബർ മാസത്തിലെ എക്സ്റ്റൻഷൻ ലെക്ച്ചറിന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ബഹുമാന്യനായ പ്രൊഫസർ ഫാ. ആൻഡ്രൂ പിൻസെന്റ് നേതൃതം നൽകി. നവംബർ 10 നു ഉച്ചതിരിഞ്ഞ് 2.30 നു സെമിനാരി ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു സെമിനാർ നടന്നത്.

### 2. മാസധ്യാനം

നവംബർ മാസത്തിലെ മാസധ്യാനം 18,19 തിയതികളിലായി നടന്നു. ബഹുമാനപ്പെട്ട ഫാ. ആന്റണി വടക്കേക്കര ഢഇ ആയിരുന്നു ധ്യാനം നയിച്ചത്. വിശുദ്ധിയോടെ എങ്ങനെ ജീവിക്കാം എന്ന് അച്ചൻ ധ്യാനത്തിലൂടെ ഊന്നിപ്പറഞ്ഞു

### 3. വിശുദ്ധ സിസിലിയുടെ തിരുനാൾ

ദൈവാലയഗായകരുടെ മധ്യസ്ഥയായ വിശുദ്ധ സിസിലിയുടെ തിരുനാൾ നവംബർ 22നു ആഘോഷിച്ചു. അന്നേദിവസം ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന സംഗീതനിശയിൽ വൈദികവിദ്യാർഥികളിൽ ചിലർ ഗാനങ്ങളാലപിച്ച് മികവ് തെളിയിച്ചു.

### 4. ദിവ്യകാരുണ്യ പ്രദക്ഷിണം

ഡിസംബർ 1നു സെമിനാരിയിൽ ദിവ്യകാരുണ്യ പ്രദക്ഷിണം നടന്നു. അന്നേദിവസം വൈകിട്ട് നടന്ന പ്രദക്ഷിണത്തിൽ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലിത്ത മുഖ്യകാർമ്മികനായി.

### 5. സ്നേഹോത്സവം

വൈദിക വിദ്യാർത്ഥികളുടെ അജപാലനോന്മുഖ വളർച്ചക്ക് ഏറെ ഉപകരിക്കുന്ന ഇടവക നവീകരണ ശുശ്രുഷയായ സ്നേഹോത്സവത്തിനായുള്ള ഏറ്റവും അടുത്ത ഒരുക്കം മേരിമാതാകുടുംബം നവംബർ 13-ാം തീയതി മുതൽ തുടങ്ങി. സെമിനാരിയിലെ വൈദികരും ബ്രദേഴ്സും 2 ഗ്രൂപ്പുകളായി തിരിഞ്ഞു 2023 ഡിസംബർ 3 മുതൽ 8 വരെ ചേറൂർ, അയ്യന്തോൾ എന്നി ഇടവകളിൽ സ്നേഹോത്സവം വിജയകരമായി പൂർത്തിയാക്കി.

### 6. ജൂബിലി ആഘോഷം

പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹുമാന

പ്പെട്ട ഫാ. മാത്യു പെരുമ്പള്ളി, പൗരോഹിത്യരജതജൂബിലി ആഘോഷിക്കുന്ന ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ, ഫാ. ജെയ്സൻ കൂനംപ്ലാക്കൽ, ഫാ. ബിജു ഞാഞ്ഞിലത്ത് എന്നീ വൈദികരുടെ കൃതജ്ഞതാബലിയർപ്പണം നവംബർ 30നു നടത്തപ്പെട്ടു. അന്നേദിവസം വൈകീട്ട് 6.30 നു ആഘോഷമായ വിശുദ്ധബലിക്ക് ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. മാത്യു പെരുമ്പള്ളി സന്ദേശം നൽകുകയും ഫാ. ബിജു ഞാഞ്ഞിലത്ത് സഹകാർമ്മികനാകുകയും ചെയ്തു. തുടർന്ന് നടന്ന അനുമോദനയോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, ഫാ. സിബി ചെറുതോട്ടിൽ എന്നിവർ ജൂബിലി ആശംസകൾ നേർന്ന് പ്രസംഗിച്ചു. തുടർന്ന് ജൂബിലി ആഘോഷിക്കുന്ന വൈദികർ ഒന്നുചേർന്ന് കേക്ക് മുറിച്ച് മധുരം പങ്കുവച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

1. ശ്രീ. നെൽസൺ അമ്പൂക്കൻ, അമ്പൂക്കൻ ഹൗസ്, ഒല്ലൂർ.

2. സേക്രഡ് ഹാർട്ട് ചർച്ച്, പെരിഞ്ചേരി, on behalf of ശ്രീ.ജോസഫ് കൈതക്കോടൻ, ശ്രീ. സെബാസ്റ്റ്യൻ കൈതക്കോടൻ, ശ്രീ. വിൽസൺ ആന്റണി ചിറമ്മേൽ, ശ്രീ. ജോണി പൊറുത്തൂർ.

Individual Benefactor Membership

ശ്രീ. ജോസഫ് & ശ്രീമതി അന്നമ്മ C/0 ഫാ. ജോബി കടപ്പൂരാൻ, കടപ്പൂരാൻ ഹൗസ്, വരാക്കര, കാരകല്ല്.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

### ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിൽ ദ്വിദിന സെമിനാർ സംഘടിപ്പിച്ചു

ആധുനിക ലോകത്തിൽ ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ ആതുരശുശ്രൂഷാപഠനവും സാങ്കേതിക പഠനരീതികളും എങ്ങനെ ക്രിയാത്മകമാക്കാം എന്ന ആശയവുമായി ബന്ധപ്പെട്ട് ദ്വിദിന സെമിനാർ സി.ഇ.ഒ. ഡോ.ബെന്നി ജോസഫ് ഉദ്ഘാടനം ചെയ്തു. അസി.

ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ ഏയ്ഞ്ചല ജ്ഞാനദുരൈ, വൈസ് പ്രിൻസിപ്പൽമാരായ ഡോ.സി.ഫിലോരശ്മി, ഡോ.സി. ട്രീസാന്റോ എന്നിവർ ആശംസകളർപ്പിച്ചു. വെല്ലുവിളികൾ നിറഞ്ഞ ലോകത്തിൽ ഡിജിറ്റൽ സഹായത്തോടെ നേഴ്സിങ്ങ് വിദ്യാർത്ഥികളുടെ പഠനരീതികളും അധ്യാപകരുടെ ക്രിയാത്മകതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായാണ് ഈ സെമിനാർ സംഘടിപ്പിച്ചത്.

**ലോക എയ്ഡ്സ് ദിനം ആചരിച്ചു**

ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിന് എയ്ഡ്സ് രോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും ചെറുക്കുന്നതിനും വേണ്ടിയുള്ള വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ലോക എയ്ഡ്സ് ദിനം ആചരിച്ചു. എയ്ഡ്സ് പ്രതിരോധത്തിലും ചികിത്സയിലും ഗണ്യമായ മുന്നേറ്റം ഉണ്ടായെങ്കിലും പുതിയ അണുബാധ തടയുന്നതിലും പുതിയ അണുബാധിതരെ കണ്ടെത്തി യഥാസമയത്ത് ചികിത്സ തുടങ്ങുന്നതിലും ഇപ്പോഴും വെല്ലുവിളികൾ നിലനിൽക്കുന്നു. ആയതിനാൽ തുടർന്നുള്ള ഫലപ്രദമായ പ്രതിരോധത്തിന് പൊതുസമൂഹത്തിനുള്ള പങ്ക് വ്യക്തമാക്കിക്കൊണ്ടാണ് 'ലെറ്റ് ദ കമ്മ്യൂണിറ്റി ലീഡ്' എന്ന ആശയത്തോടുകൂടി ഈ വർഷം എയ്ഡ്സ് ദിനം ആചരിച്ചത്. ട്രാൻസ്ഫ്യൂഷ്യൻ മെഡിസിൻ, കമ്യൂണിറ്റി മെഡിസിൻ, ഗൈനക്കോളജി, ഇന്റഗ്രേറ്റഡ് കൗൺസലിങ്ങ് ആന്റ് ടെസ്റ്റിങ്ങ് സെന്റർ, ഡെർമ്മറ്റോളജി എന്നീ വിഭാഗങ്ങൾ ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. രമേഷ് ബാസ്ക്കർ, ഡോ. പി.സി. ഗിൽവാസ്, ഡോ. പ്രവീൺലാൽ കുറ്റിച്ചിറ എന്നിവർ പ്രസംഗിച്ചു. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം സെലക്സ് മാളിൽ വെച്ച് ബോധവത്കരണത്തിന്റെ ഭാഗമായി ഫ്ളാഷ്മോബും തെരുവ് നാടകവും, ത്വക്ക് രോഗവിഭാഗം സെന്റ് തോമസ് ബ്ലോക്കിൽ വെച്ച് തെരുവുനാടകവും അവതരിപ്പിക്കുകയും ചെയ്തു. ഡോ. രമ മേനോൻ, ഡോ. ലോല രാമചന്ദ്രൻ, ജബുൻ ജോസ് തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**19-ാമത് കോളേജ് ഡേ ആഘോഷിച്ചു**

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് 19-ാമത് കോളേജ് ഡേ ആഘോഷിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റലിന്റെ മുൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് മുഖ്യ അതിഥിയായിരുന്നു. കോളേജ് ഡേയുടെ ഭാഗമായി തരംഗ് എന്ന മ്യൂസിക്

ക്ലബ്ബ്, ഇൻകസ്സബൽ എന്ന ഡാൻസ് ക്ലബ്ബ് എന്നിവ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ഫാ. റെന്നി മുൻകുരിയൻ അധ്യക്ഷത വഹിച്ചു. ഫാ. ഷിജോ മാപ്രാണത്തുക്കാരൻ, പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, സി. റെജി എന്നിവർ ആശംസകൾ അർപ്പിച്ചു.

**ദേശീയ ആയുർവേദ ദിനം**

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ രാമവർമപുരം ക്യാമ്പസ്സിൽ വച്ച് ദേശീയ ആയുർവേദ ദിനം ആഘോഷിച്ചു. ഡയറക്ടർ ഫാ. റെന്നി മുൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സി. ഇ. ഒ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. ജൂബിലി പാസ്റ്ററൽ കെയർ മെമ്പർ ഫാ. ഡിറ്റോ കൂള, ജൂബിലി ആയുർവേദ ചീഫ് കൺസൾറ്റന്റ് ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ. സിസ്റ്റർ നിർല്ലീന, ഡോ. ഹാർവിൻ ജോർജ്, അഡ്മിനിസ്ട്രേറ്റർ ഡോ. ബിനു ബാഹുലേയൻ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് സ്റ്റാഫുകളുടെ കലാപരിപാടികൾ അരങ്ങേറി

**ലോക പ്രമേഹദിനാചരണം**

ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളജിലെ നേത്രരോഗ വിഭാഗവും ഐ.എം.എ. ജൂബിലിയും തൃശൂർ അക്കാദമിക് ക്ലബ് ഓഫ് ഓഫ്താൽമോളജിയും ചേർന്ന് സൗജന്യ പ്രമേഹ നിർണ്ണയവും പ്രമേഹാനുബന്ധ നേത്രരോഗ നിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു.

നേത്രരോഗവിഭാഗം ചീഫ് കൺസൾട്ടന്റ് ഡോ. സി.വി. ആൻഡ്രൂസിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച ചടങ്ങിൽ ഐ.എം.എ. ജൂബിലി വൈസ് പ്രസിഡന്റ് ഡോ. ബ്രിജി പണിക്കർ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുൻകുരിയന്റെ പ്രമേഹരോഗ പരിശോധനയോടെ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഐ.എം.എ. ജൂബിലി സെക്രട്ടറി ഡോ. മുഹമ്മദ് റാഫി ബോധവത്കരണ ക്ലാസ് നടത്തുകയും തുടർന്ന് നേത്രരോഗ വിഭാഗം ഡോക്ടർമാരായ ഡോ. അലക്സ്, ഡോ. മോൺസി എന്നിവരുടെ നേതൃത്വത്തിൽ രോഗനിർണ്ണയം നടത്തുകയും ചെയ്തു. തൃശൂർ അക്കാദമിക് ക്ലബ് ഓഫ് ഒഫ്താൽമോളജി പ്രസിഡന്റ് ഡോ. റോളിന്റെ നന്ദി പ്രസംഗത്തോടുകൂടെ ചടങ്ങുകൾ സമാപിച്ചു. പരിപാടിയോടനുന്ധിച്ച് സൗജന്യമായി പ്രമേഹ പരിശോധനയും ഡയറ്റിക് റെറ്റിനോപതി സ്ക്രീനിങ്ങും നടത്തി.

**നഴ്സിങ്ങ് കോളജ് വിദ്യാർത്ഥികൾ ജേതാക്കൾ**

കേരള ആരോഗ്യ സർവകലാശാല ഒറ്റപ്പാലം പി.കെ. ദാസ്

മെഡിക്കൽ കോളജിൽ സംഘടിപ്പിച്ച സി-സോൺ ഖോ-ഖോ മത്സരത്തിൽ ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങ് വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി.

**100 % വിജയം**

മൂന്നാം സെമസ്റ്റർ ബി.എസ്.സി. നഴ്സിങ്ങ് കേരള ആരോഗ്യ സർവ്വകലാശാല യൂണിവേഴ്സിറ്റി പരീക്ഷയിൽ 8 ഡിസ്റ്റിങ്ഷനും 41 ഫസ്റ്റ് ക്ലാസ്സോടുകൂടി ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥികൾ 100 ശതമാനം വിജയം കരസ്ഥമാക്കി.

**ടാലന്റ്സ് ഡേ - 2023**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ടാലന്റ്സ് ഡേ 2023 ആഘോഷിച്ചു. 2022 - 2023 വർഷത്തിൽ പഠനത്തിലും കലാ കായിക മേഖലകളിലും മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച അധ്യാപകരേയും ആദരിച്ചു. 24 യു. ജി. വിദ്യാർത്ഥികൾ, അഞ്ച് പി. ജി. വിദ്യാർത്ഥികൾ, 33 അദ്ധ്യാപകർ, അക്കാദമിക് & അഡ്മിനിസ്ട്രേഷനിൽ നിന്നുള്ളവർ എന്നിവരെ ചടങ്ങിൽ അനുമോദിച്ചു. പ്രസിദ്ധീകരണത്തിനായുള്ള ഇൻസെന്റീവ് തുക 2,68,500/ രൂപ 17 അംഗങ്ങൾക്കു നൽകി. തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രശസ്തിപത്രങ്ങൾ വിതരണം ചെയ്തു. ഫാ. റെന്നി മുൻകുരിയൻ ആശംസകൾ അർപ്പിച്ചു. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് ജൂബിലിയുടെ പ്രശസ്തി ഉയർത്തിപ്പിടിച്ച പ്രതിഭകൾക്ക് നന്ദി പറഞ്ഞു.

**അഭിനന്ദനങ്ങൾ**

**ഡോ. വരുൺ മേനോൻ പി.**

കോഴിക്കോട് നടന്ന പന്ത്രാണ്ടമത് സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിൽ 50 മീറ്റർ, 100 മീറ്റർ, ബ്രസ്റ്റ് സ്ട്രോക്ക്, 100 മീറ്റർ ബാക്ക് സ്ട്രോക്ക്, 4:50 മെഡ്‌ലി റിലേ, 4:50 ഫ്രീസ്റ്റൈൽ റിലേ എന്നീ മത്സരങ്ങളിൽ അഞ്ച് സ്വർണ്ണമെഡലുകളും കരസ്ഥമാക്കി. അന്താരാഷ്ട്രതലത്തിൽ കസാഖിസ്ഥാനിൽ സംഘടിപ്പിച്ച ട്രയാത്ത് ലോ (നീന്തൽ, സൈക്കിളിങ്ങ്, ഓട്ടം) മത്സരത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വരുൺ മേനോൻ പി. 'അയൺ മാൻ' പട്ടം നേടി.

**ഡോ. ബിനിൽ ഐസക് മാത്യു**

ഹരിയാനയിലെ ഗുരുഗ്രാമിൽവെച്ച് നടന്ന ഏഴാമത് ആനുവൽ കോൺഫറൻസ് ഓഫ് ദി ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റിൽ (കടഅഇഛരച 2023) ട്രയൽ ഓഫ് ആർട്ടീരിയൽ

ക്യാനുലേഷൻ ഇൻ പിഡിയാട്രിക് കെയർ' എന്ന വിഷയത്തെപ്പറ്റി പ്രചോദനാത്മകവും നൂതനവുമായ പ്രസന്റേഷൻ അനസ്തേഷ്യാ വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ബിനിൽ ഐസക് മാത്യു അവതരിപ്പിച്ചു.

**ഡോ. സിജു ജോസ്**

ക്രിസ്ത്യൻ മെഡിക്കൽ കോളേജ് വെല്ലൂരിൽ നിന്നും പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജെറിയാട്രിക്സിൽ സീനിയർ റസിഡന്റ് ഡോ. സിജു ജോസ് മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**മിസ്റ്റർ ജോമറ്റ് കെ.സി.**

Time-HF ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയുടെ ഭാഗമായി നടന്ന റിസർച്ച് സ്റ്റഡിയിൽ ബെസ്റ്റ് പേഷ്യന്റ് ഫോളോ അപ് അവാർഡ് സ്റ്റാഫ് നഴ്സ് ജോമറ്റ് കെ.സി. കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- സെന്റ് മേരീസ് ചർച്ച്, നിർമ്മലമാത യൂണിറ്റ്, കാച്ചേരി, തൃശ്ശൂർ
- പ്രൊവിൻഷ്യൻ സുപ്പീരിയർ, എഫ്.സി.സി, അസ്സീസി പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- അലൻ ഷിനോയ്, കാപ്പുങ്ങൽ ഹൗസ്, ആശാരിക്കാട് പി. ഒ, തൃശ്ശൂർ
- നോവ നദാൻ, വെമ്പിൽ ഹൗസ്, പുതുക്കാട്, തൃശ്ശൂർ
- സിസ്റ്റർ ജോമി, പിഡിയാട്രിക് വാർഡ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ് അരണാട്ടുകര, തൃശ്ശൂർ
- ബിന്ദു റിസൺ, കുറുപറമ്പിൽ ഹൗസ്, വല്ലച്ചിറ, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

## 1. Union Inauguration

2023 – 24 വർഷത്തെ സ്റ്റുഡന്റ്സ് യൂണിയന്റെ ഉദ്ഘാടനം 03.11.2023 വെള്ളിയാഴ്ച നടത്തി. എക്സിക്യൂട്ടീവ് മാനേജർ ഫാ. തോമസ് കാക്കശ്ശേരി പരിപാടിയുടെ മുഖ്യാതിഥി ആയിരുന്നു. വിവിധ കലാപരിപാടികൾ ചടങ്ങിന്റെ മോടി കൂട്ടി.

## 2. Placement Orientation Programme

AISAT India യുടെയും Capabl കമ്പനിയുടെയും നേതൃത്വത്തിൽ അവസാന വർഷ വിദ്യാർത്ഥികൾക്കായി 14.11.2023 ചൊവ്വാഴ്ച Placement Orienttion Programme നടത്തി. Capabl കമ്പനി സി.ഇ.ഒ. ആയ മയങ്ക് അറോറ വിദ്യാർത്ഥികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

## 3. Civil Engineering Association Inauguration

സിവിൽ എഞ്ചിനീയറിംഗ് വിഭാഗവും കടഠഋ (Student Chapter) യും സംയുക്തമായി നവംബർ 15 ന് സിവിൽ എഞ്ചിനിയറിംഗ് അസോസിയേഷന്റെ ഉദ്ഘാടനം നടത്തി. Chennai Shyam Steel Industries Limited ടെക്നിക്കൽ അസിസ്റ്റന്റ് മാനേജരായ ശ്രീ. ജിതിൻ ടി.ജെ ആയിരുന്നു പരിപാടിയുടെ മുഖ്യാതിഥി. ജ്യോതിയിലെ മുൻ വിദ്യാർത്ഥി ആയിരുന്ന ശ്രീ. ജിതിന്റെ പ്രഭാഷണം വിദ്യാർത്ഥി കൾക്ക് ആവേശം പകരുന്നതായിരുന്നു.

## 4. Student Assembly

S3 (2022–26) ബാച്ചിലെ വിദ്യാർത്ഥികളുടെ അസംബ്ലി 06.11.2023 നും, S5 (2021–25) ബാച്ചിലെ വിദ്യാർത്ഥികളുടെ അസംബ്ലി 30.11.2023 നും നടത്തി. ഈ സെമസ്റ്ററിലെ മികച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ നല്കി അവരെ ആദരിച്ചു.

## 5. Karthavya Hackathon (ഓൾ ഇന്ത്യ പ്രോജക്ട് മത്സരം)

കേരള ശുചിത്വ മിഷൻ, തൃശൂർ ജില്ലാ പഞ്ചായത്ത്, സ്റ്റാർട്ടപ്പ് മിഷൻ കേരള, കില എന്നിവരുടെ സഹകരണത്തോടെ ഓൾ ഇന്ത്യ പ്രോജക്ട് മത്സരം ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഡിസംബർ 1,2,3 തിയ്യതികളിൽ നടത്തുകയുണ്ടായി. പ്രോജക്ട് മത്സരത്തിന്റെ

ഉദ്ഘാടനം ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ കോ-ഓഡിനേറ്റർ കെ. മനോജ് ഉദ്ഘാടനം ചെയ്തു.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ആൻസി സോജന് സെന്റ് തോമസ് കോളേജിന്റെ ആദരം**

ഏഷ്യൻ ഗെയിംസ് വെള്ളി മെഡൽ ജേതാവും പൂർവ്വ വിദ്യാർത്ഥിയുമായ ആൻസി സോജന് സെന്റ് തോമസ് കോളേജിന്റെ ആദരം. ചടങ്ങ് ടി.എൻ പ്രതാപൻ എം.പി ഉത്ഘാടനം ചെയ്തു. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു. കോളേജ് മാനേജ്മെന്റ് (50,000 രൂപ), പി.ടി.എ (25,000 രൂപ) ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ (25,000 രൂപ) ക്യാഷ് പ്രൈസ് ആൻസിക്കു കൈമാറി.

**2. കായിക കിരീടം ചൂടി സെന്റ് തോമസ്**

55-ാമത് കാലിക്കറ്റ് സർവകലാശാലാ ഇന്റർ കോളേജിയേറ്റ് അത്‌ലറ്റിക് മീറ്റിന് കൊടിയിറങ്ങിയപ്പോൾ തൃശൂർ സെന്റ് തോമസ് കോളജിന് പുരുഷകിരീടം. 15 വർഷത്തിനു ശേഷമാണ് അത്‌ലറ്റിക്സ് പുരുഷ ടീം യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പ് തിരിച്ചു പിടിക്കുന്നത്.

- ഫാസ്റ്റസ്റ്റ് അത്‌ലറ്റ് ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയായി ഒന്നാം വർഷ എം.വി.സി. വിദ്യാർത്ഥി അജിത്ത് ജോൺ.
- 20 കിലോമീറ്റർ നടന്നെത്തിയ കെ.പി പ്രവീൺ റെക്കോർഡ് തിളക്കമുള്ള സ്വർണത്തിലേക്ക്.
- പുരുഷ വിഭാഗം ഹൈജംപിൽ ടി.എൻ ദിൽഷിത്ത് സ്വർണ്ണം നേടി.
- 1500 മീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി ആദർശ് ഗോപി. രണ്ടാം സ്ഥാനം നേടി നബീൽ സാഹി.
- കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയേറ്റ് ചെസ്സ് മത്സരത്തിൽ പുരുഷ വിഭാഗം ഒന്നാം സ്ഥാനവും വനിത വിഭാഗം

രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

- പുരുഷ വിഭാഗ ഹോക്കി മത്സരത്തിൽ സെക്കന്റ് റണ്ണർ അപ് ആയി സെന്റ് തോമസ് കോളേജ്.

**3. ദേശീയതലത്തിലെ ബെസ്റ്റ് മാനേജ്മെന്റ് ടീം മത്സരത്തിൽ തിളങ്ങി വിദ്യാർത്ഥികൾ**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളായ സജ്ഞന എസ്. നായർ, ജീവൻ. എസ്. പോൾ, ഏബൽ ബിജു, തോമസ് എസ്. റാഫി എന്നിവർ ബെസ്റ്റ് മാനേജ്മെന്റ് ടീം മത്സരത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചു. ദേശീയ തലത്തിൽ ഡി. പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, അങ്കമാലിയിൽ വെച്ചു നടന്ന ദക്ഷ് എന്ന മാനേജ്മെന്റ് ഫെസ്റ്റിലാണ് 30,000 രൂപ ക്യാഷ് പ്രൈസ് സ്വന്തമാക്കിയത്.

**4. ദേശീയതലത്തിലെ ഫുഡ്ബോൾ മത്സരത്തിൽ സെന്റ് തോമസിലെ വിദ്യാർത്ഥികൾ**

മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളായ ആഷിക് കെ. ദിനേശ്, അഭിജിത്ത് കെ.എ, തോമസ് ജോസ്, ക്രിസ്റ്റൊ ജോസഫ്, ക്രിസ്റ്റോ ജോഷി, അൽഫാസ് കബീർ എന്നിവർ ഫുഡ്ബോൾ മത്സരത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചു. ദേശീയതലത്തിൽ ഡി. പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി അങ്കമാലിയിൽ വെച്ചു നടന്ന ദക്ഷ് എന്ന മാനേജ് മെന്റ് ഫെസ്റ്റിലാണ് 10,000 രൂപ ക്യാഷ് പ്രൈസ് സ്വന്തമാക്കിയത്.

**5. അഭിനന്ദനം**

ലോകത്തിലെ ബെസ്റ്റ് റിസർച്ചറായി തെരഞ്ഞെടുക്കപ്പെട്ട കാലിക്കറ്റ് സർവകലാശാല വൈസ്. ചാൻസലർ ഡോ. എം. കെ. ജയരാജനെ സെന്റ് തോമസ് കോളേജ് അഭിനന്ദിച്ചു.

**6. അനുശോചന യോഗം**

പ്രിൻസിപ്പാൾ ഡോ. മാർട്ടിൻ കെ.എ യുടെ നേതൃത്വത്തിൽ പി. വിജയകുറുപ്പ് സാറിന്റെ അനുശോചന യോഗം നടത്തി. അദ്ധ്യാപകരോടും, ജീവനക്കാരോടും വിദ്യാർത്ഥികളോടും ഒരു പോലെ അങ്ങേയറ്റം ആദരവോടെ പെരുമാറിയ ഒരു മികച്ച അദ്ധ്യാപകൻ എന്ന നിലയിൽ പ്രൊഫ. വിജയക്കുറുപ്പിനെക്കുറിച്ചുള്ള പ്രിയപ്പെട്ട ഓർമ്മകൾ പങ്കുവെച്ചു.

**7. സെന്റ് തോമസ് കോളേജ് ടീം ചാമ്പ്യൻമാർ**

സെന്റ് തോമസ് കോളേജിന്റെ ടെന്നിസ് ടീം ഇരിഞ്ഞാലക്കുടയിൽ സമാപിച്ച കാലിക്കറ്റ് സർവകലാശാല ടെന്നിസ് മത്സരത്തിൽ ചാമ്പ്യന്മാരായി. നിലമ്പുർ അമൽ കോളേജ് രണ്ടാം സ്ഥാനവും,

ഇരിങ്ങാലക്കുട ക്രൈസ്റ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**8. ഇന്റർ കോളേജിയറ്റ് ഫുട്ബോൾ സെന്റ് തോമസിന് ജയം**

ജോസഫ്സ് റൈസ് മെമ്മോറിയൽ സൗത്ത് ഇന്ത്യൻ ഇന്റർ കോളേജിയറ്റ് ഫുട്ബോൾ ടൂർണമെന്റ് ഒന്നാം റൗണ്ട് മത്സരത്തിൽ തൃശൂർ സെന്റ് തോമസിന് വിജയം.

**9. സ്വരാജ് റൗണ്ടിൽ വെച്ച് മിനി മാരത്തൺ**

ഫസ്റ്റ് കമ്പനിയുടെ നേതൃത്വത്തിൽ 'ലഹരിയുടെ ദുരുപയോഗം' എന്ന ആശയ ത്തോട് അനുബന്ധിച്ച് സ്വരാജ് റൗണ്ടിൽ വെച്ച് മിനി മാരത്തൺ സംഘടിപ്പിച്ചു . 60 ഓളം കേഡറ്റുകൾ ലഹരിവിമുക്ത നാട് എന്ന ആശയം ഉയർത്തി കൊണ്ടുള്ള പ്ലക്കാർഡുകൾ ഏന്തി മാരത്തണിൽ പങ്കെടുത്തു. മാനസികസമ്മർദം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ യുവാക്കളിൽ ചിലർ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് നാടിന് വലിയ വിപത്താണ്. ഇതിനു പകരമായി സ്ഥിരമായി വ്യായാമങ്ങളിലും മറ്റു സാമൂഹികപ്രതിബദ്ധതയുള്ള പ്രവർത്തികളിലും ഏർപ്പെടുന്നത് മനസ്സിന്റെ ഉന്മേഷത്തെ നിലനിർത്തുവാൻ സഹായിക്കും എന്ന സന്ദേശം കേഡറ്റുകൾ ഈ മാരത്തണിലൂടെ പ്രചരിപ്പിച്ചു.

**10. പ്ലെയ്സ്മെന്റ് സെൽ**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വർഷാവസാന ഡിഗ്രി, പി. ജി, വിദ്യാർത്ഥികൾക്കായ് 'ടേണിംഗ് പോയിന്റ്' എന്ന പേരിൽ നൈപുണ്യ വികസന പരിപാടി സംഘടിപ്പിച്ചു. സെല്ലിന്റെ നേതൃത്വത്തിൽ നടന്ന പ്ലേയ്സ്മെന്റ് ഡ്രൈവിൽ വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. സിഫോ – 10, അസഞ്ചർ – 112, കോഡിങ് –4, ടീച്ച് ഫോർ ഇന്ത്യ–8.

**11. അഗ്നി 23**

തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നവംബർ 24 ന് എൻ.സി. സി ദിനത്തോട നുബന്ധിച്ച് കാഡറ്റ്സ് ഓഫ് വെസ്റ്റ് കമ്പനി, സെക്ഷൻ ബാറ്റിൽ ഡ്രില്ലും, കേയ്ൻ ഡ്രില്ലും കലാപരിപാടികളും അഗ്നി 23 എന്ന പേരിൽ സംഘടിപ്പിച്ചു.

**12. 'ട്രാൻസ്ഫോർമേഷണൽ റിയാക്ഷൻസ് ടു ട്രാൻസ്ലാഷണൽ റിസർച്ച്'**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് 'ട്രാൻസ്ഫോർമേഷണൽ റിയാക്ഷൻസ് ടു ട്രാൻസ്ലാഷണൽ റിസർച്ച്' എന്ന വിഷയത്തിൽ നവംബർ 24 ന് സെമിനാർ സംഘടിപ്പിച്ചു. യു.എസ്.എ യിലെ പെർഡ്യൂ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. പി.വി. രാമചന്ദ്രനാണ് സെമിനാർ നയിച്ചത്.

**13. സെമിനാർ**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് 'ലിനിയർ മോഡൽസും അതിന്റെ ഉപയോഗ ങ്ങളും' എന്ന വിഷയത്തിൽ മേനാച്ചേരി ഹാളിൽ നാലാമത്തെ സെമിനാർ സംഘടിപ്പിച്ചു. പ്രൊഫ.എ.എം.മത്തായി (എമരിറ്റസ് പ്രൊഫ. മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, മഗ്ഗിൽ യൂണിവേഴ്സിറ്റി, കാനഡ ആന്റ് ഡോ.അശോക് മുളയത്ത് വാരിയത്ത് (അസി. പ്രൊഫ. സ്റ്റാറ്റിസ്റ്റിക്സ്,മെമ്മോറിയൽ യൂണിവേഴ്സിറ്റി ഓഫ് ന്യു ഫൗണ്ട് ലാൻഡ്, സെന്റ് ജോൺസ് (എൻ.എൽ) എന്നിവർ മുഖ്യപ്രഭാഷണം നടത്തി.

**14. 'സെഷൻ ഓൺ റിസർച്ച് മെത്തഡോളജി'**

കോമേഴ്സ് ഡിപ്പാർട്ട്മെന്റ് 'സെഷൻ ഓൺ റിസർച്ച് മെത്തഡോളജി' എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ലീഡ് കോളേജ് ഓഫ് മാനേജ്മെന്റ് പാലക്കാടിലെ അസിസ്റ്റന്റ് പ്രൊഫ. ഡോ. ഉർമിള. ആർ. മേനോൻ ക്ലാസ് നയിച്ചു.

**15. 'മീറ്റ് ദ എന്റർപ്രണർ': കൊച്ചഔസേഫ് ചിറ്റിലപ്പിള്ളി'**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് 'മീറ്റ് ദ എന്റർപ്രണർ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി' എന്ന പരിപാടി സംഘടിപ്പിച്ചു. കേരള സംസ്ഥാന ആസൂത്രണ കമ്മീഷൻ മുൻ അംഗവും പൂർവവിദ്യാർഥിയുമായ സി.പി.ജോൺ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് അധ്യക്ഷത വഹിച്ചു. കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി.

**16. നാടോടി സംഘനൃത്ത മത്സരം**

ഹിന്ദി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നവംബർ 28 മെഡ്ലികോട്ട് ഹാളിൽ വച്ച് ഇന്ത്യൻ നാടോടി സംഘനൃത്ത മത്സരം സംഘടിപ്പിച്ചു. ഹിന്ദി വകുപ്പ് മേധാവി ഡോ. ഷെമി ജോണിന്റെയും അസി. പ്രൊഫ. ഡോ. റാണി ജാസ്മിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച മത്സരത്തിൽ കോളേജിലെ വിദ്യാർഥികൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നാടോടി നൃത്തരൂപങ്ങൾ അവതരിപ്പിച്ചു. വിജയികൾക്ക് സെൻറ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഫാ.ഡോ മാർട്ടിൻ കെ.എ.സമ്മാനദാനം നടത്തി.

**17. സാന്തോം കൊയ്നോനിയ**

സാന്തോം കൊയ്നോനിയ കുടുംബ സംഗമം നടത്തി. കോളേജിലെ അദ്ധ്യാപക അനദ്ധ്യാപകരുടെ കുടുംബ സംഗമം മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കലാപരിപാടികളും സ്നേഹ വിരുന്നും ഉണ്ടായിരുന്നു.

**18. പുസ്തകതണൽ**

സെൻറ് തോമസ് കോളേജ് എൻ.എസ്.എസ് യൂണിറ്റ്സ് 42,144 എന്നിവയുടെ ആഭിമുഖ്യത്തിൽ 'പുസ്തകതണൽ' എന്ന പേരിൽ നടത്തുന്ന പുസ്തക ശേഖരണം നവംബർ 17 മുതൽ 27 വരെ നടന്നു. കോളേജിലെ അക്കാദമിക് ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ജൂബിലി ബ്ലോക്ക് എന്നീ മൂന്നിടങ്ങളിലായി പുസ്തകങ്ങൾ നിക്ഷേപിക്കാൻ പ്രത്യേകം ബോക്സുകൾ തയ്യാറാക്കി വിദ്യാർത്ഥികൾ അതിൽ പുസ്തകം നിക്ഷേപിക്കുകയാണ് ചെയ്തത്.

**19. 'സ്വാദ്'' പൊതിച്ചോറ് വിതരണം**

സെന്റ് തോമസ് കോളേജ് എൻ.എസ്.എസ് യൂണിറ്റ് 42,144 എന്നിവയുടെ ആഭിമുഖ്യത്തിൽ 'സ്വാദ്'- പൊതിച്ചോറ് വിതരണം നടത്തപ്പെട്ടു. തൃശ്ശൂർ നഗരത്തിലെ പ്രധാന ഇടങ്ങളായ ശക്തൻ സ്റ്റാൻഡ്, വടക്കേ സ്റ്റാൻഡ്, തേക്കിൻക്കാട് മൈതാനം എന്നിവിടങ്ങളിലാണ് പ്രധാനമായും പൊതിച്ചോറ് വിതരണം നടത്തുന്നത്. പത്തുപേരടങ്ങുന്ന ഒരു ഗ്രൂപ്പ് വോളണ്ടിയേഴ്സ് കോളേജിലെ വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും അനദ്ധ്യാപകരിൽ നിന്നും പൊതിച്ചോറുകൾ ശേഖരിച്ച് നേരിട്ട് വിതരണം ചെയ്യുക യാണ് പതിവ്. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ആയ ഡോ. വിമല കെ ജോൺ, ഡോ.ജോബി പോൾ എന്നിവരുടെ നേതൃത്വത്തി ലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**20. പ്രഗതി 3.0**

സാമ്പത്തികശാസ്ത്ര വിഭാഗം, പ്രഗതി ലക്ചർ സീരീസിലെ മൂന്നാമത്തെ ലക്ചർ സംഘടിപ്പിച്ചു. ഐ.ജി.ഐ.ഡി.ആർ മുംബൈയിലെ പ്രൊഫസറും സെന്റ് തോമസ് കോളേജിലെ പൂർവ്വ വിദ്യാർത്ഥിയുമായ ഡോ. ഗോപകുമാർ അച്ച്യുതൻകുട്ടിയാണ് നവംബറിൽ ക്ലാസ് നയിച്ചത്. 'കരിയർ പ്രോസ്പെക്റ്റ്സ് ഇൻ തിയററ്റിക്കൽ ഇക്കണോമിക്സ് റിസർച്ച്'എന്ന വിഷയത്തിലായിരുന്നു ക്ലാസ്.

**21. കേരളത്തിലെ ഓട്ടോണമസ് കോളേജുകളുടെ കൺസോർഷ്യം**

സെന്റ് തോമസ് കോളേജ് സെന്റിനറി കോൺഫറൻസ് ഹാളിൽ വച്ച് കേരളത്തിലെ ഓട്ടോണമസ് കോളേജുകളുടെ കൺസോർഷ്യത്തിലെ അംഗങ്ങൾ ഒന്നിച്ചു കൂടുന്ന സമ്മേളനം സംഘടിപ്പിച്ചു.

**22. വോട്ടർ പട്ടികയിൽ പേര് ചേർക്കൽ ക്യാമ്പയിൻ**

2023 നവംബർ 27 ന് ഇലക്ടറൽ ലിറ്ററസി ക്ലബ്ബും (ഇ.എൽ.സി), എൻ.എസ്. എസും ഒന്നിച്ച് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം ഒരുക്കി. വിദ്യാർത്ഥി സമൂഹത്തിൽ തിരഞ്ഞെടുപ്പ് അവ

ബോധവും പൗരബോധവും വളർത്തുന്നത് ലക്ഷ്യമിട്ടാണ് ഈ പരിപാടി സംഘടിപ്പിച്ചത്. 2023 നവംബർ 27, 29 വരെയാണ് വോട്ടർ പട്ടികയിൽ പേരു ചേർക്കൽ ക്യാമ്പ് നടത്തിയത്.

**23. സെന്റ് തോമസ് യൂണിയൻ ഡെ – 'സമത്വ'**

സെന്റ് തോമസ് കോളേജ് യൂണിയൻ ഡെ ആഘോഷിച്ചു. പ്രതിപക്ഷ നേതാവ് യു.ടി. സതീശനായിരുന്നു ഉദ്ഘാടനം നിർവ ഹിച്ചത്. പ്രശസ്ത സിനിമാ താരം ബിപിൻ ജോർജായിരുന്നു മുഖ്യ അതിഥി. കോളേജിന്റെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട എൽവിൻ പയസും മറ്റു യൂണിയൻ അംഗങ്ങളും സത്യപ്രതിജ്ഞ യെടുത്തു കൊണ്ട് സ്ഥാനമേറ്റു.

**24. ഇ–ഗ്രീറ്റിംഗ് ഡേ ആചരിച്ചു**

ഐ.ഐ.സി, ഐ.ഇ.ഡി.സി എന്നിവയുടെ സഹകരണത്തോടെ ഇലക്ട്രോണിക്സ് വിഭാഗം 2023 നവംബർ 30–ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ ജൂബിലി ബ്ലോക്കിൽ വെച്ച് ഇ–ഗ്രീറ്റിംഗ് ഡേ ആചരിച്ചു. ശ്രീമതി നിമ്മി ആന്റലോ (ഫാഷൻ ഡിസൈനർ അലങ്കാർ ബൊട്ടിക്, തൃശ്ശൂർ, മാള) ക്ലാസ് നയിച്ചു. 'മൈ സ്റ്റോറി: എ മോട്ടിവേഷ ണൽ സെഷൻ ബൈ എ സക്സസ്ഫുൾ ഓണ്ടർപ്രനർ' എന്ന വിഷയത്തിലായിരുന്നു ക്ലാസ് സംഘടിപ്പിച്ചത്.

**25. ശിൽപ്പശാല**

ഐ.ഇ.ഡി.സി യും, ഐ.ഐ.സി യുമായി ചേർന്ന് ഇലക്ട്രോണി ക്സ് ഡിപ്പാർട്ട്മെന്റ്2023 നവംബർ 29 ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ വെച്ച് 'പവർ ഓഫ് ബ്ലോക്ക് പ്രോഗ്രാമിംഗ്' എന്ന വിഷയത്തിൽ ഒരു ശിൽപശാല സംഘടിപ്പിച്ചു. സെഷൻ കൈകാര്യം ചെയ്തത് അസി. പ്രൊഫസർമാരായ ശ്രീ. ജിനേഷ് കെ.ജെ, ശ്രീ. സുമേഷ് സി, (ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചെറുതു രുത്തി) എന്നിവരാണ്.

**26. ദേശീയതല പരിശീലന പരിപാടി**

ബോട്ടണി ലാബിൽ വെച്ച് സസ്യ ഐഡന്റിഫിക്കേഷനും ടാക് സോണമിക് കീകളും സംബന്ധിച്ച ദേശീയ തല പരിശീലന പരിപ ാടി നടന്നു. കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.മാർട്ടിൻ കെ.എ പ രിപാടി ഉദ്ഘാടനം ചെയ്തു. ശ്രീഷ്മ പി.എസ്, ഡോ. ജോബി പേ ാൾ, ശ്രീമതി ആതിര എൻ.ജെ, ശ്രീമതി അപർണ ജോസഫ് വി, ദിവ്യ കെ. വേണുഗോപാൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**27. ഫാക്കൽറ്റി ലക്ചർ സീരീസ് ഉദ്ഘാടനം**

സാമ്പത്തികശാസ്ത്ര വിഭാഗം ഫാക്കൽറ്റി ലക്ചർ സീരിസിനു തുടക്കം കുറിച്ചു. റവ.ഡോ. മാർട്ടിൻ കെ.എ ഉദ്ഘാടനം ചെയ്തു.

ശ്രീമതി. ഗീത ഗോകുൽ ആദ്യ ലക്ചർ നയിച്ചു. 2023 ൽ ഇക്കണോമിക്സ് നോബൽ സമ്മാനത്തിനർഹയായ ക്ളോഡിയ ഗോൾഡിന്റെ 'വിമൻസ് ലേബർ മാർക്കറ്റ് ഔട്ട്കംസ്' എന്ന വിഷയത്തിലായിരുന്നു ക്ലാസ്.

**28. കേരള ഇക്കണോമി റീജിയണൽ സെമിനാർ**

സാമ്പത്തികശാസ്ത്ര വിഭാഗം പോസ്റ്റ് കോവിഡ് ഫേസിലെ കേരള ഇക്കോണ മിയെക്കുറിച്ച് റീജിയണൽ സെമിനാർ സംഘടിപ്പിച്ചു. പ്രൊഫ.ബി.എ.പ്രകാശ്, പ്രൊഫ.കെ.പി. മാണി, പ്രൊഫ.എ. പ്രേമ, പ്രൊഫ. ചാക്കോ ജോസ് എന്നിവർ ക്ലാസ് നയിച്ചു. ബി.എ. പ്രകാശും ജെറി ആൽവിനും ചേർന്ന് കേരള ഇക്കണോമിക്ക് ഡവലപ്പ്മെന്റ് എന്ന പുതിയ പുസ്തകത്തെ പരിചയപ്പെടുത്തി.

**29. ടെക് – ഇൻസൈറ്റ് വർക്ക്ഷോപ്പ്**

കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗം ഐ.ഇ.ഡി.സി, ഐ.ഐ.സി എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ടെക്-ഇൻസൈറ്റ്, ഇന്നൊവേഷൻ വർക്ക്ഷോപ്പിന്റെ പ്രക്രിയയെക്കുറിച്ചുള്ള സെഷൻ റിസോഴ്സ് പേഴ്സൺ ശ്രീ. അന്റോണിയോ ജോഷി (ഇന്നൊവേറ്റർ) കൈകാര്യം ചെയ്തു. റവ.ഫാ. മാർട്ടിൻ കെ.എ. പരിപാടി ഉദ്ഘാടനം ചെയ്തു.

**30. വെർചൽ റിയാലിറ്റിയെക്കുറിച്ച് വർക്ക്ഷോപ്പ്**

കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗം ഐ.ഇ.ഡി.സി, ഐ.ഐ.സി എന്നിവയുമായി സഹകരിച്ച് വെർചൽ റിയാലിറ്റിയെക്കുറിച്ച് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ശിൽപശാല വൈസ് പ്രിൻസിപ്പാൾ ഡോ. ഇ.ഡി ജോൺ ഉദ്ഘാടനം ചെയ്തു, കുമാരഗുരു ബാരൻ (ചീഫ് എക്സി. ഓഫീസർ, എക്സ്.ആർ ആർക്കിടെക്റ്റ്) സെഷൻ കൈകാര്യം ചെയ്തു.

**31. പുനർജീവൻ മക്കൾക്കു സാന്ത്വനമായി സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥികൾ**

മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് ഭിന്നശേഷിക്കാരായവർക്ക് വീൽ ചെയർ നൽകി. ഒരു സോഷ്യൽ ഡ്രൈവ് നടത്തി പണം സ്വരൂപിച്ചുകൊണ്ടാണ് പുനർജീവൻ ആശ്രമത്തിലെ ഭിന്നശേഷിക്കാർ ക്കിടയിൽ കാരുണ്യത്തിന്റെ പൊൻപ്രഭ വീശിയത്.

**32. പോളിസി സർക്കിൾ: ചർച്ചകൾ നടത്തി**

സാമ്പത്തിക ശാസ്ത്ര വിഭാഗം ആർ.ബി.ഐ നടത്തിയ എം.പി. സി കമ്മിറ്റി യോഗവുമായി ബന്ധപ്പെട്ട് ചർച്ച നടത്തി. ചർച്ച

നയിച്ചത് എം.എ രണ്ടാം വർഷ വിദ്യാർത്ഥി  അമാൻ ജീഫ്രുമാണ്. ആർ.ബി.ഐ മീറ്റിങ്ങിൽ വരുത്തിയേക്കാവുന്ന മാറ്റങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്തത്. യോഗങ്ങളിൽ സാമ്പത്തിക ശാസ്ത്ര വിഭാഗ മേധാവി ശ്രീ.ഇമ്മാനുവൽ  തോമസും ഫാക്കൽറ്റി കോ-ഓർഡിനേറ്റർമാരായ ശ്രീമതി. ഗീത ഗോകുൽ, ഡോ. ജിനി പോൾ എന്നിവരും നേതൃത്വം നൽകി.

**33. അസ്ത്ര 2 കെ 23**

മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് അസ്ത്ര-മാത്ത്സ് ഫെസ്റ്റ് ഡിസംബർ 7, 8 തിയ്യതികളിലായി സംഘടിപ്പിച്ചു. റിത്മാറ്റിക്സ്, തെയ് തക  തുടങ്ങി നിരവധി മത്സര ങ്ങളും സോഷ്യൽ ഡ്രൈവും നടത്തി.

**34. പോയിറ്റ് @ ലൈവ്**

ഇംഗ്ലീഷ് വിഭാഗം റീഡേഴ്സ് ക്ലബ്ബുമായി ചേർന്ന് 'പോയിറ്റ് @ ലൈവ്' എന്ന പരിപാടി സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ റവ.ഡോ. മാർട്ടിൻ കെ.എ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ, വിശിഷ്ടാതിഥിയായി എത്തിയത് പാലക്കാട് ഗവ. ആർട്ട്സ് ആൻഡ് സയൻസ് കോളേജിലെ അസോ. പ്രൊഫസറും കവിയുമായ ഡോ. അനിൽ പി.വി ആയിരുന്നു. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിയിലെ കമ്പാരിറ്റിവ് ലിറ്ററേച്ചർ വിഭാഗം പ്രൊഫ. ഡോ എം.ടി അൻസാരി ക്ലാസ് നയിച്ചു.

**35. ബോധവൽക്കരണ ക്ലാസ്**

ഡാറ്റാ സയൻസ് ഡിപ്പാർട്ട്മെന്റ് റെഡ് ടീം അക്കാദമിയുമായി ചേർന്ന് 'ദ സർട്ടിഫൈഡ് എത്തിക്കൽ ഹാക്കിംഗ്' എന്ന വിഷയത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. എക്സി. മാനേജർ ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്ത പരിപാടി റെഡ് ടീം സൈബർ സെക്യൂരിറ്റി ഇൻസ്ട്രക്ടർ ശ്രീ. റിന്റോ എം. പ്രിൻസ് സെഷൻ കൈകാര്യം ചെയ്തു.

**36. സൈബർ ബോധവൽക്കരണം**

മാനേജ്മെന്റ് സ്റ്റഡീസും, ഇംഗ്ലീഷ് വിഭാഗവും ബിരുദ വിദ്യാർത്ഥികൾക്കായി 'സൈബർ ബോധവൽക്കരണം' എന്ന ഒരു നൈപുണ്യ വികസന പരിപാടി സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഫാ. ഡോ. മാർട്ടിൻ കെ.എ. സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രമുഖ റിസോഴ്സ് പേഴ്സൺ അഡ്വ. പ്രശാന്ത് കുന്നത്ത് (പാനൽ അഭിഭാഷകൻ ജില്ലാ ലീഗൽ അതോറിറ്റി) സെഷൻ കൈകാര്യം ചെയ്തു.

**37. സെമിനാർ ആൻഡ് മെറിറ്റ്ഡെ**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് എട്ടാമത് പ്രൊഫ. ജോസ് മേനാച്ചേരി

അനുസ്മരണ സെമിനാറും ഈ അദ്ധ്യയന വർഷത്തെ മെറിറ്റ്ഡേയും നടത്തി. മേനാച്ചേരി ഹാളിൽ നടന്ന പരിപാടിയിൽ പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ. അദ്ധ്യക്ഷത വഹിക്കുകയും കോളേജ് എക്സി. മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ ഉത്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു.

**38. മാലിന്യമുക്ത നവകേരളം**

കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് ശുചീകരിച്ച് മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി സെന്റ് തോമസ് കോളേജിലെ എൻ.എസ്.എസ് വിദ്യാർത്ഥികളും തൃശൂർ കോർപ്പറേഷനും ജില്ലാശുചിത്വമിഷനും, കെ.എസ്.ആർ.ടി.സി ജീവനക്കാരോടൊപ്പം ബസ് സ്റ്റാൻഡ് ശുചീകരണം മേയർ എം.കെ വർഗീസ് ഉത്ഘാടനം ചെയ്തു. കൗൺസിലർ വിനോദ് പൊള്ളഞ്ചേരി, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ രജിനേഷ് രാജൻ, കോർപ്പറേഷൻ ക്ലീൻ സിറ്റി മാനേജർ കൃഷ്ണൻ, കെ.എസ്. ആർ.ടി.സി നോഡൽ ഓഫീസർ കെ.എ. നാരായണൻ എന്നിവർ പ്രസംഗിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**എയ്ഡ്സ് ദിനം ആചരിച്ചു**

ഡിസംബർ ഒന്നാം തിയ്യതി അന്താരാഷ്ട്ര എയ്ഡ്സ് ദിനം ആന്റി അഡാട്ട് ക്ലബിന്റെ നേതൃത്വത്തിൽ ആചരിച്ചു. വിജ്ഞാനപ്രദമായ വീഡിയോകളും അറിവുകളും വിദ്യാർത്ഥികൾക്കായി അവതരിപ്പിച്ചു. തുടർന്ന് എയ്ഡ്സ് ബോധവത്കരണ പ്രതിജ്ഞ വിദ്യാർത്ഥികൾ ഏറ്റുചൊല്ലി.

**മോഡൽ പരീക്ഷ**

2023-25 ഫസ്റ്റ് സെമസ്റ്റർ ബി.എഡ് ബാച്ചിന്റെ മോഡൽ പരീക്ഷ ഡിസംബർ 14 മുതൽ 20 വരെ ദിവസങ്ങളിൽ നടത്തി. അൺ എയ്ഡ് ട്രെയിനിംങ്ങ് കോളേജ് പ്രിൻസിപ്പൽസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള ബോർഡാണ് പരീക്ഷ പേപ്പർ തയ്യാറാക്കിയത്.

**അന്താരാഷ്ട്ര കോൺഫറൻസ്**

ദ്വിദിന അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി 'എംപവറിംഗ് എവരി ലേർണർ ബ്രിഡ്ജിംഗ് ഗ്യാപ് വിത്ത് ഇൻക്ല്യൂസിവ് എഡ്യുകേഷൻ ആന്റ് അസിസ്റ്റീവ് ടെക്നോളജി' എന്ന വിഷയത്തിൽ പാവറട്ടി സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ് നടത്തിയ ദ്വിദിന കോൺഫറൻസിന്റെ സംഘാടനത്തിൽ മഹാജൂബിലി ട്രെയിനിംഗ് കോളേജും ഭാഗമായി. ഡിസംബർ 20, 21 തിയതികളിലായി നടന്ന പരിപാടിയിൽ കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 22 വെള്ളിയാഴ്ച ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. കോളേജ് മാനേജർ മോൺ. ജോസ് കോനിക്കര ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ, അസി.മാനേജർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി, സ്റ്റാഫ് പ്രതിനിധി മിസ്സ്.സൗമ്യ.ഇ എന്നിവർ ക്രിസ്തുമസ് ആശംസകൾ നേർന്നു സംസാരിച്ചു.

**അഭിനന്ദനങ്ങൾ**

നവകേരള സദസ്സിന്റെ ഭാഗമായി കോളേജ് തലത്തിൽ സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്ക് ഒന്നാം സ്ഥാനം ലഭിച്ചു. അശ്വതി.കെ, നമിത.എൻ എന്നീ വിദ്യാർത്ഥികൾക്ക് സംവാദത്തിലും, വിഷ്ണു ടി, ജീസ്മോൻ പി.ജെ എന്നിവർക്ക് ക്വിസ് മത്സരത്തിലും ഒന്നാം സ്ഥാനം ലഭിച്ചു. ഉപന്യാസ രചനയിൽ അക്ഷയ.പി.എ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഡിസംബർ നാലിന് ചെറുതുരുത്തി ഗവൺമെന്റ് സ്കൂളിൽ വെച്ച് നടന്ന നവകേരള സദസ്സിൽ വെച്ച് സമ്മാനം ഏറ്റുവാങ്ങി.

'അഡ്രസിംഗ് ഡൈവേഴ്സ് നീഡ്സ് ഇൻ ഇൻക്ലൂസിവ് എഡ്യുക്കേഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി പാവറട്ടി സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ് സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാറിൽ മഹാജൂബിലിയിലെ അധ്യാപകരും വിദ്യാർത്ഥികളും പ്രബന്ധം അവതരിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ.ചാക്കോ ചിറമ്മൽ സെഷൻസ് ചെയർ ചെയ്തു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | | |
|---|---|---|
| 3 (ബുധൻ) | - | വി. ചാവറ കുരിയാക്കോസ് ഏലിയാസ് |
| 5 (വെള്ളി) | - | ആദ്യവെള്ളി, വി. കുർബാന |
| 6 (ശനി) | - | ദനഹാത്തിരുനാൾ |
| 12 (വെള്ളി) | - | ദേശീയ യുവജനദിനം |
| 20 (ശനി) | - | വി. സെബസ്ത്യാനോസ് |
| 26 (വെള്ളി) | - | ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 30 (ചൊവ്വ) | - | ലോകസമാധാനദിനം |

**2. സ്ഥലമാറ്റ അപേക്ഷകൾ**

പ്രിൻസിപ്പാൾമാരുടെയും, പ്രധാനാധ്യാപകരുടെയും, അനധ്യാപകരുടെയും സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2024 ജനുവരി 31 (ബുധൻ) ആണ്. 31-3-2024 ൽ ഒരേ വിദ്യാലയത്തിൽ തന്നെ 5 വർഷം സേവനം പൂർത്തിയാക്കുന്ന പ്രധാനാധ്യാപകരും, അതുപോലെ തന്നെ 5 വർഷം പൂർത്തിയാക്കുന്ന അനധ്യാപകരും സ്ഥലമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. 31-3-2024 ൽ 5 വർഷം പൂർത്തിയായ പ്രധാനാധ്യാപകരുടെയും 5 വർഷം പൂർത്തിയായ അനധ്യാപകരുടെയും ലിസ്ററ് 17-1-2024 (ബുധൻ) ന് മുൻപ് അതിരൂപത കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വിരമിക്കുന്നതിന് 2 വർഷം മാത്രമുള്ള പ്രധാനാധ്യാപകരും, അനധ്യാപകരും സ്ഥലമാററത്തിന് അപേക്ഷ സമർപ്പിക്കണമെന്ന് നിർബന്ധമില്ലയെന്നും അറിയിക്കുന്നു.

**3. മെയിന്റനൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ സ്കൂളിന് ലഭിച്ചുകഴിഞ്ഞാൽ എത്രയും വേഗത്തിൽ അത് ഏജൻസി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**4. ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2023 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (5ൽ കുറവ്) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2024 ഫെബ്രുവരി 9 (വെള്ളി) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**5. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിതഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2024 ജനുവരി 31 (ബുധൻ) ആണ്.

**6. റിട്ടയർമെന്റ് ലിസ്റ്റ്**

2023-2024 വർഷത്തിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകാഫോമിൽ കാണുംവിധം എഴുതി 2024 ജനുവരി 12 (വെള്ളി) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ Nil റിപ്പോർട്ട് നൽകുമല്ലോ.

**RETIREMENT LIST (2023-2024)**
(SPECIMEN PROFORMA)

NAME OF SCHOOL:

| No. | Name of Staff Member | Designation | DOB | Date Of Retirement | Name of the Parent school |
|---|---|---|---|---|---|
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date: Signature of the Principal/ Headmaster Headmistress.

Place: (Seal)

**Note:** Parent school means: - School from where Nomination is received.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ജനുവരി മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ജനുവരി മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 3,4,5–10,11,12 – 24,25,26. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംഗ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംഗ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**നന്ദിയോടെ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ വിവാഹത്തിന്റെ 5,10,25,50,60 എന്നീ വർഷങ്ങൾ പൂർത്തിയാക്കിയവരുടെ സംഗമങ്ങൾ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ചും ബസിലിക്ക ദൈവാലയത്തിൽ വച്ചും ആഘോഷിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവും മാർ ജേക്കബ് തൂങ്കുഴി പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും ഈ ആഘോഷങ്ങൾക്ക് നേതൃത്വം വഹിച്ചു. വിവാഹത്തിന്റെ വിവിധ വർഷങ്ങളുടെ ആഘോഷങ്ങളിലേയ്ക്ക് ദമ്പതികളെ പറഞ്ഞുവിട്ട എല്ലാ വികാരിമാർക്കും പങ്കെടുത്ത എല്ലാ ദമ്പതികൾക്കും നന്ദി പറയുന്നു. വിവാഹത്തിന്റെ വിവിധ വർഷങ്ങളുടെ ആഘോഷങ്ങൾക്ക് ക്ലാസ്സുകൾ നയിച്ച ബഹു. വർഗ്ഗീസ് കൂത്തുർ അച്ചനും, ബഹു. വിൻസെന്റ് കുണ്ടുകുളം അച്ചനും, ബഹു. അഗസ്റ്റിൻ കല്ലേരി അച്ചനും, ബഹു. രാജു അക്കര അച്ചനും ഒത്തിരി നന്ദി പറയുന്നു.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2023 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഡിസംബർ 17 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്, ബഹു. രാജു അക്കര അച്ചനും, ഫാ. ഡെന്നി താണിക്കൽ അച്ചനും ഈ ദമ്പതി സംഗമത്തിന് നേതൃത്വം കൊടുത്തു. നേതൃത്വം കൊടുത്തവർക്കും പങ്കെടുത്തവർക്കും നന്ദി പറയുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന സന്ദർശനം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഒല്ലൂർ, പുതുക്കാട്, ബസിലിക്ക, പഴുവിൽ, പാലയൂർ, കണ്ടശ്ശാംകടവ്, വടക്കാഞ്ചേരി, എരുമപ്പെട്ടി, പുത്തൂർ, ലൂർദ്ദ്, പട്ടിക്കാട് എന്നീ ഫൊറോനകളിൽ അതിരൂപത ഡയറക്ടർ ഡെന്നി താണിക്കലച്ചന്റെ നേതൃത്വത്തിൽ കേന്ദ്രസമിതി ഭാരവാഹികൾ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ അതാത് ഫോറോന വികാരിമാർ, ആനിമേറ്റർ അച്ചന്മാർ, ഫൊറോന ഭാരവാഹികൾ, ഇടവക കൺവീനർമാർ സംബന്ധിച്ചു.

**യുവജന സംഗമം ABLAZE - 2K23**

യുവജന വർഷത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയിലെ യുവജന ഭാരവാഹികളുടെ സംഗമം ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നു. പ്രസ്തുത സംഗമം തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ മാർ ടോണി നീലങ്കാവിൽ പിതാവ് അധ്യക്ഷത വഹിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ മുൻ പാസ്റ്റർ കൗൺസിൽ

സെക്രട്ടറി ഡോ. റൂബിൾ രാജ് ക്ലാസെടുക്കുകയും ഏഷ്യൻ ഗെയിംസിൽ സോഫ്റ്റ് ബേസ്ബോൾ മത്സരത്തിൽ സ്വർണ്ണമെഡൽ നേടിയ എൽവിയ ദേവസിയെ ആദരിക്കുകയും ചെയ്തു. തുടർന്ന് യോഗത്തിൽ പങ്കെടുത്ത യുവജന ഭാരവാഹികളുമായി അഭിവന്ദ്യ പിതാക്കൻമാർ സംവദിക്കുകയും ചെയ്തു. മോൺ. ജോസ് വല്ലൂരാൻ, കുടുംബ കൂട്ടായ്മ ഡയറക്ടർ ഫാദർ ഡെന്നി താണിക്കൽ, അസി. ഡയറക്ടർ ഫാദർ ഷാന്റൊ തലക്കോട്ടൂർ, അതിരൂപത പാസ്റ്റർ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന അതിരൂപത കുടുംബ കൂട്ടായ്മ കൺവീനർ ശ്രീ. ഷിന്റൊ മാത്യു, ജനറൽ സെക്രട്ടറി ഡോ. ജോർജ് അലക്സ്, ട്രഷറർ ശ്രീ ജെയ്സൺ മാണി, പ്രോഗ്രാം കൺവീനർ ശ്രീ. ലിവിൻ വർഗീസ്, ശ്രീമതി. സിജി റിജോ, ശ്രീ. ഫെസിൻ മാത്യു എന്നിവർ സംസാരിച്ചു. സംഗമത്തിന്റെ മുന്നോടി യായി അർപ്പിച്ച ദിവ്യബലിക്ക് മോൺ. ജോസ് കോനിക്കര മുഖ്യ കാർമ്മികത്വം വഹിക്കുകയും സമ്മേളനാനന്തരം ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള 'കോഡ് 33' ന്റെ മ്യൂസിക് ബാന്റ് ഉണ്ടായിരുന്നു. എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ബിജു വർഗ്ഗീസ്, ശ്രീമതി സുബി ജസ്റ്റിൻ, ശ്രീമതി ഷീജ ജോൺസൺ, ശ്രീ. ജിനീഷ് വി.പി, ശ്രീ. ജോയ് സി ടി, ശ്രീ. ദേവസി, യുവജന പ്രതിനിധികളായ ജിൽസ് തോമസ്, അഞ്ജന പ്രിൻസൺ, സോണി വർഗീസ്, ആൽബിൻ ജോൺ, ആന്റണി പഴുവിൽ, ആൽഡ്രിൻ, നിജിൽ ജോസ്, റിറ്റോ ജോസഫ്, 16 ഫൊറോനയിലെ കൺവീനർമാർ തുടങ്ങിയവർ നേതൃത്വം നൽകി. പ്രസ്തുത സംഗമത്തിൽ 1500 ഓളം തിരഞ്ഞെടുക്കപ്പെട്ട യുവജന പ്രതിനിധികൾ പങ്കെടുത്തു.

**മാതൃക യൂണിറ്റ്**

അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മകളിൽ നിന്നും നിശ്ചിത മാർക്ക് കിട്ടുന്ന കുടുംബയൂണിറ്റുകളെ മാതൃക കുടുംബ യൂണിറ്റുകളായി തെരഞ്ഞെടുക്കുന്നു. അതിനായി 2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കുടുംബകൂട്ടായ്മയുടെ റിപ്പോർട്ടും ഹാജരും പ്രവർത്തനങ്ങളുടെ ഫോട്ടോയും അടക്കം ഇടവക വികാരി സാക്ഷ്യപ്പെടുത്തി 2024 ജനുവരി 31 നകം കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**വാർഷിക പദ്ധതി**

കുടുംബകൂട്ടായ്മയുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി ഉൾപ്പെടുത്തേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അതാത് ഇടവകകളിൽ ചർച്ച ചെയ്യുകയും ഇതിന്റെ കരടുരൂപം അതാത് ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിൽ ചർച്ച ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഫൊറോന തലത്തിലുള്ള കരടു

രൂപം അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ 2024 ജനുവരി 31 നകം സമർപ്പിക്കേണ്ടതാണ്. 16 ഫൊറോനകളിൽ നിന്ന് ലഭിക്കുന്ന കരടു രൂപത്തിൽ നിന്നായിരിക്കും ചർച്ച ചെയ്ത് 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിലെ കുടുംബകൂട്ടായ്മ യുടെ വാർഷിക പദ്ധതി തയ്യാറാക്കുക. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

# മാതൃവേദി

**മാതൃ സ്പർശം - 2023**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ മഹാസംഗമം മാതൃസ്പർശം - 2023 എന്ന പേരിൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഈ മഹാസംഗമം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ചെങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ അമ്മമാർക്ക് ക്ലാസ്സ് നയിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. വിശുദ്ധ കുർബാനയ്ക്ക് മോൺ. ജോസ് വല്ലൂരാൻ മുഖ്യകാർമ്മി കത്വം വഹിച്ചു. അതിരൂപത മാതൃവേദി പ്രസിഡന്റ് ശ്രീമതി എൽസി വിൻസെന്റ് അദ്ധ്യക്ഷത വഹിച്ചു. മോൺ. ജോസ് കോനിക്കര, റവ. ഡോ. ഡെന്നി താണിക്കൽ, റവ. ഡോ. ഷാന്റോ തലക്കോട്ടൂർ, ഡോ. മേരി റെജീന, മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ശ്രീമതി ബീന ജോഷി എന്നിവർ ആശംസകൾ അർപ്പിച്ചു. സെക്രട്ടറി ശ്രീമതി ജീന ജോസഫ് കഴിഞ്ഞ ഒരു വർഷ കാലത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്ന് മാതൃവേദി അമ്മമാരുടെ കലാപരിപ ാടികൾ ഉണ്ടായിരുന്നു. കൂടാതെ ഹോളി ബീറ്റ്സിന്റെ ഭക്തിഗാനമേള ഉണ്ടായിരുന്നു. മാതൃസ്പർശം 2023 തൃശ്ശൂർ അതിരൂപത മാതൃവേദി ഭാരവാഹികൾ നേതൃത്വം വഹിച്ചു.

**ജൂബിലി ഭവനം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ 65-ാം വാർഷികത്തോ

ടനുബന്ധിച്ച് മാതൃവേദി അമ്മമാർ ശേഖരിച്ച പണം കൊണ്ട് കുണ്ടു കാട് ഇടവകയിൽ ഭവനമില്ലാത്ത വിധവയായ മാതൃവേദി അംഗത്തിന് ഭവനം പണിത് കൊടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഭവന വെഞ്ചിരിപ്പ് സമർപ്പണം നടത്തി. ഈ ഭവനം നിർമ്മിക്കാ നായി സഹകരിച്ച എല്ലാ മാതൃവേദിയിലെ അമ്മമാർക്കും അതി രൂപത മാതൃവേദിയുടെ നന്ദിയും, കടപ്പാടും ഏറെ സ്നേഹത്തോടെ അറിയിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും ജനുവരി 1 തിങ്കൾ വൈകീട്ട് 6.30 മുതൽ 8.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**യൂത്ത് ഫോർ ലൈഫ് ഗാതറിങ്ങ്**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ വലിയ കുടുംബങ്ങളിലെ യുവജനങ്ങളുടെ സംഗമം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ജനുവരി 26 വെള്ളി 10.00 മുതൽ 4.00 വരെ നടത്തുന്നു. പ്രോലൈഫിലെ എല്ലാ യുവജനങ്ങളെയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡണ്ട്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# പിതൃവേദി

**വൈദികരുടെയും സമർപ്പിതരുടെയും മാതാപിതാക്കളുടെ സംഗമം ഗംഭീരമായി**

തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള രൂപത വൈദീകർ, സന്യാസിനി സന്ന്യാസികൾ, മിഷിനറിമാർ, സമർപ്പിതർ എന്നിവരുടെ മാതാപിതാക്കളുടെ സംഗമം നമ്മുടെ അതിരൂപതയിൽ 2023 ദൈവവിളി വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ നിന്നുള്ള വൈദീകർ, സന്യാസിനി സന്ന്യാസികൾ, മിഷിനറിമാർ, സമർപ്പിതർ എന്നിവരുടെ മാതാപിതാക്കളുടെ മാത്രം സംഗമം 2023 ഡിസംബർ 31 ഉച്ചക്ക് 1.30 മുതൽ 5 മണിവരെ തൃശ്ശൂർ വ്യാകുല മാതാവിൻ ബസലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ബഹു. സേവ്യർഖാൻ വട്ടായിലച്ചന്റെ നേതൃത്വത്തിൽ അനുഗ്രഹ പ്രഭാഷണവും അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ നേതൃത്വത്തിൽ വി.കുർബാനയും, തുടർന്ന് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നേതൃത്വത്തിൽ മീറ്റിംഗും സ്നേഹവിരുന്നും പിതാക്കൻമാരോടൊപ്പമുള്ള ഫോട്ടോ സെഷനും ഉണ്ടായിരിന്നു. തൃശ്ശൂർ അതിരൂപതയിലെ മാതൃവേദി യുടെയും പിതൃവേദിയുടെയും ആഭ്യമുഖ്യത്തിലാണ് ഈ സംഗമം നടന്നത്.

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡണ്ട്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF COUPLES RETREAT**

ഡിസംബർ മാസത്തെ ദമ്പതി ധ്യാനം 8,9,10 തിയ്യതികളിലായി ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

2024 ലെ ദമ്പതിധ്യാനങ്ങൾ താഴെ നൽകുന്നു.

1. ഫെബ്രുവരി 2,3,4
2. ഏപ്രിൽ 19,20,21

3. ജൂൺ 7,8,9
4. ആഗസ്റ്റ് 9,10,11
5. ഒക്ടോബർ 11,12,13
6. ഡിസംബർ 13,14,15

വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ ഞായറാഴ്ച വെകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF ACADEMY**

ലോഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സഭയുടെ പഠനങ്ങൾ പഠിക്കാനും മനസ്സിലാക്കാനും കുടുംബങ്ങൾ ഒന്ന് ചേർന്നുള്ള പ്രാർത്ഥ പഠന ശിബിരമാണ് 'Loaf Academy' എന്ന പേരിൽ ഡിസംബർ 3-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. ശ്രീമാൻ റൈഫൺ, ശ്രീമതി ടെസ്സി റൈഫൺ ക്ലാസ്സുകൾ നയിച്ചു. പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും നന്ദി പറയുന്നു.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക്വേണ്ടി ലോഫ് ഒരുക്കു 'ആത്മീയ സായാഹ്നം' ഡിസംബർ 9-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. ലോഫിൽ നിന്നും ലോഫ് ദമ്പതി ധ്യാനത്തിൽ പങ്കെടുത്തവരിൽ നിന്നും പുറമെ നിന്നുമുള്ള കുടുംബങ്ങൾ പങ്കെടുത്തു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം, ക്രിസ്തുമസ് ആഘോഷം എന്നിവയിൽ എല്ലാ കുടുംബങ്ങളും സന്തോഷപൂർവ്വം പങ്കെടുത്തു. ആത്മസംയമനം എന്ന പരിശുദ്ധാത്മാവിന്റെ ഫലത്തെക്കുറിച്ചായിരുന്നു ഈ മാസധ്യാനത്തിൽ ഊന്നൽ നൽകിയത്. പങ്കെടുത്ത എല്ലാവർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു. ജനുവരി മാസത്തെ ലോഫിന്റെ ആത്മീയ സായാഹ്നം ജനുവരി 13 ശനിയാഴ്ച്ച കാച്ചേരിയിലുള്ള മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. അതിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

### നോർത്തേൺ റെയിൽവേയിൽ 3093 അപ്രന്റിസ് ഒഴിവുകൾ

ന്യൂഡൽഹി ആസ്ഥാനമായുള്ള നോർത്തേൺ റെയിൽവേയിൽ അപ്രന്റിസ്ഷിപ്പിന് അപേക്ഷ ക്ഷണിച്ചു. വിവിധ ട്രേഡുകളിലായി 3093 പേരെയാണ് തിരഞ്ഞെടുക്കുക. ഐ.ടി.ഐ.ക്കാർക്ക് അപേക്ഷിക്കാം. വിവിധ വർക്ക്ഷോപ്പുകളിലും ഡിവിഷനുകളിലുമായിരിക്കും പരിശീലനം. പത്താംക്ലാസ്, ഐ.ടി.ഐ. മാർക്കുകളുടെ അടിസ്ഥാനത്തിൽ മെറിറ്റ് ലിസ്റ്റ് തയ്യാറാക്കിയായിരിക്കും തിരഞ്ഞെടുപ്പ്. വിശദവിവരങ്ങൾ https://rrcnr.org എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളും ഫോട്ടോയും ഒപ്പും വിരലടയാളവും വിജ്ഞാപനത്തിൽ നിർദേശിച്ചിരിക്കുന്ന മാതൃകയിൽ അപ്‌ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 2024 ജനുവരി 11.

### എൽഡി ക്ലാർക്ക് വിജ്ഞാപനമായി, ജനുവരി മൂന്നുവരെ അപേക്ഷിക്കാം

2024 ജനുവരി മൂന്നിന് അർധരാത്രിവരെ എൽഡി ക്ലാർക്ക് പരീക്ഷയ്ക്ക് അപേക്ഷിക്കാൻ കഴിയും. പ്രിലിമിനറി പരീക്ഷയില്ലാതെ ഒറ്റപ്പരീക്ഷയുടെ അടിസ്ഥാനത്തിലാണ് ഇത്തവണ റാങ്ക് പട്ടിക പുറത്തിറക്കുക. എൽഡിസി പരീക്ഷയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. യോഗ്യത എസ്.എസ്.എൽ.സി. പ്രായം 18നും 36നും ഇടയിലായിരിക്കും. രണ്ട് ജില്ലകൾക്ക് വീതം ഏഴ് ഘട്ടങ്ങളായാകും പരീക്ഷ നടത്തുക. ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. ശമ്പളം 26500 – 60700 ആണ്. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്. പരീക്ഷയ്ക്ക് അപേക്ഷിച്ച് കഴിഞ്ഞാൽ എഴുത്ത്/ഒഎംആർ/ഓൺലൈൻ പരീക്ഷ നടത്തുമ്പോൾ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം പ്രൊഫൈൽ വഴി നൽകേണ്ടതാണ്. ഇങ്ങനെ സ്ഥിരീകരണം നൽകുന്നവർക്ക് മാത്രമേ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളൂ. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകിയില്ലെങ്കിൽ അപേക്ഷ നിരസിക്കപ്പെടും.

### 10 വർഷമായ ആധാർ ഇനിയും പുതുക്കിയില്ലേ?

8 മുതൽ 10 വർഷം പൂർത്തിയായ ആധാർ കാർഡ് ഉടമകൾ ആധാർ പുതുക്കൽ (ഡോക്യുമെന്റ് അപ്ഡേഷൻ) നടത്തേണ്ടതാണ്.

ഇത് നിങ്ങളുടെ റേഷൻ, ബാങ്ക് സേവനങ്ങൾ, കിസാൻ ആനുകൂല്യങ്ങൾ, സാമൂഹിക സുരക്ഷ പെൻഷൻ, മറ്റു സർക്കാർ ആനുകൂല്യങ്ങൾ, ഇൻകം ടാക്സ് സമർപ്പണം തുടങ്ങിയ സേവനങ്ങൾ  തടസ്സം നേരിടാതെ ലഭിക്കുന്നതിന് സഹായിക്കും. ഇതിനായി ആധാർ കാർഡ്, പേര്, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന രേഖകളുമായി അക്ഷയ കേന്ദ്രത്തിൽ (പെർമെനന്റ് ആധാർ സേവാകേന്ദ്രം) നേരിട്ടെത്തി ആധാർ പുതുക്കി ആധാറിന്റെ വാലിഡിറ്റി ഉറപ്പാക്കണം.

1. പേര് തെളിയിക്കുന്നതിനായി  ആവശ്യമായ രേഖകൾ

ഇലക്ഷൻ ഐ.ഡി (കളർ), റേഷൻ കാർഡ്  (ഉടമസ്ഥന് മാത്രം), ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, സർവീസ് / പെൻഷൻ ഫോട്ടോ ഐ.ഡി. കാർഡ്, പാസ്പോർട്ട്, ഭിന്നശേഷി ഐ.ഡി. കാർഡ്, ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ്, വിവാഹ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഉപയോഗിക്കാം.

2. മേൽവിലാസം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ

പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി (കളർ), റേഷൻ കാർഡ്, കിസാൻ ഫോട്ടോ പാസ്ബുക്ക്, ഭിന്നശേഷി ഐ.ഡി. കാർഡ്, സർവീസസ്  ഫോട്ടോ ഐ.ഡി കാർഡ്, വിവാഹ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക് (ഫോട്ടോ ഉള്ളത്), ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ്, ഇലക്ട്രിസിറ്റി/ ഗ്യാസ് കണക്ഷൻ/ വാട്ടർ/ ടെലഫോൺ/ കെട്ടിട നികുതി ബില്ലുകൾ എന്നീ രേഖകൾ ഉപയോഗിക്കാം. (രേഖകളിൽ കൃത്യമായ പേര്, വിലാസം, പോസ്റ്റ് ,പിൻ കോഡ് എന്നിവ ഉണ്ടായിരിക്കണം)

ആധാർ കാർഡിൽ മൊബൈൽ നമ്പർ ചേർക്കാത്തവരും നമ്പർ മാറിയവരും നിർബന്ധമായും ആധാറിൽ മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുക.

**ആധാർ മാർഗനിർദേശങ്ങളിൽ മാറ്റം വരുത്തി**

വിരലടയാളം എടുക്കാനാവാത്തവർക്ക് ഐറിസ് സ്കാൻ രേഖ പ്രകാരം ആധാർ നൽകാമെന്നു കേന്ദ്ര സർക്കാർ. ഇതിനായി കേന്ദ്രം ആധാർ മാർഗനിർദേശങ്ങളിൽ മാറ്റം വരുത്തി. വിരലുകൾ ഇല്ലാത്തതിനാൽ ആധാർ നിഷേധിക്കപ്പെട്ട കുമരകം പള്ളിത്തോപ്പ് പുത്തൻപറമ്പിൽ ജോസിമോൾ പി. ജോസ് എന്ന യുവതിയുടെ ദുരവസ്ഥ മാധ്യമങ്ങളിലൂടെ പുറത്തുവന്നതിന് പിന്നാലെയാണ് നടപടി. കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ ഇടപെട്ട് ജോസിമോൾക്ക് ആധാർ ലഭ്യമാക്കിയിരുന്നു.

കേന്ദ്രസർക്കാരിൻറെ പുതിയ നിർദേശപ്രകാരം ഇനിമുതൽ

വിരലയടയാളം നൽകാൻ കഴിയാത്തവർക്ക് ഐറിസ് സ്കാൻ ചെയ്ത് ആധാർ നൽകണം. ഐറിസ് നൽകാൻ കഴിയാത്തവർക്ക് വിരലടയാളം മാത്രം മതി. വിരലടയാളവും ഐറിസ് സ്കാനും ലഭ്യമല്ലെങ്കിലും എൻറോൾ ചെയ്യാനാകും എന്നതാണ് പുതിയ നിർദേശങ്ങളിൽ പ്രധാനം.ഇത്തരക്കാർക്ക് ലഭ്യമായ ബയോമെട്രിക് വിവരങ്ങൾ ഉപയോഗിച്ച് ആധാറിന് എൻറോൾ ചെയ്യാം. നൽകാൻ കഴിയാത്ത ബയോമെട്രിക് വിവരങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകം രേഖപ്പെടുത്തണം. ഇതൊടൊപ്പം ബയോമെട്രിക് വിവരം നൽകാൻ കഴിയാത്ത സാഹചര്യം വ്യക്തമാക്കുന്ന ഫോട്ടൊ എടുത്ത് ആധാർ എൻറോൾമെൻറ് കേന്ദ്രത്തിലെ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തണം.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ബൈബിൾ പ്രേഷിതത്വം

## ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ & ബൈബിൾ ഞായർ 2023

തൃശ്ശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേയും ബൈബിൾ ഞായറും തൃശൂർ സെൻറ് തോമസ് കോളേജ് മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൽവെച്ച് ഡിസംബർ 17 ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ടു. അതിരൂപതയിൽ 2022-23 വർഷത്തിൽ സമ്പൂർണ്ണ ബൈബിൾ പകർത്തി എഴുതിയ 38 വ്യക്തികൾ വിശുദ്ധ ഗ്രന്ഥത്തിന്റെ കയ്യെഴുത്ത് പ്രതി വഹിച്ചുകൊണ്ടു

വന്ന് വചന പീഠത്തിൽ പ്രതിഷ്ഠിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ബൈബിൾ പ്രതിഷ്ഠ നടത്തി. തുടർന്ന് ഡയറക്ടർ റവ. ഫാ ലിൻസൻ തട്ടിൽ ഏവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുകയും 2023 വർഷത്തിൽ ലോഗോസ് ക്വിസ് മത്സരങ്ങളിൽ റാങ്ക് കരസ്ഥമാക്കിയവർക്കും ലോഗോസ് പരീക്ഷയുടെ നടത്തിപ്പിൽ 'ബെസ്റ്റ് പാരിഷ്' ആയി തിരഞ്ഞെടുക്കപ്പെട്ട ഇടവകകൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും വെരിത്താസ് ക്വിസ് മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയുകയും സമ്പൂർണ്ണ ബൈബിൾ പകർത്തി എഴുതിയവരെ ആദരിക്കുകയും ചെയ്തു.  മോൺ. ജോസ് കോനിക്കര അധ്യക്ഷ പ്രസംഗം നടത്തി. കാത്തലിക് പാസ്റ്ററൽ സെൻറർ ഡയറക്ടർ റവ. ഡോ. ജോസ് വട്ടക്കുഴി,  അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ എന്നിവർ വിജയികളായ എല്ലാവർക്കും ആശംസകൾ അർപ്പിച്ചു സംസാരിച്ചു മറ്റ് സമ്മാനങ്ങൾ വിതരണം ചെയ്തു. ഈ വർഷം തൃശൂർ അതിരൂപതയിൽ 244 സെന്ററുകളിൽ നിന്നായി 42540 വ്യക്തികൾ ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്യുകയും അതിൽ 29000 വ്യക്തികൾ പരീക്ഷ എഴുതുകയും ചെയ്തു.  ആയിരത്തോളം പേർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**1. ശ്രാദ്ധാഞ്ജലി**

കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ, കഴിഞ്ഞ വർഷം മരണമടഞ്ഞ പ്രവർത്തകരുടെ അനുസ്മരണയോഗം സംഘടിപ്പിച്ചു.  2023 നവംബർ 18-ാം  തീയതി ചെങ്ങാലൂർ കർമ്മലമാതാ ദൈവാലയത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ചുകൊണ്ടാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് നടന്ന അനുസ്മരണ യോഗത്തിൽ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം.

അഗസ്റ്റിൻ അദ്ധ്യക്ഷനായി. ഇടവക വികാരി റവ. ഫാ. ജിജോ മുരിങ്ങാത്തേരി ആയിരുന്നു മുഖ്യ അതിഥി. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു. ശ്രീ. ലിന്റോ ഫ്രാൻസീസ് സ്വാഗതവും ശ്രീ.സിജോ ഇഞ്ചോടിക്കാരൻ കൃതജ്ഞതയുമരുളി. ശ്രീ. കൊച്ചുവർക്കി തരകൻ, ശ്രീ. ലിജിമോൻ കുണ്ടുകുളങ്ങര തുടങ്ങിയവരാണ് നേതൃത്വം നൽകിയത്.

**2. മധ്യമേഖല മധ്യവിരുദ്ധ സമ്മേളനം**

കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി കോട്ടപ്പുറം രൂപത വികാസ് ആനിമേഷൻ സെന്ററിൽ 2023 നവംബർ 19 -ാം തീയതി മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. ഇരിങ്ങാലക്കുട, തൃശൂർ, കോട്ടപ്പുറം, പാലക്കാട്, സുൽത്താൻ പേട്ട് എന്നീ രൂപതകൾ യോഗത്തിൽ പങ്കെടുത്തു. മധ്യമേഖല ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷകനായി. ഇരിങ്ങാലക്കുട രൂപത ഡയരക്ടർ റവ. ഫാ. ജോൺ പോൾ ഈയ്യന്നം അനുഗ്രഹ പ്രഭാഷണം നടത്തി. തൃശ്ശൂർ അതിരൂപതയുടെ പ്രവർത്തന റിപ്പോർട്ട് സമ്മേളനത്തിൽ അവതരിപ്പിച്ചു.

**3. ലഹരിവിരുദ്ധ ജാഗ്രതാസദസ്സ്**

2023 നവംബർ 26-ാം തീയതി, കെ.സി.ബി.സി. തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതി ലഹരിവിരുദ്ധ ജാഗ്രതാസദസ്സ് അരങ്ങേറി. ''രാഷ്ട്ര സമ്പത്തായ യുവതലമുറ ലഹരിയുടെ പിടിയിലമരുമ്പോൾ അത് രാഷ്ട്ര നാശത്തിന കാരണമാകുന്നു'' എന്ന് ദൂരദർശൻ മുൻ ഡയറക്ടറായ ഡോ. സി.കെ. തോമസ് പ്രസ്താവിച്ചു. തൃശ്ശൂർ ശക്തൻ നഗറിൽ സംഘടിപ്പിച്ച യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആയിരുന്നു ആമുഖപ്രഭാഷകൻ. മുഖ്യ പ്രഭാഷകനായത് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതി ജനറൽ സെക്രട്ടറി ഡോ. ജോർജ്ജ് അലക്സാണ്. കേരള മദ്യനിരോധന സമിതി സംസ്ഥാന സെക്രട്ടറി ശ്രീ. ഇ.എ. ജോസഫ്, മുൻ സെക്രട്ടറി ടി.എസ്. അബ്രാഹം എന്നിവർ പ്രസംഗിച്ചു.

**4. മദ്യനയത്തിനെതിരെ പ്രതിഷേധം**

ദൈവത്തിന്റെ സ്വന്തം നാട് ലഹരിമാഫിയായുടെ കൂത്തരങ്ങായി അധ:പതിക്കുന്നതിനെതിരെ മുളയം സെന്റ് പാട്രിക് ഇടവകയിൽ ഡിസംബർ മൂന്നാം തീയതി ഒപ്പുശേഖരണവും ബോധവൽക്കരണവും നടത്തി. വികാരി ഫാ. ഫ്ളർജിൻ തയ്യാലക്കൽ, ഫൊറോന പ്രസിഡണ്ട് ശ്രീ. രാജു പട്ടിക്കാട്, യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ബേബി

പാലോലിക്കൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ വി. കുർബ്ബാന മദ്ധ്യേ ലഹരിവിരുദ്ധ സന്ദേശം നൽകി. ദവാലയത്തിലും മുളയത്തും ക്ലാസ്സ് നയിച്ചത് ശ്രീ. സേവ്യർ പള്ളിപ്പാടനാണ്.

**5. സന്ന്യസ്ത സംഗമം**

മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ കോലഴി ചാരിറ്റി ജനറലേറ്റിൽ സന്യാസിനിമാർക്കുവേണ്ടി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. 10.12.2023 ഞായറാഴ്ച മദർ ജനറൽ സി. റിൻസി ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ശ്രീ. സേവ്യർ പള്ളിപ്പാടനാണ് ക്ലാസ്സിന് നേതൃത്വം കൊടുത്തത്. റവ. സി. മെറിറ്റ സ്വാഗതവും ആനിമേറ്റർ സി. എൻസ്വീഡ് നന്ദിയും പ്രകാശിപ്പിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയം 63-ാമത് വാർഷികം 17.12.2023 ഞായറാഴ്ച സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ആഘോഷിച്ചു റവ.ഡോ.സെബാസ്റ്റ്യൻ ചാലക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ.ഫാ.സ്റ്റാഴ്സൻ കള്ളിക്കാടൻ അച്ചൻ ധ്യാന പ്രസംഗം നടത്തി. യോഗത്തിൽ കമ്മീസിയം പ്രസിഡൻറ് ബ്ര. സണ്ണി കാട്ടൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു. സി. മേരി പോൾസൻ സ്വാഗതം പറഞ്ഞു. ബ്ര. ലാസർ കള്ളിക്കാടൻ റിപ്പോർട്ട് വായിക്കുകയും ബ്ര.തോമസ്സ് മണ്ണുത്തി കണക്ക് അവതരിപ്പിക്കുകയും ചെയ്തു. കമ്മീസിയം ആദ്ധ്യാത്മിക നിയന്താവ് റവ.ഡോ. ജോൺ മൂലൻ അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് 50 വർഷവും 25 വർഷവും സംഘടനയിൽ സജീവമായ അംഗങ്ങളെ മെമന്റോ നൽകി ആദരിച്ചു. മുൻ കമ്മീസിയം ഭാരവാഹികളേയും ചടങ്ങിൽ ആദരിച്ചു. കലാ-സാഹിത്യ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേർന്നുകൊണ്ട് സി. നമിതാ റോസ് ആശംസകളർപ്പിച്ചു. ക്രിസ്തുമസ് കേക്ക് മുറിച്ച് വാർഷികാഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

ജോ.സെക്രട്ടറി സി. മോനി ലാസർ നന്ദി പറഞ്ഞതിന് ശേഷം ആദ്ധ്യാത്മിക നിയന്താവ് ജോൺ മൂലനച്ചന്റെ ആശീർവാദത്തോടു കൂടി സമ്മേളനം സമാപിച്ചു.

**ഫാ. ജോൺ മൂലൻ**
അധ്യാത്മികോപദേഷ്ടാവ്

# ചിൽഡ്രൻസ് മിനിസ്ട്രി

**ക്രിസ്തുമസ് സന്ദേശ പ്രസംഗമത്സരം**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി., കുട്ടികൾക്കായി ക്രിസ്തുമസിനോട് അനുബന്ധിച്ച് ഓൺലൈൻ ക്രിസ്തുമസ് സന്ദേശ പ്രസംഗമത്സരം സംഘടിപ്പിച്ചു. ഇരുന്നൂറിലേറെ കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. ക്രിസ്തുമസ് സന്ദേശമടങ്ങുന്ന ഒരു മിനിറ്റ് കവിയാത്ത വീഡിയോ ചിത്രീകരിച്ച് അയച്ചുതന്നവരിൽ നിന്നാണ് വിജയികളെ കണ്ടെത്തിയത്. തിരഞ്ഞെടുക്കപ്പെട്ട ഗുണ നിലവാരമുള്ള 25 വീഡിയോ മീഡിയ കത്തോലിക്ക യൂറ്റ്യൂബ് ചാനലിൽ ഡിസംബർ 1-ാം തിയതി മുതൽ 25 ദിവസവും സംപ്രേക്ഷണം ചെയ്തു. മത്സരവിജയികൾക്കുള്ള സമ്മാനദാനം ജനുവരി 28 ന് ഡി.ബി.സി.എൽ.സി. യിൽ വെച്ച് നടക്കുന്ന അതിരൂപ താതല സമ്മാനദാനത്തിന്റെ അന്ന് കൊടുക്കുന്നതാണ്.

**അതിരൂപതാതല സമ്മാനദാനം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതതലത്തിൽ നടത്തിയ കലാ-സാഹിത്യ മത്സരങ്ങൾക്കും, സെയിന്റ്സ് ക്വിസ്സിലും, ഓൺലൈൻ പ്രസംഗമത്സരത്തിലും, ക്രിസ്തുമസ് കാർഡ്-ക്രിബ് മത്സരങ്ങളിലും വിജയികൾക്കുള്ള സമ്മാനദാനം ജനുവരി 28 ഞായറാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ 5.30 വരെ തൃശ്ശൂർ ഡി.ബി.സി.എൽ.സി. യിൽ വെച്ച് നല്കപ്പെടുന്നു. അന്നേ ദിവസം തന്നെ കലാമത്സരങ്ങളിൽ ഓവറോൾ നേ ടിയവർക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളക്ഷൻ - പ്രയർ ഫ്രണ്ട് കളക്ഷൻ - ജീസസ്സ് ബെർത്തഡേ പാർട്ടി സംഭാവന കൂപ്പൺ എന്നിവയിൽ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണി റ്റുകൾക്കുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. സമ്മാന ാർഹരായവർ അന്നേദിവസം കൃത്യസമയത്ത് എത്തിച്ചേരണമെന്ന്

അറിയിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: ''എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്.'' (ലൂക്കാ 1: 43)

സുകൃതജപം: ഈശോയെ അങ്ങയുടെ തിരുനാമം എന്റെ നാവിന് ഇമ്പമുള്ളതാക്കണമേ!

പ്രാർത്ഥനാ നിയോഗം: സീറോമലബാർ സഭയ്ക്ക് നേതൃത്വം നല്കുന്നതിനും നയിക്കുന്നതിനുമായി അനുയോജ്യനായ മേജർ ആർച്ച് ബിഷപ്പിനെ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: ''സഹനം കൂടാതെ വിശുദ്ധിയില്ല''. ഒരു തുള്ളി തേൻകൊണ്ട് ഒരു ചാറ ചുറുക്കകൊണ്ടെന്നതിനേക്കാൾ കൂടുതൽ ഈച്ചകളെ പിടിക്കാം എന്നതുപോലെ കോപം കൊണ്ടെന്നതിനേക്കാൾ കൂടുതൽ ആത്മാക്കളെ ശാന്തതകൊണ്ട് നേടിയെടുക്കാമെന്ന് തന്റെ ഇരുപത് കൊല്ലത്തെ പ്രയത്നങ്ങളിലൂടെ കാണിച്ചുതന്ന വിശുദ്ധനാണ് വി. ഫ്രാൻസിസ് സെയിൽസ്. 'യോഗ്യനായ വിശുദ്ധൻ' എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. വിശുദ്ധന്റെ ഓർമ്മ ജനുവരി 24 ന് തിരുസഭയിൽ കൊണ്ടാടുന്നു.

പ്രവർത്തനം: തിരുസഭയുടെ നന്മമാത്രം സംസാരിക്കാൻ പരിശ്രമിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# ജീസസ്സ് യൂത്ത്

**കേപ്പാ ലീഡേഴ്സ് ട്രെയിനിങ്ങ് - ഓറിയന്റേഷൻ പ്രോഗ്രാം**

'ഞാൻ നിന്നോട് പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.' (വി.മത്തായി 16:18) എന്ന തിരുവചനത്തെ ആസ്പദമാക്കികൊണ്ട് ജീസസ് യൂത്ത് തൃശൂർ സോണിലെ പ്രധാനപ്പെട്ട നേതൃത്വങ്ങളെ ക്രിസ്തു ശിഷ്യത്വത്തിലേക്കും, പുതിയ ആത്മീയ ഉണർവിലേക്കും, തീക്ഷണതയുള്ള ശുശ്രൂഷതലത്തി ലേക്കും നയിക്കുക എന്ന ലക്ഷ്യത്തോടെ 'കേപ്പാ' എന്ന പേരിൽ നേതൃത്വ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചുകൊണ്ട്,

അതിന്റെ ഓറിയന്റേഷൻ നടത്തപ്പെട്ടു.

നവംബർ 12 ന് ഉച്ചയ്ക്ക് 1.30 മുതൽ 5 മണി വരെ ഫാമിലി അപ്പൊസ്തോലേറ്റിൽ നടന്ന ഈ പരിപാടിയിൽ ജീസസ് യൂത്ത് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡെന്നി ചിറയത്ത്, മുൻ ജീസസ് യൂത്ത് സോണൽ കോർഡിനേറ്റർ ഫിബിൻ കല്ലൂർ, ജീസസ് യൂത്ത് തൃശ്ശൂർ സോൺ കോർഡിനേറ്റർ ജെറിൻ ജോയ്, കേപ്പാ ലീഡേഴ്സ് ട്രെയിനിങ്ങിന്റെ ജനറൽ കോർഡിനേറ്റർ സാഞ്ചോ എന്നിവരും സന്നിഹിതരായിരുന്നു. ഓറിയന്റേഷനിൽ അറുപത്തിയൊന്ന് ലീഡേഴ്സാണ് പങ്കെടുത്തിരുന്നത്. 2023 ഡിസംബർ മാസം മുതൽ ഓഗസ്റ്റ് മാസം വരെ 4 മൊഡ്യൂളുകളും 5 പ്രീ മൊഡ്യൂളുകളും ആയിട്ടാണ് ആണ് പരിശീലന പരിപാടി നടത്തപെടുക.

**മരിച്ച വിശ്വാസികളുടെ ഓർമ ദിനം**

മരിച്ച വിശ്വസികളെ പ്രത്യേകം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന നവംബർ മാസത്തിൽ, ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ നവംബർ പത്തിന് വൈകിട്ടു ഏഴരയ്ക്കു ഒല്ലൂർ, എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ ജീസസ് യൂത്തിൽ നിന്നും വേർപിരിഞ്ഞു പോയവർക്കുവേണ്ടി അവരുടെ കുടുംബാംഗങ്ങളോടൊപ്പം വി.കുർബാനയും ഒപ്പീസും ചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി. തൃശൂർ ജീസസ് യൂത്ത് ഡയറക്ടർ ഫാ.ബാസ്റ്റിൻ പുന്നോലി പറമ്പിൽ കാർമികത്വം വഹിച്ചു.

**ലൈഫ് ഫ്ലോ ആപ്പ്**

രക്തദാനം മഹാദാനം എന്ന് പറയപ്പെടുമ്പോളും, ആവശ്യ സമയത്ത് രക്തം ലഭിക്കാൻ ഒരുപാട് കഷ്ടപ്പെടുന്നത് സ്ഥിരം കാഴ്ച്ചയാണ്, ഇതിനൊരു പരിഹാരമെന്നവണ്ണം തൃശൂർ ജീസസ് യൂത്ത് നല്ല അയൽ ക്കാരൻ ടീമിന്റെ നേതൃത്വത്തിൽ ഒരു ബ്ലഡ് ഡോണേഷൻ ആപ്പ് 'ലൈഫ് ഫ്ലോ' എന്ന പേരിൽ നിലവിൽ വരുന്നു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത് പിതാവ് 'ലൈഫ് ഫ്ലോ' ആപ്പിന്റെ ലോഞ്ച് ഡിസംബർ 3 ഞായറാഴ്ച കുരിയച്ചിറ, സെന്റ്. പോൾസ് സ്കൂളിൽ വെച്ച് നടന്ന ജീസസ് യൂത്തിന്റെ ഫാമിലി ഗാതറിങ്ങിൽ നിർവഹിക്കുകയുണ്ടായി. ജനുവരി ആദ്യത്തോടെ 'ലൈഫ് ഫ്ലോ' ആപ്പ് പൂർണ തോതിൽ പ്രവർത്തനക്ഷമമാകുകയും 'പ്ലേ സ്റ്റോറിൽ' ലഭ്യമാവുകയും ചെയ്യും. രക്തം ദാനം ചെയ്യാൻ സന്നദ്ധരായവരെ ലൊക്കേഷന്റെ അടിസ്ഥാനത്തിൽ എളുപ്പത്തിൽ കണ്ടുപിടിക്കാനാകുന്ന രീതിയിലായിരിക്കും ആപ്പിന്റെ പ്രവർത്തനം.

**തൃശ്ശൂരിൽ ജീസസ് യൂത്ത് ഫാമിലി ഗാതറിങ്ങ് നടന്നു.**

ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ ജീസസ്

യൂത്തും അവരുടെ കുടുംബാംഗങ്ങളും കുര്യച്ചിറ, സെന്റ് പോൾസ് സ്കൂളിൽ ഡിസംബർ മൂന്ന് ഞായറാഴ്ച ഫാമിലി ഗാതറിങ് എന്ന പേരിൽ ഒരുമിച്ച് കൂടി. ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിച്ച ഫാമിലി ഗാതറിങ്ങ് കണ്ടുമുട്ടലിന്റെയും, പങ്കുവെക്കലിന്റെയും, ക്രിസ്തുമസ് ആഘോഷത്തിന്റെയും നല്ല നിമിഷങ്ങൾ സമ്മാനിച്ചു. തൃശൂർ അതിരൂപത മെത്രാപോലീത്ത അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത് പിതാവ്, ജീസസ് യൂത്ത് തൃശൂർ ഡയറക്ടർ ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ, ജീസസ് യൂത്ത് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡെന്നി ചിറയത്ത്, കുരിയച്ചിറ ഇടവക വികാരി ഫാ. തോമസ് വടക്കൂട്ട്, സെന്റ്. പോൾസ് കോൺവെന്റ് മദർ സുപ്പീരിയർ ട്യ.ലിറ്റി റാഫേൽ ഇങഇ, ജീസസ് യൂത്ത് തൃശൂർ കോർഡിനേറ്റർ ജെറിൻ ജോയ്, ഫാമിലി ഗാതറിങ് ജനറൽ കോർഡിനേറ്റർ ജോബിൻ ജോൺസൻ, കേരള ജീസസ് യൂത്ത് കോർഡിനേറ്റർ മത്തായി ജോസഫ്, കേരള ജീസസ് യൂത്ത് കൗൺസിൽ മെമ്പർ സോൾ സെബാസ്റ്റ്യൻ, യൂത്ത് മുൻ ഇന്റർനാഷണൽ കോർഡിനേറ്റർ ജോർജ് ദേവസി, ജീസസ് യൂത്ത് ഫുൾ ടൈം മിഷിനറി രാജേഷ് മോസസ് & സൗമ്യ രാജേഷ് എന്നിവർ സന്നിഹിതരായിരുന്നു.

ഗാർഹിക സഭയായ കുടുംബങ്ങളിൽ നിന്നും ആരംഭിക്കുന്ന വിശ്വാസ പരിശീലനത്തിന്റെ തുടർച്ച ജീസസ് യൂത്തിലെ വിവിധ പരിപാടി കളിലൂടെയും ശുശ്രൂഷകളിലൂടെയും നടക്കുന്നുവെന്നും ഇവിടെ കിട്ടുന്ന പരിശീലനങ്ങളിലൂടെ ഓരോ ജീസസ് യൂത്തും ക്രിസ്തു വിന്റെ മിഷിനറി ശിഷ്യരായി രൂപാന്തരപെടുകയും നല്ല കുടുംബ ങ്ങളും, ദൈവവിളികളും ഉണ്ടാകുന്നതിന് സഹായിക്കുകയും ചെയ്യുന്നുവെന്നും സെഷനിലൂടെയും ഷെയറിങ്ങിലൂടെയും അവതരിപ്പിച്ചു.

ആയിരം പേരിലധികം പേർ പങ്കെടുത്ത ഫാമിലി ഗാതറിങ്ങിൽ പ്രെയ്സ് ആൻഡ് വർഷിപ്പ്, ആരാധന, മ്യൂസിക് സെഷൻസ്, ഷെയറിങ്ങിസ്, വിവിധ തരത്തിലുള്ള കലാ പരിപാടികൾ, ആർട്ട് ആൻഡ് ഡെക്കറേഷൻ വർക്കുകൾ, ക്രിസ്തുമസ് സെലിബ്രേഷൻ എന്നിവയിലൂടെ ഈശോയോടൊപ്പം ആഘോഷിക്കാൻ ഉള്ള ഒട്ടനവധി നിമിഷങ്ങൾ ഉണ്ടായിരുന്നു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ഡെന്നി ചിറയത്ത്**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# യൂത്ത് മിനിസ്ട്രി

**യുവജന വർഷം നേതൃസംഗമവും സമ്മാന വിതരണവും**

അതിരൂപത യുവജന വർഷത്തോടനുബന്ധിച്ച് കെസിവൈഎം, സി എൽ സി, ജീസസ് യൂത്ത് എന്നീ സംഘടനകളുടെ അതിരൂപത-ഫൊറോന ഭാരവാഹികളുടെയും ഇടവകകളിൽ നിന്നുള്ള യുവജന പ്രതിനിധികളുടെയും നേതൃസംഗമം ഡിസംബർ 9 ശനിയാഴ്ച ലൂർദ് മെട്രോപൊളിറ്റൻ ഹാളിൽ വെച്ച് നടന്നു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തുകൊണ്ട് യുവജനങ്ങളാണ് നമ്മുടെ അതിരൂപതയുടെ ശക്തി എന്ന് അവരെ ഓർമിപ്പിച്ചു. മാർ ടോണി നീലങ്കാവിൽ സഭയിൽ യുവജനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. യോഗത്തിൽ കലാ-സാഹിത്യ-കായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ച യുവജനങ്ങളെ ആദരിക്കുകയും ചെയ്തു.

കലാ-സാഹിത്യ-കായിക മത്സരങ്ങളിൽ പോയിൻറ് അടിസ്ഥാനത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ പാലയൂർ, ലൂർദ്, ഒല്ലൂർ ഫൊറോനകൾക്കുള്ള ട്രോഫിയും വിതരണം ചെയ്തു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ,
യൂത്ത് മിനിസ്ട്രി

**ഫാ. അജിത്ത് തച്ചോത്ത്**
കോർഡിനേറ്റർ,
യുവജനവർഷം

# 18 പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ ഒമ്പതാം യോഗ റിപ്പോർട്ട്

പതിനെട്ടാം പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗം അതിരൂപത അവാർഡ് ദിനത്തോടുകൂടി 2023 നവംബർ 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1:30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. സി. ജോസി എഫ്. സി. സി. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ മോൺ. ജോസ് കോനിക്കര സ്വാഗതമാ

ശംസിച്ചു. തുടർന്ന് ജോ.സെക്രട്ടറി ശ്രീ. എൻ. പി. ജാക്സൺ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം പാസ്സാക്കി. തുടർന്ന് ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ 18–ാം പാസ്റ്ററൽ കൗൺസിൽ സമാപന സമ്മേളനത്തിലെ യോഗ നടപടികൾ വിശദീകരിക്കുകയും 18–ാം പാസ്റ്ററൽ കൗൺസിലിലെ എല്ലാ അംഗങ്ങൾക്കും അവരുടെ സഹകരണത്തിന് പ്രത്യേകം നന്ദി പറ യുകയും, 18–ാം പാസ്റ്ററൽ കൗൺസിലിന്റെ അവസാന സമ്മേളനമാണിതെന്നും പറയുകയും ചെയ്തു. അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ അഭിവന്ദ്യ പിതാവിനോടൊന്നു ചേർന്ന് പ്രവർ ത്തിച്ചതിന് എല്ലാ അംഗങ്ങളോടും നന്ദി പറയുകയും തുടർന്നും സഹകരിക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. ''സീറോ മലബാർ സഭയുടെ സമുദായ സമുദ്ധാരണ കർമ്മ പദ്ധതി'' എന്ന വിഷയത്തെ അധികരിച്ച് ഫാ. സൈജോ തൈക്കാട്ടിൽ, ഡോ. പീറ്റർ എം. രാജ്, ഡോ. മേരി റെജീന എന്നിവർ വിഷയാവതരണം നടത്തി. തുടർന്ന് ചർച്ചകൾ നടന്നു. ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഇതുവരേയും പ്രാബല്യത്തിൽ വരാത്തതിന്റെ ആശങ്ക ചർച്ചകളിൽ നിലനിന്നിരുന്നു.

ശേഷം അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി. തുടർന്ന് അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷപ്രസംഗം നടത്തി. പതിനെട്ടാമത് പാസ്റ്ററൽ കൗൺസിലിന്റെ എല്ലാ യോഗങ്ങളിലും മുടങ്ങാതെ ഹാജരായ അംഗങ്ങളെ പ്രത്യേകം ആദരിച്ചു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച അതിരൂപതാംഗങ്ങളെ അതിരൂപ ത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അഭിനന്ദനങ്ങളും ആശംസകളും നേരുകയും പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. പതിനെട്ടാമത് പാസ്റ്ററൽ കൗൺസിലിലെ 3 യോഗങ്ങളിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ പൊതുസമൂഹത്തിന്റെ മുമ്പാകെ ലഭ്യമാക്കണമെന്ന് പ്രമേയം അവതരിപ്പിച്ചു. യോഗം അത് കൈയടിയോടെ പാസ്സാക്കി. തുടർന്ന് 18–ാം പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളായ എല്ലാവർക്കും യോഗങ്ങളിൽ പങ്കെടുത്തവർക്കും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന നന്ദി പ്രകാശിപ്പിച്ചു.അഭിവന്ദ്യപിതാവിന്റെ സമാപനാശീർവ്വാദത്തോടെ വൈകിട്ട് 5 മണിയോടെ യോഗം സമാപിച്ചു.


**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി



ജ്ഞാനികളുടെ സന്ദർശനം

**അവർ ഭവനത്തിൽ
പ്രവേശിച്ച് ശിശുവിനെ
അമ്മയായ
മറിയത്തോടുകൂടി
കാണുകയും അവനെ
കുമ്പിട്ട് ആരാധിക്കുകയും
ചെയ്തു. നിക്ഷേപ
പാത്രങ്ങൾ തുറന്ന് പൊന്നും
കുന്തുരുക്കവും മീറയും
കാഴ്ചയർപ്പിച്ചു.**

**(മത്തായി 2, 11)**


2024
HAPPY NEW YEAR
ദനഹാ തിരുനാൾ
മംഗളങ്ങൾ

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.12.2023
**January- 2024**



**കേരളസഭാനവീകരണവുമായി (2022–2025) ബന്ധപ്പെട്ട്**
**തൃശ്ശൂർ അതിരൂപതയിൽ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ ഭാഗമായി നടത്തപ്പെട്ട**
**ദിവ്യകാരുണ്യപ്രദക്ഷിണം**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor